

213

A. B. S. പ്രസിദ്ധീകരണം.

3852

ഇസ്ലാമിക കഥകൾ.

കെ. ബി. അബൂബക്കർ.

വില: 1—25

ആദ്യത്തെ അച്ചടി:—

ആയിരം പ്രതികൾ.

ആയിരത്തിത്തൊള്ളായിരത്തി അമ്പത്തെട്ട്

ആഗസ്റ്റ് പത്ത്.

(അഖില അവകാശങ്ങളും ആമിനാ ബുക് സ്റ്റാളിന്നു്.)

അച്ചടി:— സരസ്വതി പ്രസ്സ്, മല്ലശ്ശേരി.

ഇസ്ലാമിക കഥകൾ.

സമ്പാദകൻ:—

കെ. ബി. അബൂബക്കർ.

ഏനാമാക്കൽ.



വില: രൂപ ഒന്നേകാൽ.

പ്രസാധകന്മാർ:—

ആമിനാ ബുക്ക് സ്റ്റാൾ,

ഏനാമാക്കൽ, തൃശ്ശൂർ, കേരളം.

"Islamika Kadhakal"

(Islamic stories—Malayalam)

By

K. B. Aboobaker.

First impression copies one thousand.

10th August 1958.

copyright to Publishers.

Price Re. 1-25.

PUBLISHERS:-

AMINA BOOK STALL, ENAMAKKAL,

(Trichur), Kerala state.

ഈ കഥകളെപ്പറ്റി.....!

പലപ്പോഴായി എഴുതിയതും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതും അല്ലാത്തതുമായ കുറെ കഥകൾ — ലേഖനങ്ങളും — പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്.

കഥാസാഹിത്യത്തിൽ നിലവിലില്ലാത്ത ഒരു വഴി ഞാൻ സ്വീകരിച്ചിട്ടുണ്ട്. അതിനുദാഹരണമാണ്, 2, 4, 6, 8, 10, 12, എന്നീകഥകൾ. കഥകൾ വായിച്ചാസ്വദിക്കുന്നവർക്ക് കഥാരൂപത്തിലുള്ള വിവരണങ്ങൾ രുചിക്കുമോ ആവോ? ഇസ്ലാം ചരിത്രത്തിലെ വിവിധ വശങ്ങൾ വായനക്കാരുടെ മുമ്പിൽ വെക്കുക, അതുമാത്രമാണെന്റെ ഉദ്ദേശം.

ചരിത്രകഥകളിൽനിന്നുംമറ്റും ശേഖരിച്ചതാകയാൽ ഒരു പക്ഷെ ഏതെങ്കിലും കഥകൾ മറെറവിടെയെങ്കിലും വായിച്ചതായോ മറെറാ വായനക്കാർക്ക് തോന്നിയേക്കാം. അതു് മനഃപൂർവ്വം ചെയ്തതല്ലെന്നു എടുത്തു പറഞ്ഞുകൊള്ളുന്നു. മലയാളത്തിലെ മഹാ അത്ഭുതമെന്നോ മറെറാ ഇപ്പുസ്തകത്തെപ്പറ്റി ഞാൻ അവകാശപ്പെട്ടുന്നില്ല.

എന്റെ പുസ്തകങ്ങൾ വാങ്ങി വായിച്ചും മറ്റും എന്നെ പ്രോത്സാഹിപ്പിക്കുന്ന വായനക്കാർക്ക് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും, അനുകൂല സാഹചര്യങ്ങളില്ലാതെ തന്നെ ഇത്രയെങ്കിലും എഴുതാൻ അനുഗ്രഹിച്ച അല്ലാഹുവിനെ സ്തോത്രം ചെയ്തുകൊണ്ടും ഈ 'ഇസ്ലാമികകഥകൾ' വായനക്കാരുടെ കരങ്ങളിലേക്കയച്ചുകൊള്ളുന്നു.

ഏനാമാക്കൽ,
15—5—1958.

സമ്പാദകൻ,
കെ. ബി. അബൂബക്കർ.

അബൂബക്കറിന്റെ കൃതികൾ

- ബദർ വിജയം
- സങ്കല്പ കുസുമങ്ങൾ
- മൊലിഞ്ഞബിയ്യി (സ)
- മുസ്ലിം നമസ്കാരക്രമങ്ങൾ
- ഉഹദ് പരാജയം
- മുസ്ലിം ദാമ്പത്യശാസ്ത്രം
- തക്കിനാവുകൾ
- സുന്നത്ത് നമസ്കാരങ്ങൾ
- അജ്ഞാതവരൻ
- ഇസ്ലാം ചരിത്രകഥകൾ
- മുല്ലമാല
- ഇസ്ലാമിക നമസ്കാരം
- ഹ: ഈസ (അ)
- പരിഷ്കരിച്ച പെണ്ണ്
- ഇസ്ലാമിക കഥകൾ
  - ഹസ്രത്ത് ഇബ്രാഹീം (അ)
  - ഹസ്രത്ത് മൂസാ (അ)

ഇസ്‌ലാമിക കഥകൾ.

		പേജ്
1.	ഹസ്രത്തു് അലി (റ) യുടെ ഘാതകൻ	9
2.	പ്രവാചക ജീവിതത്തിലെ ചില രംഗങ്ങൾ	32
3.	പാശ്ചാത്താപം	42
4.	ഹദീസ് അഥവാ പ്രവാചകചര്യ	50
5.	ദാനഫലം	56
6.	വിശുദ്ധ ഖുർആനിൽനിന്നു്	59
7.	മാതൃകാത്യാഗങ്ങൾ	64
8.	മഹത്തായ ഗ്രന്ഥം	73
9.	ശദ്ദാദിന്റെ സ്വർഗ്ഗം	88
10.	വിശ്രുതരായ മൂന്നു് കവികൾ	92
11.	ഹസ്രത്തു് ബിലാലും ഉമയ്യത്തും	96
12.	സത്യമതാന്വേഷി അഥവാ സൽമാനുൽഫാരിസി ...	99
13.	രാജ്ഞിയുടെ ഔദാര്യം	117
14.	ജനകീയ ഭരണാധികാരി	121
15.	സല്ലക്ഷ്യംകൊണ്ടു് നേടിയ രക്ഷ	124
16.	ഒരു പഴത്തിന്റെ പേരിൽ	130
17.	ഒരസാധാരണ ഭക്തൻ.	134

സമർപ്പണം.

ആയിരത്തിത്തൊള്ളായിരത്തി
അമ്പത്തേഴ് ഒക്ടോബർ 9-ാംനു-
ഇഹലോകവാസംവെടിഞ്ഞ സഹൃദയനും,
സാഹിത്യകാരനുമായ ജനാബ് മൌലവി
അബ്ദുൽഖാദർഖാരിസാഹിബിന്റെ
പാവനസ്മരണക്കായി ഈ
ഗ്രന്ഥം സമർപ്പിക്കുന്നു.

—കെ. ബി. അബൂബക്കർ.

ഹസ്രത്തു് അലി(റ)യുടെ ഘാതകൻ.

ഇസ്ലാംചരിത്രത്തിലെ മോംഹന ദശകളായിരുന്ന ഖലഫാഉർറാശിദിന്റെ ഭരണകാലം. മഹാനായ ഹ: അലിയ്യിബ്നു അബീത്താലിബു(റ) നാലാമത്തെ ഖലീഫയായി തിരഞ്ഞെടുക്കപ്പെടുകയും, പ്രശസ്തമായ നിലയിൽ അദ്ദേഹം ഭരണകാര്യങ്ങൾ കൈകാര്യംചെയ്തുവരികയുമായിരുന്നു. തന്റെ അറുപത്തിമൂന്നാമത്തെ വയസ്സിൽ ഹി: 40 റമസാൻ 19നു് ആ ധീരകേസരി ഒരു ഖവാരിജിയാൽ വധിക്കപ്പെട്ടു. അതിനുപിന്നിൽ ദയനീയമായ ഒരു പ്രേമകഥയുണ്ടു്.

ഖലീഫ അലി(റ)യമനിലെ ഗവണ്മെന്റു് ഇങ്ങിനെയെഴുതുകയുണ്ടായി. "അല്ലാഹുവിന്റെ ദാസൻ അലിയമനിലെ ഗവണ്മെന്റായ ഹബീബു്ബ്നുമുനജ്ജിബിനു എഴുതുന്നതു്: . "എന്റെ മുൻഗാമി നിങ്ങളെ നിശ്ചയിച്ചതുപോലെ ഞാനും നിങ്ങളെ യമനിലെ ഗവണ്മെന്റായി നിയമിക്കുന്നു. നിങ്ങളുടെ ഭരണത്തിൽ മയ്യാദ പാലിക്കേണമെന്നും ജനങ്ങളുടെനേരെ കാരുണ്യം കാണിക്കേണമെന്നും ഞാൻ ഓമ്മിപ്പിക്കുന്നു. ഈ എഴുത്തു് ജനങ്ങളുടെ ഇടയിൽ വിതരണംചെയ്യുകയും അവരിൽനിന്നു ബൈഅത്തു് (പ്രതിജ്ഞ) വാങ്ങുകയും ചെയ്യുക. നാട്ട

"ചന്ദ്രിക" ആഴ്ചപ്പതിപ്പിലും, "അൽബയാൻ മിഅറാജ്" വിശേഷാൽപ്രതിയിലും പ്രസിദ്ധീകരിക്കുകയുണ്ടായി.

കാരിൽ സാഹിത്യരസികരും, പ്രധാനികളുമായ പത്തു പേരെ തലസ്ഥാനത്തിലേക്കു എന്നെ കാണുവാനായി അയക്കുക.” കത്തു് ബഹുമാനപുരസ്സരം ഗവണ്ണർ സ്വീകരിക്കുകയും, ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്യുകയും ചെയ്തു. ഖലീഫയുടെ അഭിലാഷമനുസരിച്ചു് പത്തുപേർ കൂഫയിലേക്കു് പോകുവാൻ സന്നദ്ധരായി. അക്കൂട്ടത്തിൽ നിർഭാഗ്യവാനായ അബ്ദുറഹിമാനിബ്നു മുൽജമും ഉണ്ടായിരുന്നു.

ആ സംഘം ഖലീഫയുടെ സന്നിധിയിലെത്തി; അദ്ദേഹത്തെ ബൈഅത്തുചെയ്തു. കുശലപ്രശ്നങ്ങൾക്കു ശേഷം സമർത്ഥനും സാഹിത്യകാരനും കവിയുമായിരുന്ന അബ്ദുറഹിമാൻ ഖലീഫയെ വളരെയേറെപ്രശംസിച്ചു. പദ്യത്തിലും ഗദ്യത്തിലുംഉള്ള അയാളുടെ കഴിവും പ്രസംഗചാതുര്യവുംകണ്ടു് ഖലീഫ അയാളുടെപേരും ഗോത്രവും ആരാഞ്ഞു. മുറാദ്വാശജനായ അബ്ദുറഹിമാനു്ബ്നു് മുൽജം ആണെന്നു മനസിലായപ്പോൾ ഖലീഫ അയാളുടെ മുഖത്തുനോക്കി “ഇന്നാലില്ലാഹി” ചൊല്ലുകയുണ്ടായി. അതു്കേട്ടു് ആശ്ചര്യഭരിതനായ അദ്ദേഹം ചോദിച്ചു “അല്ലയോ അമീറുൽ മുഅ്മിനീൻ! അങ്ങു് എന്തുകൊണ്ടാണു് ഈ എളിയ സേവകന്റെ നേരെ വെറുപ്പുകാണിക്കുന്നതു്. അങ്ങയുടെ വിജയത്തിനായി ഞാൻ ആഗ്രഹിക്കുകയും, അങ്ങയുടെ ശത്രുക്കളോടു് പോരാടുവാൻ തയ്യാറാവുകയും അങ്ങയോടൊത്തു താമസിക്കുവാൻ അഭിലഷിക്കുകയും ചെയ്യുന്നു.” ഖലീഫ. ‘മുൽജം; ഞാനൊന്നു് ചോദിക്കട്ടെ! അതിന്റെ സത്യാവസ്ഥതുറന്നുപറയുമോ?”

മൽജം:— 'അതെ! തീച്ചയായും! അല്ലാഹുവാണെ! ഞാനങ്ങയിൽ നിന്നൊന്നും മറച്ചുവെക്കുകയില്ല.'

ഖലീഫ:— 'നിങ്ങൾ ബാലനായിരുന്നപ്പോൾ ഒരു യഹൂദ സ്ത്രീയല്ലേ നിങ്ങളെ പരിപാലിച്ചിരുന്നതു്. 'എടാ നിർഭാഗ്യവാനെ! നീ ശപിക്കപ്പെട്ടവനാണു്! നീ മുതിർന്നുകഴിഞ്ഞാൽ അതിഭയങ്കരമായ ഒരു ഹീനകൃത്യം ചെയ്യും. അതിൽനിന്നൊഴിഞ്ഞു മാറാൻ നീ ശ്രമിച്ചുകൊൾക.'' എന്നു് ആ സ്ത്രീ നിങ്ങൾ ശാഠ്യംപിടിച്ചു കരയുമ്പോൾ പറയാറില്ലേ?'

മൽജം:— 'അതു് ശരിയാണു്; അവർ ചിലപ്പോഴങ്ങിനെ പറയാറുണ്ടു്. പക്ഷെ ഞാൻ അങ്ങയെ അതിരറ്റു സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്നു.'

ഖലീഫ:— 'അതു് സത്യമായിരിക്കാം. പക്ഷെ നിങ്ങളായിരിക്കും എന്റെ ഘാതകനെന്നു ഞാൻ സംശയിക്കുന്നുണ്ടു്.''

മൽജം:— 'എങ്കിൽ അങ്ങു് എന്നെ വല്ല വിദൂര സ്ഥലത്തേക്കു് നാടുകടത്തുക'

ഖലീഫ:— 'അതൊന്നും ആവശ്യമില്ല. നിങ്ങൾ ഇവിടെ ജീവിച്ചുകൊള്ളുക! അല്ലാഹുവിന്റെ കല്പന പോലെ സംഭവിച്ചുകൊള്ളട്ടെ!'

അബ്ദുറഹിമാനുബ്നുമൽജം അവിടെ താമസമാക്കുകയും ഒരു വിശ്വസ്തസേവകനെപ്പോലെ ഖലീഫക്കാവശ്യമായ സേവനങ്ങൾചെയ്തു പോരുകയും ചെയ്തു. അദ്ദേഹത്തിന്റെ ആകൃതി ആകർഷകമായിരുന്നു. സൽസ്വഭാവവും മര്യാദയും അദ്ദേഹത്തെ ഖലീഫയുടെ സ്നേഹ

ത്തിനു പാത്രമാക്കി. അഞ്ചുവർഷം ഖലീഫയോടുകൂടി കൂഫയിൽ താമസിക്കുകയും ഖലീഫയുടെ ഉറ്റ സേവകനായിതീരുകയും ചെയ്തതു് കൂടാതെ നഹർവാൻ യുദ്ധത്തിൽ മുൽജം പ്രധാന പങ്കുവഹിക്കുകയും വിജയം കരസ്ഥമാക്കുകയുംചെയ്തു. ഈ വിജയവർത്തമാനം ഈജിപ്തുകാരെ അറിയിക്കുവാനായി അങ്ങോട്ടുപോകുവാൻ മുൽജംഖലീഫയോടനുവാദം വാങ്ങുകയും അയാളം യാത്രയാവുകയും ചെയ്തു.

* * * * * *

ഇബ്നുമുൽജമിന്റെ ഈ യാത്ര വളരെ ആഹ്ലാദകരവും ഉന്മേഷപൂരിതവുമായിരുന്നു. ബനൂതമീംഗോത്രക്കാർ തിങ്ങിവസിക്കുന്ന തെരുവിലൂടെ അദ്ദേഹം നടക്കുമ്പോൾ സൌന്ദര്യധാരണിയായ ഒരു തരുണീമണി അബ്ദുറഹിമാനുബ്നുമുൽജമിന്റെ കാഴ്ചക്കു് വിധേയയായി. പ്രഥമ വീക്ഷണത്തിൽതന്നെ അവളുടെ സൌന്ദര്യത്തിൽ അദ്ദേഹം ആകൃഷ്ടനായിതീർന്നു. മദ്ഭാഗത്തും ആശയുടെ കിരണം ആളിവീശുകയായിരുന്നു. കാണുവാൻ സുമുഖനും ആകാരസൌഷ്ഠവത്തിൽ അദ്വിതീയനുമായ ഒരപരിചിതന്റെ നോട്ടം ആ തരുണിയെ നമ്രശിരസ്സയാക്കി. അദ്ദേഹം ആരാണെന്നന്വേഷിച്ചതിൽ ഖലീഫയുടെ സന്തതസഹചാരിയും നഹർവാൻ യുദ്ധത്തിലെ വിജയേതാവും ആയ അബ്ദുറഹിമാൻ ആണെന്നു് അവൾക്കു് മനസ്സിലായി. അവളുടെ ഒരു ദൂതൻ മുഖേന "അവൾ നഹർവാൻ യുദ്ധരംഗത്തിലെ പ്രമുഖസംഭവങ്ങളെ അറിയുവാനാഗ്രഹിക്കുന്നുവെന്നും,

അതിനാൽ ദയാപൂർവ്വം അവളുടെ ആതിഥ്യം സ്വീകരിച്ചുപോകാമെന്നും" അവൾ മൽജമിനെ അറിയിച്ചു. ഈ ക്ഷണനം അയാൾക്കും പ്രിയംകരമായിരുന്നു. അയാൾ അവളുടെ ഭൃത്യനോടൊപ്പം അവളുടെ മാളികയിലേക്കു് വന്നു. മൽജമിന്റെ ആഗമനത്തെ പ്രതീക്ഷിച്ചു് അവൾ സ്വീകരണമുറി ക്രമപ്പെടുത്തിവെച്ചു. മോടിയായി വസ്ത്രപ്പകിട്ടുകളുള്ള വസ്ത്രങ്ങൾ ധരിച്ചു് ആഭരണങ്ങൾ അണിഞ്ഞു് അവൾ വരാന്തയിൽ ഉലാത്തിക്കൊണ്ടിരുന്നു. മൽജം വന്നുകയറി അറബി ആചാരപ്രകാരം അഭിവാദ്യംചെയ്തു. അവളും മാനമായ വിധത്തിൽ പ്രത്യഭിവാദ്യംചെയ്തു സ്വീകരിച്ചു് ആസനസ്ഥനാക്കി. രണ്ടുപേർക്കും എന്താണു് പറയേണ്ടതെന്നും എങ്ങിനെയാണു് തുടങ്ങേണ്ടതെന്നും പന്തിയില്ലാതായി. ചില നിമിഷങ്ങൾ അങ്ങിനെനീങ്ങി. അയാൾതന്നെ മൌനംഭഞ്ജിച്ചു.

"ഭവതീ! ഞാൻ നിങ്ങൾക്കു് നന്ദിപറയുന്നു. ഈ മനോഹരസൌധത്തെ കൂടുതൽ ആകർഷകമാക്കുന്നതു് ഭവതിയാണു്. എന്നെ ക്ഷണിച്ചുവരുത്തിയതെന്തിനാണെന്നു് മനസ്സിലായില്ല."

അവൾ:— "പ്രിയരെ! അങ്ങു് ആരാണെന്നു് അറിഞ്ഞതിനാലാണു് ഞാനിങ്ങോട്ടു് ക്ഷണിച്ചതു്. എന്റെ പേർ ഖത്താമി എന്നാണു്. കഴിഞ്ഞ സമരത്തിൽ എന്റെ ഭർത്താവും, പിതാവും സഹോദരനുമുണ്ടു്. അവരുടെ വിവരങ്ങൾ അറിയിച്ചതിനാൽ ഞാൻ അങ്ങയോടു് നന്ദിയുള്ളവളായിരിക്കും."

ഇതിനിടയിൽ അടുത്ത മുറിയിൽ ശീതളപാനീയങ്ങൾ നിരത്തിവെച്ചുകഴിഞ്ഞിരുന്നു. ഖത്താമി പാനീയങ്ങൾ കഴിക്കുവാൻ അയാളെ നിർബ്ബന്ധിച്ചു. അവർ ഇരുവരുംപോയി പാനീയങ്ങൾ കഴിച്ചു് തിരിച്ചുവന്നു. അപ്പോഴെല്ലാം മൽജം ഖത്താമിയുടെ തുടുത്ത കവിൾത്തടങ്ങളും, നീലിമയാർന്ന നയനങ്ങളും മുത്തുപോലെ വെണ്മയേറിയ ദന്തനിരകളും, മനോഹരമായ മാറ്റിടവും നോക്കി ആനന്ദിച്ചുകൊണ്ടിരുന്നു. അയാൾ പറഞ്ഞു.

"ഭവതി ഈ ഭയങ്കരമായ ഉഷ്ണസമയത്തു് എനിക്കു് നൽകിയ ശീതളമായ സൽക്കാരത്തിനു് എങ്ങിനെയാണു് നന്ദി പറയേണ്ടതെന്നു് അറിഞ്ഞുകൂടാ. യുദ്ധത്തിലെ സംഭവഗതിയെക്കുറിച്ചു് ഭവതി ആരായുന്നു. സ്ത്രീസഹജമായ ഒരു ലോലഹൃദയമുള്ള ഭവതിയെ ഞാനെങ്ങിനെയാണതറിയിക്കുക! ഭവതിയുടെ ചന്ദ്രബിംബത്തെ വെല്ലുന്ന മുഖകമലം വാടിത്തളരും. ആ നീലിമനേത്രങ്ങളിൽനിന്നു് ബാഷ്പകണങ്ങൾ അടർന്നു വീഴുന്നതു് ഞാൻ നിശ്ചേഷ്ടനായി നോക്കിനില്ക്കേണ്ടിവരും. പക്ഷെ, ഭവതിയുടെ സ്നേഹമൂലമായ അനേഷണത്തിനു് സത്യമായ സമാധാനം തരാതിരിക്കുവാനും വയ്യ. ഖത്താമീ! നിങ്ങളുടെ പിതാവും, ഭർത്താവും, സഹോദരനുമുൾപ്പെടെ നിങ്ങളുടെ ഗോത്രത്തിലെ നാല്വർ നേതാക്കന്മാർ ഹ: അലി(റ)യുടെ ഭാഗത്തുനിന്നുള്ള ഖഡ്ഗമേറ്റു് മൃത്യുവിന്നിരയായി. എന്റെ ശത്രുപക്ഷക്കാരായിരുന്ന അവരെങ്കിലും ഭവതിയോടുള്ള സ്നേ

ഹംകൊണ്ട് ഞാൻ അതിൽ പശ്ചാത്തപിക്കുന്നു. ഈ എളിയവനിൽനിന്നു് ഭവതിക്കു് എന്തെങ്കിലും സാധിക്കേണ്ടതുണ്ടെങ്കിൽ അതു് പറഞ്ഞാളൂ! ജീവൻ ബലികൊടുത്തും ഞാൻ അതു നിവൃഹിക്കാം.”

മൽജം ഇതുയും പറഞ്ഞുകഴിയുന്നതിനുമുമ്പതന്നെ ഖത്താമി ബോധരഹിതയായി വീണുകഴിഞ്ഞിരുന്നു. ഭൃത്യജനങ്ങൾ അവൾക്കുവേണ്ട ശുശ്രൂഷകൾ ചെയ്തുകൊണ്ടിരുന്നു. മൽജം അവരെ സഹായിച്ചുകൊണ്ടിരുന്നു. കുറച്ചു് സമയത്തിനകം അവൾക്കു് സ്വബോധമുണ്ടായി. അവൾ പലതും പുലമ്പിക്കൊണ്ടിരുന്നു. ഭർത്താവിനെക്കുറിച്ചും പിതാവിനെപ്പറ്റിയും പറഞ്ഞു് കേണുകൊണ്ടിരുന്നു. മൽജം അവളുടെ ദുഃഖത്തിൽ വ്യസനിക്കുകയും പല സാന്ത്വനവാക്കുകളാലും അവളെ സമാധാനിപ്പിക്കുകയുംചെയ്തു. അല്പസമയം കഴിഞ്ഞു് ഖത്താമി എഴുന്നേറ്റു് മൽജമിനെ സമീപിച്ചു. അയാൾ അല്പം ഒന്നു മയങ്ങിപ്പോയിരുന്നു. അവൾ ഉറക്കെ ഇങ്ങിനെ പറഞ്ഞുതുടങ്ങി. “അല്ലാഹുവേ! എന്റെ ഭാവിയെ നിയന്ത്രിക്കുവാൻ എനിക്കിനി ആരാണുള്ളതു്?” എന്റെനേരെ ഉദാരമായ സഹായഹസ്തം നീട്ടുവാൻ ആരേയും കാണുന്നില്ല. എനിക്കു് നേരിട്ട അപരിഹാര്യമായ ഈ പതനത്തിനു് പ്രതികാരം ചോദിക്കുവാൻ ആരെങ്കിലും തയ്യാറായാൽ ആ ധീരനുള്ളതാണു് എന്റെ ശരീരവും, സൌന്ദര്യവും സമ്പത്തുക്കളും! എന്നെ സഹായിക്കുവാൻ ആരാണു് സന്നദ്ധരാവുക! ഈ സൌന്ദര്യമധു നുകരുവാൻ ആഗ്രഹമുള്ള പുമ്പാറ

ആരായിരിക്കും?" ഈ വാക്കുകൾ കേട്ടാണു് മുൻജം നിദ്രാവിമുക്തനായതു്. അയാൾ അവളെ വീക്ഷിച്ചു. ക്ഷോഭിച്ചിളകിയതിൽ അവളുടെ സൌന്ദര്യത്തിനും് മാറ്റുകൂടിയതായി അയാൾക്കു് തോന്നി. അയാൾ അവളെ സമാശ്വസിപ്പിച്ചു.

"എന്റെ പ്രിയപ്പെട്ട ഖത്താമി! സമാധാനിക്കു! നിന്റെ അഭീഷ്ടങ്ങൾ നിർവ്വഹിക്കുമെന്നു് വിശ്വസിക്കുക." ഇതുകേട്ടു് അവൾ അല്പം ആശ്വസിക്കുകയും അവളുടെ ആശകൾ സഫലീകൃതങ്ങളാകുമെന്നു് ധരിച്ചു് അവളുടെ മാറിടം നഗ്നമാക്കിക്കൊണ്ടു് അയാളുടെ മുമ്പിൽ നില്ക്കുകയും ചെയ്തു. ഇതുമായപ്പോഴേക്കും മുൽജം വികാരാവേശത്തിനധീനനാവുകയും അവളുടെ കൈപിടിച്ചുരുകത്തിരുത്തി അഴകേറിയ അളകങ്ങൾ തലോടിക്കൊണ്ടു് ഇങ്ങിനെ പറഞ്ഞുതുടങ്ങുകയുംചെയ്തു. "നീ സജിയ്യത്തിന്റെ പുത്രി ഖത്താമിയാണു്. നിന്നെ വിവാഹംചെയ്യുന്നതിനുമുമ്പു് ഞാൻ പലപ്പോഴും നിന്റെ പിതാവിനോടാവശ്യപ്പെട്ടിട്ടുണ്ടു്. എന്തുചെയ്യാം, അല്ലാഹുവിന്റെ വിധി അതിനെതിരായിരുന്നു. ഇപ്പോഴാകട്ടെ നിങ്ങളുടെ ഭർത്താവും പിതാവും മരണപ്പെട്ടുകഴിഞ്ഞു. ആ വിഷയത്തിൽ ഭവതിയെന്താണിനി ആഗ്രഹിക്കുന്നതു്?"

ഖത്താമി:— "അങ്ങു് അതിനാഗ്രഹിക്കുന്നുവെങ്കിൽ ഞാനതിനു് തയ്യാറാണു്. പക്ഷെ, അതിനു് മൂന്നു് നിബന്ധനകളുണ്ടു്. നിങ്ങളുടെ സാന്നിദ്ധ്യത്തിൽവെച്ചു് തന്നെ ഞാൻ എന്റെ ദേഹത്തോടു് പ്രതി

ഇഞ്ചെയ്തതാണ്. ആ നിയമങ്ങൾ. അതു് നിവ്വഹിക്കുന്നവക്കു് മാത്രമേ എന്റെ സൌന്ദര്യം ആസ്വദിക്കുവാൻ സാധിക്കുകയുള്ളൂ.'

ഇബ്നുമുൽജം:— 'പ്രിയേ! ഈ സൌന്ദര്യത്തെ ഉറപ്പിച്ചുറപ്പിച്ചു കൂടിക്കുവാനായി എന്തുതന്നെ ചെയ്യുവാനും ഞാൻ സന്നദ്ധനാണു്; ഭവതി വ്യക്തമാക്കിയാലും!'

ഖത്താമി:— 'രണ്ടുസംഗതികൾ വളരെ നിസ്സാരമാണു്. ഒരു കാര്യം ഗൌരവമുള്ളതും പ്രയാസകരവുമാണു്!'

ഇബ്നുമുൽജം:— 'അതെ! എന്തുതന്നെയായിരുന്നാലും ഭവതി മടിക്കാതെ പറഞ്ഞോളൂ! ഞാൻ ജീവനെ ആഹുതിചെയ്യും അതു് നിവ്വഹിക്കുന്നതാണു്!'

ഖത്താമി:— 'അതു് പരമാർത്ഥമാണു്. അങ്ങു് ധീരനും തന്ത്രജ്ഞനുമാണെന്നു് ഞാൻ കേട്ടിട്ടുണ്ടു്. പോരെങ്കിൽ അങ്ങയുടെ ധീരപരാക്രമങ്ങളാണു് നഹർവാനിൽ കാട്ടിക്കൂട്ടിയ പോരക്കളിയെന്നും ഞാൻ അറിഞ്ഞിട്ടുണ്ടു്.'

ഇബ്നുമുൽജം:— 'ഞാൻ ഒരു സംഗതി തീരുമാനിച്ചുകഴിഞ്ഞാൽ അതു് നിവ്വഹിച്ചേ വിശ്രമിക്കുകയുള്ളൂ. ആ ധീരമായ ഗുണമാണു് ഖലീഫയ്ക്കു് എന്നോടു് സ്നേഹബഹുമാനങ്ങൾ ഉണ്ടാക്കിയതു്.'

ഖത്താമി:— 'എന്നെ വിവാഹം ചെയ്യുവാനാഗ്രഹിക്കുന്നവർ ആയിരം ഭാസന്മാരെയും ആയിരം ഭാസിമാരെയും ആയിരം സ്വർണ്ണനാണയങ്ങളും എനിക്കു് തരണം! മുഖ്യമായ സംഗതി വേറെയും!'

ഇബ്നുമുൽജം— 'ഭവതീ! ഇതുവളരെ നിസ്സാരമാണു്. ഭവതി ആവശ്യപ്പെട്ടമ്പോൾ ഇവകളും തരാൻ ഞാൻ സന്നദ്ധനാണു്. മൂന്നാമത്തേതും പറഞ്ഞോളൂ.'

ഖത്താമി:— 'ഇനീയത്തേതു് നിസ്സീമമാണു്. ക്ഷമിക്കൂ! ഞാൻ പറയാം.'

അവൾ അകത്തേക്കുപോയി. അധികം താമസിയാതെ തിരിച്ചുവന്നു. അവൾ വിലപിടിച്ച വസ്ത്രങ്ങളാണു് അപ്പോൾ ധരിച്ചിരുന്നതു്. ആഭരണങ്ങളും ആവശ്യത്തിലധികം അണിഞ്ഞിരുന്നു. മാണിക്യം, മുത്തു്, മുതലായ ആ പതിച്ചു് പ്രശോഭിച്ചിരുന്ന പല മാലകളും അവളുടെ മാറിടത്തിൽ മിന്നിത്തിളങ്ങി. വണ്ടിറകിന്റെ നിറമാണ്ട മുടിയിഴകളും ഇളം തെന്നലിൽ പാറിക്കളിച്ചിരുന്നു. ലോലമായ കവിൾത്തടം പുഞ്ചിരിയാൽ മൊഞ്ചേറിയതായിരുന്നു. ചെമ്പകപ്പൂവിന്റെ നിറമാണ്ട ചുണ്ടുകളും ചുംബനത്തിനു വിടരുന്നപോലെ ഇബ്നുമുൽമിനു തോന്നി. അവളുടെ അഴകു് മുഴുവനും തന്നെ അത്തരുണത്തിൽ നിരത്തിക്കാണിക്കേണമെന്നു് അവളും അഭിലഷിച്ചിരുന്നു. അവൾ പറഞ്ഞുതുടങ്ങി 'ഈ കാണുന്നതെല്ലാം അങ്ങയ്ക്കുള്ളതാണു്! പക്ഷെ ആ ഒരു കാര്യം നിവൃത്തിക്കുക എന്നതു് അതിന്റെ ഫർളാ (നിബ്ബന്ധമാ)ണു്.'

ഇബ്നുമുൽജം അവളുടെ സൌന്ദര്യത്തിൽ മയങ്ങി ഇരിക്കുകയായിരുന്നു. അയാൾ പറഞ്ഞു 'ഖത്താമി! നീ ഒരു മനുഷ്യസ്ത്രീയല്ല! സ്വർഗ്ഗലോകത്തുനിന്നു വന്ന ഒരു ഹൂറിയാണു്. നിന്റെ ഭർത്തൃപദം കൈവരി

ക്കുവാൻവേണ്ടി എന്തു സാഹസത്തിനും ഞാൻ തയ്യാറാണ്.' ഖത്താമിക്കു് ഉറപ്പായിക്കഴിഞ്ഞു; അയാൾ അവൾക്കധീനനായിക്കഴിഞ്ഞുവെന്നു്! ഇനി അവൾ പറയുന്നതപ്പടി അയാൾ സ്വീകരിക്കുമെന്നു് അവൾക്കുറപ്പായി. അവൾ ശരംകൊട്ടുത്തുവിട്ടവാൻ പോകയാണു്. അവൾ ഇബ്നുമുൽജമിനെ ഗാഢമായൊന്നു് പുണർന്നു. അയാൾ അവളുടെ അരുണാഭയാർന്ന ചുണ്ടുകളിൽ തെരുതെരെ ചുംബനങ്ങളർപ്പിച്ചു. അവൾ കേണപേക്ഷിക്കുകയാണു് 'പ്രാണനാഥാ! അങ്ങു് ആസ്വദിക്കുവാൻ ആഗ്രഹിക്കുന്ന മധു ലഭിക്കുവാനുള്ള മാർഗ്ഗം ഞാൻ ഉടനെ പറയുന്നു. അതു് മറ്റൊന്നുമല്ല. ഞാൻ ഒരു വാൾ തരുന്നുണ്ടു്. അതുകൊണ്ടു് ഖലീഫ അലി (റ)യെ വധിക്കണം അതുമാത്രമാണതു്.'

അതുശ്രവിച്ചു് ഇബ്നുമുൽജം ഒന്നുഞെട്ടുകതന്നെ ചെയ്തു. അയാൾക്കു് കോപവും താപവും മാറി മാറി വന്നു. അതുവരെ സന്തോഷസാഗരത്തിൽ സഞ്ചരിച്ചിരുന്ന അയാളെ ഈ ശബ്ദം ഭയചകിതനാക്കി. അയാൾ വിയർത്തുതുടങ്ങി. അയാളുടെ അഭിലാഷങ്ങളുടെ ക്ലമ്പടഞ്ഞതായി അയാൾക്കു് തോന്നി. അയാൾ കോപസ്വരത്തിൽ അലറി 'എടീ! ശപിക്കപ്പെട്ടവളെ! മനുഷ്യരാലെന്നുവേണ്ട മൃഗങ്ങൾക്കുപോലും മനസ്സുവരാത്ത ഒരു സംഗതിയാണൊ നീ നിന്റെ കാമുകനോടു് കല്പിക്കുന്നതു്? ഇതേതു് വ്യക്തിയെക്കൊണ്ടാണു് സാദ്ധ്യമാകുക?' ഇബ്നുമുൽജം കുറെ സമയം ചിന്താധീനനായി നമ്രശിരസ്കനായിരുന്നു. മുൽജം തുടർന്നു: 'എ

ന്റെ സ്നേഹഭാജനമായ ഖത്താമി! ഹ: അമീറുൽ മുഅ്മിനീൻ അലി (റ) ആരാണെന്നു നിനക്കറിയാമോ? അദ്ദേഹം എന്താവശ്യപ്പെട്ടാലും അതിനു് അല്ലാഹു തൽക്ഷണം ഉത്തരം നല്കുന്നതാണു്. മലക്കുകൾപോലും സഹായത്തിനു് തയ്യാറായിരിക്കുന്ന ആ ഉന്നതവ്യക്തിയെ ആക്രമിക്കുവാൻ സാധിക്കുക? അദ്ദേഹം എന്നെ ആത്മാർത്ഥമായി സ്നേഹിക്കുകയും ഉന്നതബുദ്ധിമതികൾപോലും നല്ലി സഹായിച്ചിരിക്കുകയുംചെയ്തിരിക്കുന്നു. എന്റെ ഖത്താമി! നിനക്കുവേണ്ടി മറ്റാരെ വേണമെങ്കിലും ഞാൻ വധിക്കാം. പക്ഷെ, ഹ: അലി (റ)യെക്കുറിച്ചു് നീ വിസ്മരിക്കുക; അതെന്റെ എളിയ അപേക്ഷയാണു്!

ഖത്താമി അയാളുടെ കൈകടന്നു് പിടിച്ചു. "അകത്തേക്കു് വരിക" എന്നുപറഞ്ഞു് അയാളെ അകത്തുള്ള ഒരു പ്രത്യേകമുറിയിലേക്കു് കൊണ്ടുപോയി. ആ മുറി നിറയെ സ്വർണ്ണം നിറച്ച പെട്ടികളും, രത്നപ്പെട്ടികളും ആഭരണപ്പെട്ടികളും ആയിരുന്നു. അവയെ ചൂണ്ടിക്കൊണ്ടു് ഖത്താമി പറഞ്ഞുതുടങ്ങി. "ഇതാ നോക്കൂ! ഈ കാണുന്ന ഖജാനകൾ എല്ലാം അങ്ങുക്കുള്ളതാണു്. ഇവകളും ഈ സൗന്ദര്യവും അനുഭവിയ്ക്കാനുള്ള ഭാഗ്യം അങ്ങയ്ക്കില്ലേ? അങ്ങു് ഒരു ഭീരുവാണെന്നു് എനിക്കു് മനസ്സിലായി. ഹ: അലി (റ)യെ വധിക്കുവാൻ അങ്ങെന്തിനു് ഭയപ്പെടുന്നു? മുസ്ലീമീങ്ങളും ഭക്തരുമായ സാധുജനങ്ങളെ കൂട്ടക്കൊല നടത്തുകയും, സത്യമില്ലാതെ വിധിക്കുകയും, വിധി

അവകാശം മനുഷ്യർക്കുണ്ടെന്നു വാദിക്കുകയുംചെയ്യുന്ന ഹ: അലി (റ)യെ വധിക്കുന്നവക്കല്ലെ സ്വർഗ്ഗീയജീവിതം ലഭ്യമാകുക? ആ ഭാഗ്യത്തിനു് അഹ്നും ശക്തനും നിങ്ങൾതന്നെയാണെന്നു് എനിക്കറിയാം. പക്ഷെ, ഹ: അലി(റ)യുമായി നേരിട്ടു് പൊരുതി ജയിക്കുവാൻ മനുഷ്യർക്കു് സാദ്ധ്യമല്ല. ഹ: അലി (റ)യെ വധിക്കുവാനുള്ള എളുപ്പവഴി ഞാൻ നിർദ്ദേശിച്ചുതരാം. അതു് പ്രകാരം അങ്ങു് പ്രവൃത്തിച്ചാൽ ലൌകികവും പാരത്രീകവുമായ സൌഭാഗ്യങ്ങൾക്കു് അങ്ങു് വിധേയനാകും.''

അവൾ മിന്നിത്തിളങ്ങുന്ന ഒരു വാൾ അകത്തുനിന്നു് കൊണ്ടുവന്നു. അതു് ഇബ്നുമുൽജമിന്റെനേരെ നീട്ടിക്കൊണ്ടു് അവൾ തുടർന്നു: ''പ്രിയ നാഥാ! അങ്ങു് ഈ ഖഡ്ഗം പിടിക്കുക! നാല്പതുതവണ കാഠിന്യമേറിയ വിഷത്തിൽ ഉരുട്ടി അടിച്ചുതാണു് ഈ ആയുധം! ഈ വാൾകൊണ്ടല്ലാതെ ഹ: അലി (റ)യെ വധിക്കുവാൻ സാദ്ധ്യമല്ല. ഹ: അലി (റ) നമസ്കാരത്തിൽ പ്രവേശിച്ചുകഴിഞ്ഞാൽ അങ്ങു് ഈ വാൾകൊണ്ടു് വെട്ടണം! അതിൽനിന്നു് ഹ: അലി (റ) രക്ഷപ്പെടുകയില്ല. ഉടനെത്തന്നെ അങ്ങു് എന്റെ സമീപമെത്തണം! പിന്നീടുള്ള ജീവിതം! അതു് സ്വർഗ്ഗീയജീവിതംപോലെയാണു്! ഈ സൌന്ദര്യം അങ്ങയ്ക്കുള്ളതാണു്. അഥവാ വിധിവൈപരീത്യത്താൽ അങ്ങക്കു് രക്ഷപ്രാപിക്കുവാൻ സാദ്ധ്യമല്ലാതെ വന്നാൽ, സൌന്ദര്യദേവതകളായ സ്വർഗ്ഗീയവനിതകളുമായി അങ്ങയ്ക്കു് സച്ചന്ദം ജീവിക്കാം.''

ഇബ്നുമുൽജം വികാരവിഹീനനായി, നിരുന്മേഷനായി ഇരിക്കുകയായിരുന്നു. ഖത്താമി ആംഗ്യത്തിലും സ്വരത്തിലും വളരെ ശ്രദ്ധിച്ചും വശീകരിക്കാനുള്ള കഴിവുകൊണ്ടും പ്രയോഗിച്ചും ആണു് സംസാരിച്ചിരുന്നതു്. അവളുടെ വലയിൽ ആ സാധു കുടുങ്ങിക്കഴിഞ്ഞു. അയാൾ കോപിഷ്ഠനായി ഇറങ്ങിനടക്കാനൊരുങ്ങി. ഖത്താമി അതു മനസ്സിലാക്കി അയാളെ അണച്ചുപൂട്ടി ആലിംഗനംചെയ്തു. കരളലിയിക്കുന്ന വാക്കുകളിലുള്ള ചില കവിതാശകലങ്ങൾ അവൾ ഹൃദ്യമായ നിലയിൽ പാടിക്കേൾപ്പിച്ചു. ഇബ്നുമുൽജമിനെ പ്രശംസിക്കുക, റ: അലി (റ) യുടെ ഘാതകനായിത്തീർന്നാലുണ്ടാകുന്ന ഗുണങ്ങൾ വിവരിക്കുക, ഇതായിരുന്നു ആ കവിതയിലെ ഉള്ളടക്കം. ഈ രംഗത്തോടെ ഇബ്നുമുൽജമിനു ഒരു ഭാവഭേദമുണ്ടായി. അയാളിൽ ഒരു മൃഗീയവികാരം ഉടലെടുത്തു. വികാരാവേശംകൊണ്ടു് തുള്ളിച്ചാടിയിരുന്ന അയാൾ ഒരു ഭ്രാന്തനെപ്പോലെ കാണപ്പെട്ടു. അയാൾ സ്വദേഹത്തോടായി പ്രതിജ്ഞ ചെയ്തുതുടങ്ങി. "എന്റെ ദേഹമെ! നീ ഭീരുവായിത്തീരരുതു്. നീ റ: അലി(റ)യെ വധിച്ചു് ഖത്താമിയുടെ ഭർത്താവായിത്തീരണം! അതിനു സാധിക്കാതെവന്നാൽ സ്വർഗ്ഗീയ സുഖങ്ങൾ നിന്നെ പ്രതീക്ഷിച്ചിരിക്കുന്നുണ്ടു്. അതിനു നീ അർഹനാകണം." അതിനെത്തുടർന്നു് അർത്ഥഗാംഭീര്യമേറിയ ഗാനങ്ങൾ ആ കവിയിൽനിന്നു് കേട്ടുകൊണ്ടിരുന്നു. അയാൾ ചില നിമിഷങ്ങൾക്കുമുമ്പു് ഖലീഫയെ എതുകണ്ടു് സ്നേഹിച്ചിരുന്നുവോ അതിന്റെ പ

തിന്മടങ്ങു് വെറുപ്പും വിദ്വേഷവുമാണു് അയാൾക്കി പ്പോൾ ഖലീഫയോടുള്ളതു്. അയാൾ കഴിയുന്നവേഗം ഹ: അലി (റ)യെ വധിച്ചു് പ്രേമസായൂജ്യം നേടുമെന്നു് പ്രേയസിയോടു് പ്രതിജ്ഞ ചെയ്തു് അവിടെ നിന്നു് പോന്നു.

** ** **

ഈ അവസരത്തിലാണു് യമനിലുണ്ടായിരുന്ന ത ന്റെ സഹോദരന്റെ മരണവൃത്താന്തം ഇബ്നുമുൽജം അറിഞ്ഞതു്. അയാൾ സഹോദരന്റെ ധനം കൈവ ശമാക്കുവാനായി അങ്ങോട്ടുപോയി. യാത്രാമദ്ധ്യേ ഒരു സംഘം അക്രമികൾ അയാളെവളഞ്ഞു. അയാൾ ആത്മരക്ഷക്കായി കാടി ഒരു ഗൃഹത്തിൽ അഭയംതേടി. ആ വീട്ടുകാർ ഇബ്നുമുൽജമിനു് ഭക്ഷണം നല്കിയശേ ഷം എവിടെ പോകുകയാണെന്നും മറ്റും അന്വേഷി ച്ചു. അയാളുടെ മറുപടിയിൽനിന്നും അയാൾ ഹ: അ ലി (റ)യുടെ അനുയായിയാണെന്നു് ആ വീട്ടുകാർ ധരി ക്കുകയും ഇബ്നുമുൽജമിനെ രഹസ്യമായി വധിക്കാൻ പരിപാടി തയ്യാറാക്കുകയും ചെയ്തു. തന്ത്രജ്ഞനായ ഇബ്നുമുൽജം ആ വിവരം മനസ്സിലാക്കുകയും അവരുടെ നായയോടായിട്ടെന്നപോലെ താൻ ഹ: അലി (റ)യുടെ വിരോധിയാണെന്നു് പറയുകയുംചെയ്ത പ്പോൾ ആ വീട്ടുകാരിലൊരാൾ പറഞ്ഞു "സഹോദരാ! ഞങ്ങൾതാങ്കളെ സല്ക്കരിച്ചുവെങ്കിലും അലിയുടെ കക്ഷി യാണെന്നു തെറ്റിദ്ധരിച്ചു് താങ്കളെ വധിക്കുവാൻ ഒരു ങ്ങുകയായിരുന്നു. താങ്കൾ ഹ: അലി (റ) യുടെ ശത്രു

വാണെന്നറിഞ്ഞതിൽ സന്തോഷമുണ്ടു്. ഹ: അലി (റ) ഞങ്ങളുടെ സഹോദരന്മാരെയും പിതൃവ്യന്മാരെയും വധിച്ചുകളഞ്ഞു.' ഇതുകേട്ടപ്പോൾ ഇബ്നുമുൽജം അവരോടു് പറഞ്ഞു: 'സഹോദരങ്ങളെ! നിങ്ങൾ ഇതുയും പറഞ്ഞു നിലയ്ക്കു് എന്റെ രഹസ്യവും ഞാൻ നിങ്ങളെ കേൾപ്പിക്കാം. ഞാൻ കുറച്ചു മുമ്പുവരെയും ഹ: അലി (റ)യുടെ അനുഭാവിയും സുഹൃത്തുമായിരുന്നു. ഞാനിപ്പോൾ ഹ: അലി (റ) യെ വധിക്കുവാനായി നിശ്ചയിച്ചുറപ്പിച്ചിരിക്കുകയാണു്. ഖത്താമി എന്ന സുന്ദരിയെ നിങ്ങൾ കേട്ടിരിക്കുമല്ലോ. ഞാൻ ആ മഹതിയെ അവിചാരിതമായി കണ്ടുമുട്ടുകയും അവളിൽ അനുരക്തനാവുകയും അവളുടെ അഭീഷ്ടാനുസരണം ഹ: അലി (റ) യെ വധിക്കുമെന്നു് ശപഥം ചെയ്യുകയും ചെയ്തിരിക്കുകയാണു്.'

ബക്കുബ്നു അബ്ദുല്ലയും, ഉമർബ്നു അബ്ദുല്ലയും ആണു് ആ വീട്ടിലുണ്ടായിരുന്നവർ. അവരാകട്ടെ ഹ: അലി (റ) യെയും ഹ: മുആവിയ(റ) യെയും, ഹ: അംറുബ്നു ആസി (റ) യെയും വധിച്ചു ലോകത്തു് സമാധാനം കൈവരുത്തുവാൻ നിശ്ചയിച്ചുറച്ചിരുന്നവരാണു്. ഇബ്നുമുൽജമിന്റെ തീരുമാനമറിഞ്ഞപ്പോൾ അവർ സന്തോഷിച്ചു. അവർ തങ്ങളുടെ തീരുമാനം ഇബ്നുമുൽജമിനെ അറിയിച്ചു. ഹ: അലി (റ) യെ വധിക്കാനുള്ള ഭാരം ഇബ്നുമുൽജം ഏറ്റെടുത്തതിൽ അയാളെ പ്രശംസിക്കുകയും അടുത്ത റമളാൻ 19നു് മുമ്പായി ഈ മൂവരേയും വധിക്കേണമെന്നു് ഏകകണ്ഠ

മായി തീരുമാനിക്കുകയും ചെയ്തു. അവർ മൂന്നുപേരും കൂടെ കഅബയിൽ വന്നു് ഈ പ്രതിജ്ഞ പുതുക്കുകയുണ്ടായി.

ഇബ്നുമുൽജം ഖത്താമിയുടെ മാളികയെ ലക്ഷ്യമാക്കി നടന്നു. അവൾ അയാളെ സന്തോഷപൂർവ്വം സ്വീകരിച്ചു; സഹജമായ പുഞ്ചിരിയോടെ! ആ പൂനിലാവു് പോലുള്ള പുഞ്ചിരി, പ്രകാശം തുളുമ്പുന്ന നയനങ്ങൾ, പല്ലവ സദൃശമായ കരങ്ങൾ, ആ പവിഴാധരങ്ങൾ, ആകർഷകമായ ആകാരം അതെല്ലാം ഇബ്നുമുൽജമിനെ കോൾമയിർകൊള്ളിച്ചു. അവരന്യോന്യം പലതവണ ആലിംഗനംചെയ്തു. ഇബ്നുമുൽജം തന്റെ ഭോഗാസക്തി ശമിപ്പിക്കുവാനായി ഒരുങ്ങിയെങ്കിലും അവളതിനു് അനുവദിച്ചില്ല. അതെല്ലാം വധത്തിനു ശേഷമാകാമെന്നു അവൾ വിലക്കി. ഇബ്നുമുൽജം ദൃഢസ്വരത്തിൽ പറഞ്ഞു 'ഖത്താമി! ഇന്നുരാത്രി നിനക്കു വേണ്ടി ഞാൻ ഹ: അലി (റ) യെ വധിക്കും! സംശയിക്കേണ്ട.' ഇബ്നുമുൽജം തനിക്കു് ഖത്താമിനല്കിയ വാൾ എടുത്തുപരിശോധിച്ചു. അതു് ഒരിക്കൽകൂടി നഞ്ഞിൽ മുക്കേണമെന്നു് ഖത്താമി പറഞ്ഞു. അതാവശ്യമില്ലെന്നു് ഇബ്നുമുൽജംപറഞ്ഞപ്പോൾ അവൾ ഉപദേശിക്കുകയാണു് 'നാഥാ! അങ്ങു് തെറ്റിദ്ധരിക്കരുതു്! ഒരു സാധാരണയോദ്ധാവല്ല ഹ: അലി(റ). സിംഹങ്ങളെപ്പോലും ജയിക്കാവുന്ന കരങ്ങളാണു് ഹ: അലി (റ)യുടേതു്. വളരെ ശക്തിയിൽ സ്പ്രിങ്ങുപോലെ അദ്ദേഹം

ചീറിഉയർന്നു! വയസ്സ് തലയിലും താടിയിലും വെള്ളിക്കമ്പികൾ അണിയിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിന്റെ ആരോഗ്യത്തിനും സാമർത്ഥ്യത്തിനും ഉടവുതട്ടിയിട്ടില്ല. നിങ്ങൾ കേട്ടിട്ടില്ലേ, ജമലിലും, സിഫീനിലും, നഹർവാനിലും അദ്ദേഹം കാട്ടിക്കൂട്ടിയ പരാക്രമങ്ങൾ! ഞാനദ്ദേഹത്തെ പ്രശംസിക്കുകയല്ല; നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി ഓർമ്മിപ്പിക്കുകയാണ്."

ഇബ്നുമുൽജം:— 'ഖത്താമി! നിന്റെ സംസാരം മതിയാക്കൂ! ഇന്ന് രാത്രി ഞാൻ അദ്ദേഹത്തെ വധിക്കും! അസ്റാഇൗൻ ആണ് ഹ: അലി (റ) യെങ്കിലും ഞാൻ അദ്ദേഹത്തെ വധിക്കുകതന്നെ ചെയ്യും!'

* * * * * *

ഹ: അലി (റ) യുടെ ഓമനപുത്രി ഉമ്മുകുൽസും (റ)പിതാവിന്ന് ഭക്ഷണങ്ങൾ കൊണ്ടുവന്നുവെച്ചു. നമസ്കാരത്തിൽനിന്ന് വിരമിച്ച ഉടനെ ഖലീഫ ഭക്ഷണത്തിന്നരികിൽവന്നു. പാത്രങ്ങളിൽ നോക്കി ഖലീഫ പുത്രിയോട് പറഞ്ഞു 'മകളെ! ഇന്നെന്താണ് ഒരു പാത്രത്തിൽ രണ്ടുതരം കറികൾ എനിക്ക് കൊണ്ടുവന്നിരിക്കുന്നത്? അല്ലാഹുവിന്റെ സന്നിധാനത്തിൽ എന്റെ വിചാരണ നീട്ടിക്കൊണ്ടുപോകാൻ നിങ്ങളാഗ്രഹിക്കുന്നുണ്ടോ.? പ്രിയ പുത്രി! നിങ്ങൾക്കറിയാമല്ലൊ ഈ ഏളിയവൻ വിശുദ്ധ നബിതിരുമേനിയെ അനുഗമിക്കുന്നവനാണെന്ന്. അവിടന്ന് ഒരിക്കലും മേന്മയേറിയ ഭക്ഷണപാനീയങ്ങളും വിശേഷപ്പെട്ട വസ്ത്രങ്ങളും ഉപയോഗിച്ചിരുന്നില്ല.' അലി (റ) പിന്നെയും മകളെ വളരെ

യധികം ഉപദേശിച്ചശേഷം ഒരു റൊട്ടിമാത്രം ഭക്ഷിച്ചു. വീണ്ടും നമസ്കരിക്കുവാനായിനിന്നു. രാത്രിയുടെ കുറെ ഭാഗങ്ങൾ കഴിയുവോളം ആ പ്രാർത്ഥന നീണ്ടുനിന്നു. തുടർന്നു് അദ്ദേഹം നിദ്രക്കധീനനായി. ഇരുന്നുകൊണ്ടുള്ള ആ ഉറക്കത്തിൽ അദ്ദേഹം നബിതിരുമേനി (സ) യെ സ്വപ്നത്തിൽ ദർശിച്ചു.

ഇബ്നുമുൽജം ആ രാത്രിയിൽ ഖത്താമിയുടെ ഗൃഹത്തിലാണു്. സുഖദുഃഖങ്ങളുടെ മദ്ധ്യത്തിൽ സവാരി നടത്തുകയാണദ്ദേഹം! നിദ്ര അയാളെ സമീപിക്കുന്നില്ല. രാത്രിയുടെ പകുതി കഴിഞ്ഞപ്പോൾ ഒരു മന്ദത അയാളെ ബാധിച്ചു. കുറെ സമയത്തിനകം ഖലീഫയുടെ ബാങ്കുവിളി പരിസരങ്ങളിൽ മുഖരിതമായി. ആളുകളെല്ലാം ഉണർന്നു പള്ളിയിലേക്കു് യാത്രയായിത്തുടങ്ങി. എന്നിട്ടും ഇബ്നുമുൽജം മാത്രം ഉണർന്നുകഴിഞ്ഞിട്ടില്ല. ഒരു ശീതക്കാറ്റിന്റെ കുളിർമ്മതയേറ്റു് അയാൾ ക്ഷീണിച്ചുറങ്ങിപ്പോയിരുന്നു. സമയംപാഴാക്കാതെ ഖത്താമി അയാളെ വിളിച്ചുണർത്തി ആലിംഗനങ്ങളർപ്പിച്ചുകൊണ്ടു പറഞ്ഞു, 'പ്രിയ സഹോദരാ! അങ്ങയുടെ ഭാഗ്യസൂര്യൻ ഉദയംചെയ്യാനാരംഭിച്ചുകഴിഞ്ഞു. ആ അരുണിമകിരണങ്ങളിൽ അങ്ങു് ആനന്ദിക്കുന്നില്ലേ? ഖലീഫ ബാങ്കുവിളിച്ചുകഴിഞ്ഞതു് അങ്ങു് ശ്രവിച്ചില്ലെ? ഇപ്പോഴദ്ദേഹം നമസ്കാരത്തിൽ നിരതനായിരിക്കും. ഈ സമയം നഷ്ടമായാൽ ഇനി അതു് തിരിച്ചുവരികയില്ല. സുജൂദിലൊരുക്കുഇലൊവെച്ചു് ഞാൻതന്ന ആയുധം പ്രയോഗിക്കുക. ഞാൻ അങ്ങയുടെ ആഗമനത്തെ പ്രതീക്ഷിച്ചിരിക്കും!

എന്റെ മാറിൽ മണംകൊള്ളുവാൻ അങ്ങയ്ക്കു് ഭാഗ്യമുണ്ടായെങ്കിൽ ഞാൻ ഭാഗ്യവതിയായി. അങ്ങയുടെ പ്രാപ്തിയെ ആശ്രയിച്ചാണു് എന്റെ ആഗ്രഹം നിലകൊള്ളുന്നതു്.'

ഇത്രയും പറഞ്ഞുതീർന്നശേഷം അയാൾ ഇബ്നുമുൽജമിനെ അവസാനമായൊന്നു് ആവേശപൂർവ്വം ചുംബിച്ചു അയാളെ പ്രോത്സാഹിപ്പിക്കത്തക്ക നിലയിൽ അവൾ ഗാനങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. ഇബ്നുമുൽജം യാത്രപറഞ്ഞു് പള്ളിയിലേക്കുപോയി.

ഖലീഫ അലി (റ) ബാങ്കുവിളിച്ചശേഷം പതിവുപ്രകാരം 'ടിക്കു്റു്'കളും 'സലാത്തു്'കളും ചൊല്ലി കുറെ സമയം കഴിച്ചുകൂട്ടി. അതിനിടയിൽ ഇബ്നുമുൽജം മറെറാരുവാതിലിലൂടെ പ്രവേശിച്ചു മിഹ്റാബിന്നിടയിൽ മറഞ്ഞിരുന്നു. ഹസ്രത്തു് അലി(റ) സുന്നത്തുനമസ്കരിക്കുവാനായി മിഹ്റാബിൽ വന്നുനിന്നു. അദ്ദേഹം നമസ്കാരത്തിൽ പ്രവേശിച്ചുകഴിഞ്ഞു. ഇബ്നുമുൽജമിനു വളരെ അനുകൂലസമയമായിരുന്നു അതു്. രണ്ടാമത്തെ റക്അത്തിലെ സുജൂദിൽനിന്നു ഖലീഫ ഉയരുവാൻ ഭാവിക്കുകയാണു്! അതാ അപ്പോഴേക്കും ഇബ്നുമുൽജം ആ പുണ്യാത്മാവിന്റെ ശിരസ്സിനെ ലക്ഷ്യമാക്കി വെട്ടിക്കഴിഞ്ഞു! ആ വെട്ടു് ഖലീഫയുടെ തലയിൽ നെറിഞ്ഞിടംവരെ പിളർപ്പുണ്ടാക്കി. ആ ധീരസിംഹം മിഹ്റാബിൽ വീണുകഴിഞ്ഞു. അല്ലാഹു ഒഴികെ മററാരും അതു കാണുവാനുണ്ടായിരുന്നില്ല. വാനലോകത്തിലെ മലക്കുകൾപോലും ഭയന്നു വ്യസനിച്ചു

പോയി. ആകാശത്തിൽ മിന്നിപ്രകാശിച്ചിരുന്ന രജതതാരങ്ങൾ കാർമേഘങ്ങളാൽ മൂടപ്പെട്ടു. ഭൂമി അതിന്റെ വിലാപം മൂകമായി തുടർന്നുകൊണ്ടിരുന്നു. ജനാധിപത്യം വെട്ടിമുറിക്കപ്പെട്ടു. ഇസ്ലാമിൽ കലഹത്തിന്റെ വിത്തുവിതറി. രക്തച്ചൊരിച്ചിലിനും കക്ഷിവ്യത്യാസങ്ങൾക്കും വാദകോലാഹലങ്ങൾക്കും വളമിട്ടു. അതിനെല്ലാം കാരണക്കാരനായി അബ്ദുറഹ്മാനുബ്നുമുൽജം ആ സാഹസകൃത്യത്തിനു് ധൈര്യപ്പെട്ടു.

വീണുകിടന്ന ആ രണസിംഹം അതിഉച്ചത്തിൽ അലറി 'ലോകരെ! നീചനായ ഇബ്നുമുൽജം എന്നെ വധിച്ചുകഴിഞ്ഞു. നിങ്ങൾ അയാളെ പിടിക്കുവിൻ!' ഈ ദീനസ്വരം ജനങ്ങളെ പരിഭ്രാന്തരാക്കി. ജനങ്ങൾ നാലുഭാഗത്തുനിന്നും ഓടിഅടുത്തു. ഒരുകൂട്ടം ആളുകൾ ഖലീഫയുടെ അരികിൽ തടിച്ചുകൂടി. രക്തം അദ്ദേഹത്തിന്റെ തലയേയും മുഖത്തേയും നീണ്ടു് തടിച്ച താടിയേയും മൂകപ്പിച്ചുകളഞ്ഞു. ഇബ്നുമുൽജമിനെ ബന്ധനസ്ഥനാക്കപ്പെട്ടു. ഹ: അലി (റ) വധിക്കപ്പെട്ട എന്ന വാർത്ത കാട്ടുതീപോലെ നാട്ടിൽ പരന്നു. കൂഫാ മസ്ജിദ് വിലാപമന്ദിരമായി മാറിക്കഴിഞ്ഞു. ഹ: ഹസ്സൻ (റ), ഹ: ഹുസൈൻ (റ), ഹ: മുഹമ്മദ് ഹനീഫ (റ), ഹ: ഉമ്മുകുൽസും (റ) എന്നിവർ തങ്ങളുടെ പിതാവിനെക്കണ്ടു് ഹൃദയം വേദനിപ്പിക്കുമാറു് കേണുതുടങ്ങി. അതുകണ്ടു് ഖലീഫ പറഞ്ഞു: 'വാത്സല്യസന്താനങ്ങളെ! നിങ്ങളെന്തിനും വിലപിക്കുന്നു. നിങ്ങളുടെ ഗതിയും ഇതിൽനിന്നു് വ്യത്യസ്തമല്ല.' ഭയങ്കര

മായ വിഷം ഖലീഫയെ മോഹാലസ്യത്തിന്നു് വിധേയനാക്കി. ഹ: ഹസ്സൻ(റ)യും, ഹ: ഹുസൈൻ(റ)യും, ഇബ്നുമുൽജമിനെക്കണ്ടപ്പോൾ 'നന്ദിയില്ലാത്തവനെ! ഖലീഫ നിന്നെ സ്നേഹപൂർവ്വംസംരക്ഷിച്ചതിന്നുള്ള നന്ദിയാണൊ ഇതു്' എന്നു് ചോദിക്കുകയുണ്ടായി.

ഖലീഫക്കു് സ്വബോധമുണ്ടായപ്പോൾ ഇബ്നുമുൽജമിനെ ഖലീഫയുടെ അടുക്കൽ ഹാജരാക്കി. അയാളോടു് ഖലീഫ പറഞ്ഞു. 'ഇത്ര ഭയങ്കരമായ പാതകത്തിന്നു് നിങ്ങളെ എന്താണു് പ്രേരിപ്പിച്ചതു്? ഞാൻ നിങ്ങളെ ഏറ്റവും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. നിങ്ങളായിരിക്കും എന്റെ ഘാതകനാവുക എന്നെനിക്കറിയാമായിരുന്നു. പക്ഷെ, നിങ്ങൾ പിന്നീടു് പ്രവൃത്തിക്കാൻപോകുന്ന ഒരു കുറ്റത്തിന്നുവേണ്ടി നിങ്ങളെ തടങ്കലിൽവെക്കൽ (കരുതൽ തടങ്കൽ) ഇസ്ലാമികനീതിയല്ല. അതിനാലാണു് അക്കാര്യത്തിൽ ഞാൻ ശ്രദ്ധിക്കാതിരുന്നതു്. ഞാൻ എന്തു കരുതലുകൾ ചെയ്തിരുന്നുവെങ്കിലും അല്ലാഹുവിന്റെ വിധി അപ്രകാരം നിർവേറാതിരിക്കയില്ല.' തുടർന്നു് ഖലീഫ മകനോടായി പറഞ്ഞു. 'പ്രിയപ്പെട്ട ഹസ്സൻ! ഇദ്ദേഹത്തെ ബന്ധനത്തിൽ വെക്കുക. ഞാൻ സുഖം പ്രാപിച്ചുവെങ്കിൽ ഇയാളെപ്പറ്റി ഞാൻ വിധിച്ചുകൊള്ളാം. ഞാൻ മരിച്ചുകഴിഞ്ഞാൽ ഇദ്ദേഹത്തെ വധിക്കണം. അയാളെ അംഗഭംഗം വരുത്തരുതു്. കടിക്കുന്ന നായയെപ്പോലും അംഗഭംഗം ചെയ്യരുതെന്നു് നബിതിരുമേനി (സ) അരുളിയിട്ടുണ്ടു്. നിങ്ങൾ ഭക്ഷിക്കുന്നതു് അയാ

ംക്കും കൊടുക്കുക. എന്റെ മരണംകഴിഞ്ഞാൽ ഉടനെത്തന്നെ അയാളെ വധിച്ചേക്കുക. വധത്തിനു വധമാണ് ഇസ്ലാമികശിക്ഷ.?

അനന്തരം നാലുഭാഗവും കൂടിയിരുന്ന ജനസമൂഹത്തോട് അറിയേണ്ടതു് ചോദിച്ചുകൊള്ളുക എന്നു് ഖലീഫ പറഞ്ഞു. അതനുസരിച്ച് പലരും പല കാര്യങ്ങളും ചോദിച്ചതിനു് ഖലീഫ ശരിയായ ഉത്തരങ്ങൾ നല്കി. അതിനുശേഷം പുത്രന്മാരെ ഓരോരുത്തരെ വിളിച്ച് ഖലീഫ ഉപദേശിച്ചു. റമളാൻ 19നു് ഖലീഫ എന്നെന്നേക്കുമായി ഈ ലോകത്തോട് യാത്രപറഞ്ഞു. അല്ലാഹു ആ മഹാനുഭാവനെ അനുഗ്രഹിക്കട്ടെ! ആമീൻ.

ഇസ്ലാമികലോകത്തു് അസമാധാനം വിളയാടുവാൻ ഇടയാക്കിയ ഇബ്നുമുൽജം ഈ ദിനത്തിൽ വധിക്കപ്പെട്ടു. ഖത്താമിക്കു് അയാളെ ഒരിക്കൽകൂടി കാണുവാനുള്ള ഭാഗ്യമുണ്ടായില്ല.

പ്രവാചകജീവിതത്തിലെ ചില രംഗങ്ങൾ.

'ആമുൽഫീൽ'—ഗജവത്സരം—റബീഉൽ അവ്വൽ 12-ാംനു—കൃസ്താബ്ദം 571 ഏപ്രിൽ 20-ാംനു- തിങ്കളാഴ്ച പ്രഭാതത്തിൽ അബ്ദുലഹബ് നിദ്രയിൽ നിന്നു പുറത്തുവന്നു. അരുണിമസൂര്യന്റെ പൊങ്കിരണങ്ങൾ അദ്ദേഹത്തിന്റെ വദനത്തിൽ വന്നലച്ചു. സുബൈബത്ത് എന്നു പേരായ അബ്ദുലഹബിന്റെ അടിമസ്ത്രീ ഓടിവന്നു പറയുകയാണ്. 'എജമാനൻ! ആമിനാ ബീവി പ്രസവിച്ചു.' 'എന്തു് കുട്ടിയാണു്?' അബ്ദുലഹബ് ചോദിച്ചു. 'പൂർണ്ണതിങ്കളേപ്പോലുള്ള ഒരാൺകുട്ടി.' ആനന്ദചിത്തയായി അവർ പ്രതിവചിച്ചു. 'ഈ സന്തോഷവാർത്ത അറിയിച്ചതിനു നിന്നെ ഞാൻ സ്വതന്ത്രയാക്കിയിരിക്കുന്നു.' അബ്ദുലഹബ് വികാരാവേശത്തോടെ പറഞ്ഞു.

അങ്ങിനെ തിരുമേനിയുടെ ജനനംകൊണ്ടു് സുബൈബത്ത് സ്വതന്ത്രയാക്കപ്പെട്ടു. മനുഷ്യസമുദായത്തിന്റെ സ്വാതന്ത്ര്യത്തിന്നായി അവതീർണ്ണമായ ഒരു പൂർണ്ണചന്ദ്രനാണതെന്നു് അപ്പോൾ അബ്ദുലഹബ് അറിഞ്ഞിരിക്കയില്ല.

II

നബിതിരുമേനിക്കു് പന്ത്രണ്ടു് വയസ്സു് പ്രായമായപ്പോൾ അബൂതാലിബിന്റെ കച്ചവടസംഘമൊന്നിച്ചു്

"ചിന്തകൻ" മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു.

സിറിയായിലേക്കുപോയി ശാം മാർഗ്ഗമദ്ധ്യേ കഫ്റാൻ എന്ന സ്ഥലത്തു" ബുഹൈറ എന്നുപേരായ ഒരു വല്യ യഹൂദപണ്ഡിതൻ ഉണ്ടായിരുന്നു. ഖുറൈശി കച്ചവട സംഘം യാത്രമദ്ധ്യേ ഈ സ്ഥലത്തിറങ്ങി ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിച്ചു. ഇലകൊഴിഞ്ഞു് കേവലം നിർജ്ജീവമായിരുന്ന ആ വൃക്ഷം തിരുമേനിയുംപ്പെടെയുള്ള കച്ചവടസംഘം ഇറങ്ങിയതോടെ പച്ചയായി തളിർപ്പൊട്ടി. ഒരു പള്ളിയിൽ താമസിച്ചിരുന്ന ബുഹൈറ അതിന്റെ മുകളിലിരുന്നു" കച്ചവടസംഘത്തേയും ഒന്നിച്ചുള്ള അസാധാരണ ബാലനേയും ആ ബാലന്റെ സമീപനത്താൽ ഉണങ്ങിയ വൃക്ഷം പച്ചയായിതീർന്നതും നോക്കിക്കണ്ടു. ഉടനെ ഒരു പെരിയ സദ്യക്കു് വട്ടം കൂട്ടി. കച്ചവടസംഘത്തെ ബുഹൈറ ക്ഷണിച്ചു. കച്ചവടസംഘം തിരുമേനിയെകൂട്ടാതെ വിരുന്നിനുപോയി. പക്ഷെ നിർബ്ബന്ധപൂർവ്വം ബുഹൈറ തിരുമേനിയെ ക്ഷണിച്ചുവരുത്തുകയും പലതും ചോദിച്ചറിയുകയും ചെയ്തു.

ബുഹൈറ അബൂതാലിബിനോടു് ഇപ്രകാരം പറഞ്ഞു. 'ഈ ബാലനെ നിങ്ങൾ പ്രത്യേകം സൂക്ഷ്മതയോടുകൂടി നോക്കേണ്ടിയിരിക്കുന്നു. ഭാവിയിൽ ഒരു സമുദായ സ്ഥാപകനും, സംസ്കാര പ്രാണേതാവും, സമര സൈന്യാധിപനും, സാമ്രാജ്യചക്രവർത്തിയും, സാമൂഹ്യ വിപ്ലവകാരിയും, സർവ്വോപരി മനുഷ്യവർഗ്ഗത്തിന്റെ ആത്മീയഗുരുവും, അന്ത്യ മതത്തിന്റെ സ്ഥാപകനും ആകുന്നു ഈ അനാഥബാലൻ.'

III

ഒരു ജലപ്രളയത്താൽ കഅ്ബത്തിനു് കേടുപറ്റി. അതു് തീക്കുവാൻ ഖുറൈശികൾ തീരുമാനിച്ചു് പണി തുടങ്ങി. അപ്പോഴാണു് പുരാതനവും ഭക്തിയുടേതുമായ ഹജറുൽ അസ്‌വദ്—കറുത്തകല്ലു്—പ്രതിഷ്ഠിക്കേണ്ട പ്രശ്നമുണ്ടായിച്ചതു്. പലരും നേതാക്കന്മാരായി. കല്ലു് പ്രതിഷ്ഠിക്കേണ്ട അവകാശം പലരുടേതായി പ്രഖ്യാപിക്കപ്പെട്ടു. കുഴപ്പമായി; തർക്കം മൂത്തു. ഒടുവിൽ ഏകകണ്ഠമായ ഒരു തീരുമാനത്തിൽ എത്തി. 'നാളെ പ്രഭാതത്തിൽ ആദ്യമായി ഇവിടെ ആർപ്രവേശിക്കുന്നുവോ അയാളുടെ നിർദ്ദേശാനുസരണം പ്രവർത്തിക്കാം.'

പ്രഭാതമായി. കഅ്ബാലയത്തിൽ പ്രവേശിക്കുന്നതാരെന്നു് ജനങ്ങൾ ഉൽക്കണ്ഠാകുലരായി വീക്ഷിച്ചു. അതാ കോമളനായ ഒരു യുവാവു് കഅ്ബായിൽ പ്രവേശിക്കുന്നു. ആരാണതു്? അൽഅമീൻ—വിശ്വസ്തൻതന്നെയാണതു്. അൽഅമീൻ തന്റെ പുതപ്പു് താഴെ വിരിച്ചു. ഹജർ അതിൽ എടുത്തുവെച്ചു് എല്ലാ ഖുറൈശി തലവന്മാരെകൊണ്ടും പുതപ്പിന്റെ കോണു് പിടിപ്പിക്കുകയും അൽഅമീൻ അതു തൽസ്ഥാനത്തു് പ്രതിഷ്ഠിക്കുകയും ചെയ്തു.

IV

ഒരാൾ:— 'മുഹമ്മദും ഖദീജയും തമ്മിലുള്ള വിവാഹം കഴിഞ്ഞുവല്ലോ'

വേറൊരാൾ:— 'അതെ, അവരുടെ വിവാഹം കഴിഞ്ഞു.'

ആ ആൾ: — 'മുഹമ്മദ് എന്നുമാത്രം വിശ്വസ്തനും സൽസ്വഭാവിയും ആണോ അതുപോലെ ഖദീജ കുലീനയും, വിശ്വസ്തയും, സൽസ്വഭാവിനിയും ആകുന്നു.'

രണ്ടാമൻ: — 'ഇവരുടെ ദാമ്പത്യം തികച്ചും മാതൃകാപരമാണ്.'

V

നബിതിരുമേനിയുടേയും ഇസ്ലാമതത്തിന്റേയും പരമശത്രുവായ അബൂജഹലിനോട് ഒരാൾ ചോദിക്കയുണ്ടായി: 'മുഹമ്മദിനെ സംബന്ധിച്ച് നിങ്ങൾ എന്തു പറയുന്നു' എന്നു്. അബൂജഹൽ പ്രതിവചിച്ചു: 'നാം രണ്ടുപേരും മാത്രമായതുകൊണ്ട് യഥാർത്ഥം പറയാം. എനിക്കറിയാം, മുഹമ്മദ് — അൽ അമീൻ — വിശ്വസ്തനാണെന്നു്. നമ്മുടെ ഇടയിൽ അദ്ദേഹത്തിന്റെ ജീവിതം തികച്ചും പരിശുദ്ധമാണു്. പക്ഷെ ഇന്നു് മക്കയിലെ എല്ലാ സ്ഥാനങ്ങളും മുഹമ്മദിന്റെ കുടുംബത്തിന്നാകയാൽ പ്രവാചകത്വംകൂടി അവർക്കു് അനുവദിച്ചുകൊടുക്കുവാൻ അഭിമാനം അനുവദിക്കുന്നില്ല.

VI

നബിതിരുമേനിക്കു് നാല്പത്തുവയസ്സു് പ്രായമായപ്പോൾ പ്രവാചകത്വം ലഭിച്ചു. അവിടുന്നു് ഹിറയെന്ന ഗുഹയിൽ പ്രാർത്ഥനാനിമഗ്നനായിരിക്കേ ഇപ്രകാരം ദിവ്യബോധമുണ്ടായി: — 'പരമകാരുണീകനായ അല്ലാഹുവിന്റെ നാമത്തിൽ — നിന്നെ സൃഷ്ടിച്ചവനായ നാഥന്റെ നാമത്തിൽ നീ ഓതുക. അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽനിന്നു് സൃഷ്ടിച്ചു. നീ ഓതുക, നിന്റെ നാഥൻ പേനകൊണ്ടു് പഠിപ്പിച്ചവ

നായ അത്യുദാരനത്രെ. അവൻ മനുഷ്യനെ അവൻ അറിഞ്ഞിട്ടില്ലാത്തതു് പഠിപ്പിച്ചു.'

ഇപ്രകാരം അവിടത്തേയ്ക്കു് ഖുർആൻ അവതരിച്ചുതുടങ്ങുകയും, ഉമ്മാഗ്ഗീകളും വിഗ്രഹാരാധകന്മാരുമായ ജനതയെ ഇസ്ലാമിലേക്കു് ക്ഷണിക്കുവാൻ നിയമിതനാവുകയും ചെയ്തു.

VII

അല്ലാ, ആരെയാണാ കല്ലെറിയുന്നതു്! അല്ലാഹുവിന്റെ പ്രവാചകനേയോ? അവിടന്നു് ചെയ്ത അപരാധം എന്താണു്? തൗഹീദിലേക്കു്—ഏകദൈവസിദ്ധാന്തത്തിലേക്കു്—വിഗ്രഹാരാധന, കൊല, കവർച്ച, മദ്യപാനം, നരബലി എന്നിവയെ പൈതൃകമതമായി അംഗീകരിച്ചു് അതിൽ ആമഗ്നരായിരുന്ന ഒരു ജനസഞ്ചയത്തെ സന്മാഗ്ഗനിരതരാവാൻ ക്ഷണിച്ചു. അവർ അവിടത്തെ കല്ലെറിഞ്ഞു! അവിടന്നു് നടക്കുവാൻ സാധിക്കാതെ ഇരുന്നുപോയി! അവിടത്തെ പിടിച്ചെഴുന്നേല്പിച്ചു് വീണ്ടും കല്ലെറിഞ്ഞു! കൂട്ടികൾ കൂക്കിവിളിച്ചു! ഏറുകൊണ്ടും അവിടത്തെ മൂടുലമേനിയിൽനിന്നു് ചുടുനിണം പ്രവഹിച്ചു. എന്നിട്ടും ആ ജനത അവിടത്തെ ഏറിഞ്ഞു. താളഫിൽനിന്നും പുറത്താക്കി.

VIII

'നിങ്ങൾ നാട്ടിൽ പ്രതാപികളും, കുലീന കുഡുംബാംഗങ്ങളുമാണെന്നും അനാവശ്യമായി ഇവിടെ കിടന്നു് കഷ്ടപ്പെടുകയാണെന്നും ഇവർ പറയുന്നു. നിങ്ങൾ എന്തുപറയുന്നു?'

ഖുറൈശികളുടെ ഉപദ്രവത്തിൽനിന്നു വിമോചിതരാവാൻ കുറച്ചു ഇസ്ലാം മതാനുയായികൾ അയൽരാജ്യമായ അബിസീനിയായിൽ അഭയം പ്രാപിക്കുകയും അവരെ തിരിച്ചയക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഖുറൈശി പ്രധാനികൾ ചക്രവർത്തിക്കുള്ള തിരുമൽക്കാഴ്ചയോടുകൂടി നജ്ജാശിയെ സമീപിക്കുകയും ചെയ്ത സന്ദർഭത്തിൽ, നജ്ജാശി മുസ്ലിംകളുടെ നേതാവായ ഹ: ജഅ്ഫറിനോട് ചോദിച്ചതാണിതു്. ജഅ്ഫർ പറഞ്ഞു: അല്ലാ, പ്രസംഗിച്ചു.

'ചക്രവർത്തി!'

'അജ്ഞതയാകുന്ന അന്ധകാരത്തിൽ ആഴ്ന്നു് അല്ലാഹുവിനേയും പ്രവാചകനേയും വിസ്മരിച്ചു്, ബിംബങ്ങളെ ആരാധിച്ചു്, ശവങ്ങളെ ഭക്ഷിച്ചും, നീചവൃത്തികളിൽ വ്യാപരിച്ചും, സഹോദരങ്ങളെ മർദ്ദിച്ചും, അയൽവാസികളെ പീഠിപ്പിച്ചും, ധനവാന്മാർ ദരിദ്രന്മാരെ ചൂഷണംചെയ്തും ജീവിച്ചുകൊണ്ടിരിക്കെ അല്ലാഹു ഞങ്ങളിൽനിന്നുതന്നെ ഒരു പ്രവാചകനെ നിയോഗിച്ചു. അവിടന്നു ഞങ്ങളുടെ കുടുംബാംഗവും, സൽസ്വഭാവിയും, സർവ്വോപരി വിശ്വസ്തനും ആയിരുന്നു. അവിടന്നു് ഞങ്ങളോടു് ഏകദൈവത്തെ ആരാധിക്കേണമെന്നും, കല്ലു് മരം മുതലായ നിർജ്ജീവ വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട ബിംബങ്ങളെ ആരാധിക്കരുതെന്നും ആജ്ഞാപിച്ചു.'

IX

ഖുറൈശി പ്രധാനികളുടെ ഒരു ഡെപ്യൂട്ടേഷൻ അബൂതാലിബിനെ സമീപിച്ചു ഇപ്രകാരം പറഞ്ഞു.

'നിങ്ങളുടെ മുഹമ്മദ് നമ്മുടെ പൂർവ്വികന്മാർ മുതൽക്കേ ആരാധിച്ചുവരുന്ന ദൈവങ്ങളെ അധിക്ഷേപിക്കുകയും, നമ്മുടെ ആചാരാനുഷ്ഠാനങ്ങളെ അവഗണിക്കുകയും, നാട്ടുകാരെ അവന്റെ പുതിയ മതത്തിലേക്ക് ക്ഷണിക്കുകയും, ചെയ്യുന്നതുകൊണ്ട് അവൻ നാട്ടിന്നൊരാപത്തായിത്തീർന്നിരിക്കുന്നു. ഈ പ്രവർത്തികൾകൊണ്ട് അവൻ നാട്ടിന്റെ നേതൃത്വമാണ് അഭിലഷിക്കുന്നതെങ്കിൽ അവനെ ഞങ്ങൾ രാജാവായി വാഴിക്കാം. അതല്ല ധനമാണ് ആഗ്രഹമെങ്കിൽ അവനെ വലിയ ധനികനാക്കി ഉയർത്താം. അതുമല്ല സ്ത്രീകളേയാണാവശ്യമെങ്കിൽ നമ്മിലുള്ള സുന്ദരികളായ യുവതികളെ വിവാഹം ചെയ്തുകൊടുക്കാം. എന്നാലെങ്കിലും നിങ്ങൾ അവനെ ഈ 'നീചമാർഗ്ഗത്തിൽ നിന്നും പിന്തിരിപ്പിക്കുക!' അബൂതാലിബ് വിവരം തിരുമേനിയെ ധരിപ്പിച്ചപ്പോൾ അവിടന്നു പറഞ്ഞു. പ്രിയപ്പെട്ട പിതൃവ്യാ! അങ്ങ് പറഞ്ഞതെല്ലാം ശ്രവിച്ചു. പക്ഷെ വലതുകയ്യിൽ സൂര്യനേയും ഇടതുകയ്യിൽ ചന്ദ്രനേയുംവെച്ചുതന്നാൽ പോലും എന്റെ ദൌത്യത്തിൽനിന്നും അണുഅളവും വ്യതിചലിക്കുവാൻ ഞാൻ തയ്യാറില്ല.'

X

'അവർ (ശത്രുക്കൾ) നമ്മെക്കണ്ടിരിക്കും, നാം രണ്ടുപേരല്ലേ ഉള്ളൂ' അബൂബക്കർസിദ്ദീഖ് പറഞ്ഞു.

'അല്ല; നാം രണ്ടുപേരല്ല; അല്ലാഹുകൂടിയുണ്ട്, ഒട്ടും ഭയപ്പെടേണ്ടതില്ല. തിരുമേനി പ്രവചിച്ചു.

സൌർഹൃദയിൽ വെച്ചുണ്ടായ സംഭാഷണമാണിതു്. സത്യമതപ്രചരണത്തിനായി സത്യദൂതനു് സ്വരാജ്യം ഉപേക്ഷിക്കേണ്ടതായിവന്നു. രാത്രിയിൽ ശുദ്ധമായി തിരുമേനിയും, ഹ: അബൂബക്കർ സിദ്ദീഖും ഒളിച്ചോടിപ്പോയി. ഇസ്ലാം ചരിത്രത്തിലെ ഒന്നാം നാഴികക്കല്ലാണു് ഹിജറ. ഹിജറയുടെ ശേഷമാണു് തിരുമേനിക്കു് ഇസ്ലാംമതം പ്രബോധനംചെയ്യുവാൻ സ്വാതന്ത്ര്യമുണ്ടായതും.

XI

ബദർയുദ്ധം നടന്നുകൊണ്ടിരിക്കുകയാണു്. ഇസ്ലാംമതത്തെ ലോകരംഗത്തുനിന്നു് തുടച്ചുനീക്കുക എന്നതാണു് അവിശ്വാസികളുടെ ആവശ്യം. സത്യവിശ്വാസികളുടെ സംഖ്യ 300ൽപരംആണെങ്കിൽ അവിശ്വാസികളുടേതു് 900ത്തിൽപരമാണു്. യുദ്ധത്തിൽ പരാജയത്തിന്റെ കണികകണ്ടപ്പോൾ തിരുമേനി അല്ലാഹുവിനോടു് പ്രാർത്ഥിക്കുകയാണു്. 'സർവ്വശക്തനായ അല്ലാഹുവേ! ഇസ്ലാംസംഘം ഈ അടക്കളത്തിൽ നാമാവശേഷമായിപ്പോയാൽ നിന്നെ ആരാധിക്കുവാൻ ഈ ഭൂമുഖത്തു് ആരും തന്നെ ഉണ്ടായിരിക്കുകയില്ല. അതിനാൽ എന്നോടുള്ള വാഗ്ദാനത്തെ നിറവേറ്റുക.'

യുദ്ധത്തിൽ മുസ്ലിംകൾ വിജയിക്കുകയും, അമുസ്ലിംകൾ പരാജയമടഞ്ഞു് വിരണ്ടോടുകയുംചെയ്തു.

XII

ഹിജറയുടെ മൂന്നാംവർഷം ശവ്വാൽ മാസത്തിൽ ഇസ്ലാം അന്നു് മദ്യനിരോധനംനടപ്പാക്കി; മദീനയിൽ

മദ്യത്തിന്റെ നദിയൊഴുകി. മദ്യനിരോധം വിശ്വ വിജയമായിത്തീർന്നു. ഇസ്ലാമിന്റേതുമാത്രമാണ്.

ഹജ്ജത്തുൽ—വിദാഅ്—അവസാനഹജ്ജ്—കഴിഞ്ഞശേഷം തിരുമേനി ഒരു ലക്ഷത്തിൽപരം അനുയായികളോട് പ്രസംഗിക്കുകയാണ്.

'ജനങ്ങളേ! ശ്രദ്ധാപൂർവ്വം കേൾക്കുവിൻ! മേലിൽ എനിക്ക് ഇവിടെവെച്ച് നിങ്ങളുമായി കാണുവാൻ കഴിഞ്ഞില്ലെന്നുവരാം. ഈ പുണ്യദിനത്തേയും ഈ മഹത്തായ മാസത്തേയും ഈ സ്ഥലത്തേയും നിങ്ങൾ മാനിക്കുന്നതുപോലെ നിങ്ങൾ അന്യോന്യം ഓരോരുത്തരുടേയും രക്തത്തേയും ധനത്തേയും വിലമതിക്കുകയും ആദരിക്കുകയും വേണം.

അന്ത്യനാളിൽ അല്ലാഹു നിങ്ങളുടെ ഓരോ പ്രവർത്തികളെക്കുറിച്ചും വിചാരണചെയ്യും. എന്റെ കാലശേഷം നിങ്ങൾ അന്യോന്യം അക്രമിക്കുകയോ കലഹിക്കുകയോ ചെയ്യരുത്.

സ്ത്രീസമുദായത്തെ നിങ്ങൾ അവഗണിക്കരുത്. നിങ്ങൾ അവരോട് ദയാപൂർവ്വവും സൌമ്യതയോടും പെരുമാറണം. നിങ്ങൾക്ക് അവരോടുള്ളതുപോലെ അവർക്ക് നിങ്ങളോടും ചില അവകാശങ്ങളുണ്ട്. അതു് അവരും നിറവേറ്റേണ്ടതാണ്. അടിമകളോട് നിങ്ങൾ സമനിലയിൽ പെരുമാറുക. നിങ്ങൾ ഉപയോഗിക്കുന്നതുപോലുള്ളവ അവർക്കും നല്കുക. അവരിൽനിന്നും വരുന്ന തെറ്റുകൾ ക്ഷമിക്കുക. അവരെ പീഡിപ്പിക്കരുത്. അവരും നിങ്ങളെപ്പോലുള്ള മനുഷ്യരാണെന്നോർക്കുക.

ഒരു അറബിക്കു് അറബിയല്ലാത്തവനെ അപേക്ഷിച്ചോ, ഒരനറബിക്കു് അറബിയെ അപേക്ഷിച്ചോ യാതൊരു ശ്രേഷ്ഠതയും ഇല്ല. വെളുത്തവനു് കറുത്തവനേക്കാളോ, കറുത്തവനു് വെളുത്തവനേക്കാളോ ഒരു പ്രത്യേകതയും ഇല്ല. മുസ്ലിംകൾ പരസ്പരം സഹോദരന്മാരാകുന്നു. ഒരുവനു് തന്റെ സഹോദരന്റെ സ്വത്തു് അയാളുടെ മനഃപൂർവ്വം കൊടുത്താലല്ലാതെ സാധുവാകുന്നതല്ല. സൂക്ഷിക്കുവിൻ! ആരും അനീതി പ്രവർത്തിക്കരുതു്. ഞാൻ നിങ്ങൾക്കു് ഒരു സാധനം തന്നിരിക്കുന്നു. അതിനെ നിങ്ങൾ ആധാരമാക്കുന്നപക്ഷം എന്റെകാലശേഷം നിങ്ങൾ ഒരിക്കലും വഴിപിഴക്കുകയില്ല. അതു് ഖുർആൻ ആകുന്നു.

എനിക്കുശേഷം ഒരിക്കലും ഒരു നബി ഉണ്ടാവുകയില്ല. നിങ്ങൾക്കുശേഷം മറ്റൊരു സമുദായവും ഉണ്ടാകുന്നതല്ല .....നിങ്ങളുടെ ഭരണാധികാരികളെ — അതു് ഒരു അടിമയായിരുന്നാലും — അനുസരിക്കുവിൻ!..... ഇവിടെ സന്നിഹിതരായിട്ടില്ലാത്തവർക്കും എന്റെ സന്ദേശം അറിയിക്കുക!'

പാശ്ചാത്താപം.

ബന്നുഇസ്രായിൽഗോത്രത്തിൽ ഒരു അസാധാരണ ശക്തൻ ജീവിച്ചിരുന്നു. അയാൾ ജനനാൽതന്നെ ഒരു കോപശീലനും ദാക്ഷിണ്യമില്ലാത്ത സ്വഭാവക്കാരനും ആയിരുന്നു. അന്യരുടെ സ്വത്തു് അപഹരിക്കുകയല്ല; കൊള്ള നടത്തുകതന്നെ ആയിരുന്നു അയാളുടെ നിത്യജോലി. അയാളുടെ ആഗ്രഹങ്ങൾക്കു് വിലങ്ങുടിക്കുന്നവരെയെല്ലാം അയാൾ നിഗ്രഹിച്ചിരുന്നു.

അയാൾ ഒരു സ്ത്രീയെ കണ്ടു; അവളിൽ അനുരക്തയായി എന്നു് വിചാരിക്കുക. അവൾ ആരുടെ പത്നിയായിരുന്നുകൊള്ളട്ടെ, അവളുടെ ബന്ധുമിത്രാദികൾ എത്ര യോഗ്യന്മാരായിരുന്നുകൊള്ളട്ടെ; അയാൾ അന്നു രാത്രിതന്നെ അവളുടെ കൂടെ ശയിക്കും! അതിനെ എതിർക്കുന്ന ഏതാളെയും അയാൾ നിഷ്കരുണം വധിക്കും.

അയാൾ മദ്യവില്പന സ്ഥലത്തേയ്ക്കു് കയറിയാൽ മദ്യം എടുത്തുകൊടുക്കുന്ന തൊഴിലാളികൾ അവിടെ നിന്നു് ഒഴിഞ്ഞു് കൊടുക്കുകയായിരുന്നു പതിവു്.

ഏതെങ്കിലും ഒരു സ്ത്രീയുമായി രമിക്കേണമെന്നു് അയാൾ ആഗ്രഹിക്കുകയും അവളെ അതറിയിക്കുകയും ചെയ്തിട്ടു് അവൾ അതിനു് വഴങ്ങിയില്ലെന്നു് വന്നാൽ അയാൾ അവളെ ബലാൽസംഗംചെയ്യുകയും അനന്തരം അവളെ വീട്ടിൽ അടച്ചുപൂട്ടി വീടിനു് തീ കൊളുത്തു

"അൽജലാൽ" മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു്.

കയും ചെയ്യുക അയാൾക്കൊരു വിനോദം മാത്രമായിരുന്നു.!

ഭക്തന്മാരെയും അംഗഭംഗം വന്നവരെയും അയാൾ പ്രത്യേകമായി നിഷ്ക്കരുണം മർദ്ദിച്ചിരുന്നു.

ഈ വിധം ഭീകരവും. ബീഭത്സവുമായ അയാളുടെ ജീവിതത്തിൽ തൊണ്ണൂറൊമ്പതു് മനുഷ്യരെ തന്നെ അയാൾ വധിച്ചു കഴിഞ്ഞു..!

മദ്യപാനം, കവർച്ച, കളവു്, മർദ്ദനങ്ങൾ, കൊള്ളിവെപ്പുകൾ മുതലായവയുടെ എണ്ണവും കൂടി ലഭിച്ചിരുന്നില്ല.

ഒരു ദിവസം യാദൃച്ഛികമായി അയാൾ ഒരു ശവത്തെ സ്പർശിക്കാനിടയായി! അയാൾ ആകെ കോരിത്തരിച്ചുപോയി. തണുത്തു മരവിച്ചിരുന്ന ആ മൃതദേഹം അദ്ദേഹത്തെ വികാരവിഹീനനാക്കിത്തീർത്തു. ഇന്നല്ലെങ്കിൽ നാളെ ഞാനും ശവമായിത്തീരുമല്ലോ. എന്നൊരുവിചാരം അയാളിലുണ്ടായി! അയാളുടെ ചിന്തയുടെ മുരുകം നിവർന്നു.

'എത്രയെത്ര കൊലപാതകങ്ങളും ഭയങ്കര പാപങ്ങളായ മറ്റു പല അനീതികളും ഞാൻ നടത്തിക്കഴിഞ്ഞു..! ഞാൻ വ്യക്തമായ ദുർമ്മാർഗ്ഗത്തിലാണു്! അല്ലാഹുവിന്റെ അടുക്കൽ എന്റെ നിലയെന്താണു്? ഞാൻ എങ്ങിനെ സമ്മാർഗ്ഗിയായിത്തീരും? എനിക്കു് മാപ്പു് ലഭ്യമാകുമോ?' എന്നിത്യാദി ചിന്തകൾ അയാളെ വ്യസനാക്രാന്തനാക്കിത്തീർത്തു.

ആ നാട്ടിലെ ഒരു പ്രധാന ഭക്തന്റെ അടുത്തേയ്ക്കു പോയി അദ്ദേഹം. ആ ഭക്തൻ അനവധി വർഷങ്ങ

ളായി ലൌകിക ചിന്തയില്ലാതെ അല്ലാഹുവിനെ ആരാധിച്ചുമാത്രം കഴിഞ്ഞുകൂടുകയാണു്. അദ്ദേഹത്തിന്റെ ശിരോരോമങ്ങൾ നരയ്ക്കുകയും പടകെട്ടി അങ്ങുമിങ്ങും ചുറ്റിപ്പിടിക്കുകയും ചെയ്തിരുന്നു.

നമ്മുടെ 'പോക്കിരി' ആ ഭക്തന്റെമുമ്പിൽ ആഭരപൂർവ്വം ചെന്നുനിന്നു. വളരെ വിരീതനായി ഭക്തിബഹുമാനത്തോടെ ഇങ്ങനെ ഉണർത്തിച്ചു. 'ഭക്തരെ! ജീവിതാരംഭം മുതൽ വൻപാപങ്ങൾ ചെയ്തു് അല്ലാഹുവിനെ വിസ്മരിച്ചു് സഹജീവികൾക്കുകൂടി ദ്രോഹം ചെയ്തിരുന്നവനാണു് ഞാൻ. ഞാൻ അനവധി അഗധികളെ അളവറ്റു ദുഃഖിപ്പിച്ചിട്ടുണ്ടു്. നിരവധി കളവുകളും കവർച്ചകളും ചെയ്തിട്ടുണ്ടു്. ഞാനൊരു യുവാവായതിനുശേഷം വ്യഭിചരിക്കാത്ത ദിനങ്ങൾ കുറവാണു്. മദ്യപാനം എന്റെ സദാ വിനോദമാണു്. പ്രതാപശാലികളും പ്രസിദ്ധരുമായവരും, സാധുക്കളും നിസ്സഹായരുമായവരും ഉൾപ്പടെ തൊണ്ണൂറൊമ്പതു് പേരെ ഞാൻ നിർദ്ദയം വധിച്ചിട്ടുണ്ടു്. ഈ വിധത്തിൽ അല്ലാഹുവിന്റെയും സകലരുടെയും തന്നെ ശാപത്തിനുപാത്രമായവനായ ഞാൻ ഇതാ അല്പം നിമിഷങ്ങൾക്കുമുമ്പു് പാശ്ചാത്തപിച്ചു സന്മാർഗ്ഗിയായിത്തീരാൻ നിശ്ചയിച്ചിരിക്കുന്നു. എന്റെ തൌബ സ്വീകരിക്കപ്പെടുവാൻ ഞാൻ എന്താണു് ചെയ്യേണ്ടതെന്നു് അങ്ങു് എനിക്കു് ഉപദേശിച്ചുതരിക. എനിക്കു് മാപ്പിന്നായി അങ്ങും അല്ലാഹുവിനോടു് പ്രാർത്ഥിക്കുക'

ആ ഭക്തൻ വളരെക്കാലമായി ആരാധനയിൽ മാത്രം മുഴുകിക്കഴിയുകയായിരുന്നുവെങ്കിലും അദ്ദേഹം ആലിമാ (ജ്ഞാനി)യിരുന്നില്ല; അജ്ഞാനിയായിരുന്നു. ഇതുയും കേട്ട് അദ്ദേഹം കോപാന്ധനായിത്തീർന്നു. അദ്ദേഹം ഗൌരവപൂർവ്വം പറഞ്ഞു. 'ഛീ, അല്ലാഹുവിന്റെ ശത്രുവെ, നീ അകന്നു പോകുക. നീ എന്റെ അരികെ നിന്നാൽ ഒരു പക്ഷേ ഞാനും കൂടി അല്ലാഹുവിന്റെ ക്രോധത്തിനു പാത്രമായേക്കും! നീ എന്നെ പരിഹസിക്കുകയാണോ? ഉടൻ ഇവിടം വിടുക!'

തന്റെനില ഏതവസ്ഥയിലാണെന്ന വിചാരത്താൽ മനസ്സു ക്ഷോഭിച്ചു ഭയവും ഭക്തിയും ഇടകലർന്നു കഴിഞ്ഞിരുന്ന ആ പാശ്ചാത്താപചിത്തന്റെ കത്തുന്ന തീയിൽ നെയ് പകരുകയാണു ചെയ്തതു്. അദ്ദേഹത്തിന്നപ്പോൾ ഭക്തന്റെ നേരെ വെറുപ്പും പുഴയ ചെയ്തികളുടെ വിചാരവുമാണുണ്ടായതു്. അയാൾ അധികം കാത്തുനില്ക്കാതെ 'ശരി, ഭക്താ! ഏതായാലും ഞാൻ നിങ്ങളെ ഒഴിവാക്കാൻ വിചാരിക്കുന്നില്ല. നീ എന്റെ ആയുധത്തിനു നൂറാമത്തെ ഇരയാണു! നൂറെണ്ണം തികഞ്ഞോട്ടെ!' എന്നു പറയുകയും ആ ഭക്തനെ വധിക്കുകയും ചെയ്തു. ഒരു മൃഗീയ വികാരം അദ്ദേഹത്തെക്കൊണ്ടതു് ചെയ്യിച്ചു. അയാൾ പിന്നെ അവിടെ നിന്നില്ല പണ്ഡിതനായ മറെറാരു ഭക്തന്റെ സന്നിധാനത്തിലേക്കാണയാൾ പോയതു്.

** ** **

ഒരിക്കൽ നബിതിരുമേനി (സ) പള്ളിയിലേക്ക് വരികയായിരുന്നു. പള്ളിയുടെ പുറത്തു് ഇബ്ലീസ് സംശയഗ്രസ്ഥനായി നില്ക്കുന്നതു് നബിതിരുമേനി(സ) കണ്ടു. അവിടുന്നു് അന്വേഷിച്ചു. 'എന്താ ഇങ്ങനെ ആലോചിച്ചു് പുറത്തുനില്ക്കുന്നതു്?'

ഇബ്ലീസ്:- 'പള്ളിയുടെ അകത്തു് ഒരാൾ നമസ്കരിക്കുകയാണു്. അയാളെ പിഴപ്പിക്കാമെന്നു് വിചാരിച്ചു. പക്ഷെ, അതിനടുത്തു് ഒരാൾ കിടന്നുറങ്ങുന്നുണ്ടു്.'

നബിതിരുമേനി (സ):- നമസ്കരിച്ചുകൊണ്ടിരിക്കുന്ന ആളെ പിന്തിരിപ്പിക്കാൻ ശ്രമിക്കുന്ന നിങ്ങൾ എന്തിനാണു് ഉറങ്ങുന്ന ഒരാളെ ഭയപ്പെടുന്നതു്?'

ഇബ്ലീസ്:- നമസ്കരിക്കുന്ന ആൾ അജ്ഞാനിയാണു്. അയാളെ പാട്ടിലാക്കാൻ അധികം പണിപ്പെടേണ്ടിവരികയില്ല. പക്ഷെ, ആ ഉറങ്ങുന്ന ആൾ പണ്ഡിതനാണു്. അദ്ദേഹം ഉണർന്നാൽ ആ അജ്ഞാനിക്കു് ശരിയായി നമസ്കരിക്കുവാനുള്ള ക്രമങ്ങൾ മനസ്സിലാക്കിക്കൊടുത്തേയ്ക്കാം. അപ്പോൾ എനിക്കു് പിന്നീടാ മനുഷ്യനെ പിഴപ്പിക്കാൻ തന്നെ സാധിക്കാതെ വന്നേക്കാവുന്നതാണു്. ആയതുകൊണ്ടാണു് ഞാൻ ആ പണ്ഡിതനെ ഭയപ്പെടുന്നതു്. അക്കായ്ത്തിൽ ഗുണത്തിനും ദോഷത്തിനും ഇടപെടാതെ ഒഴിഞ്ഞുനില്ക്കുന്നതും.'

ഇത്തരുണത്തിലാണു് നബിതിരുമേനി (സ) ഇപ്രകാരം അരുളിയതു്: 'ആബിദിനേക്കാ (അജ്ഞാനി)

അമലി (ആരാധന)നേക്കാൾ ആലിമിന്റെ (ജ്ഞാനി) ഉറക്കത്തിനു സ്ഥാനമുണ്ട്.' (ഹദീസ്)

** ** **

നാടൊട്ടുക്കു പ്രസിദ്ധനാണെങ്കിലും അനാഡംബരമായി. 'പണ്ഡിതഭവനത്തിൽ' ജീവിക്കുന്ന പണ്ഡിതഭക്തന്റെ അരികിലേക്കാണു നമ്മുടെ കഥാനായകൻ പോകുന്നതു്. ആ പണ്ഡിതൻ ആഗതനെ സസന്തോഷം സ്വീകരിച്ചു് ആഗമനോദ്ദേശം ആരാഞ്ഞു. ആഗതൻ ആദരപൂർവ്വം ഉണർത്തിച്ചു. 'പണ്ഡിതഭക്തരെ! അല്പംമുമ്പു് വരേയും വ്യക്തമായ ഉദ്ദേശ്യത്തിൽ ചരിച്ചിരുന്നവനാണു ഞാൻ. അധികം സമയമായില്ല എന്റെ ഹൃദയം തൊണ്ടയെ തേടിത്തുടങ്ങീട്ടു്. എന്റെ ഉഷ്ണു ചെയ്തികളെപ്പറ്റി കരുപക്ഷേ, അങ്ങുതന്നെ കേട്ടിരിക്കും. അല്ലാഹു വിരോധിച്ചിട്ടുള്ള എല്ലാംതന്നെ ഞാൻ ചെയ്തിരിക്കുന്നു. 99 കൊലപാതകങ്ങളുംതന്നെ ഞാൻ നടത്തീട്ടുണ്ടു്. ഭക്തഗൃഹത്തിൽനിന്നാണു ഞാൻ ഇപ്പോൾ വരുന്നതു്. ഞാനും ഭക്തനോടു് എല്ലാം വിവരിച്ചുപറഞ്ഞു. എനിക്കു് മാപ്പു് ലഭ്യമാകുവാനുള്ള വഴി ഉപദേശിക്കാനായി അഭ്യർത്ഥിച്ചു. അദ്ദേഹം എന്നെ നിരാശനാക്കി. എനിക്കൊരു വിധത്തിലും പാശ്ചാത്താപമില്ലെന്നു പറഞ്ഞു് അദ്ദേഹമെന്നെ അന്തസ്സാരശൂന്യനാക്കി. എനിക്കു് കോപമാണുണ്ടായതു്. കോപവികാരത്തിനു് അടിമയായ ഞാൻ നൂറെണ്ണം തികയട്ടെ എന്നുപറഞ്ഞു് ആ ഭക്തനെ വധിച്ചു. അനന്തരം പാശ്ചാത്താപം ലഭ്യമാകുവാനായി ഞാനിതാ വ

ന്നിരിക്കുകയാണ്. പാപപങ്കിലമായ എന്റെ ഹൃദയം തെളിയാകുന്ന ജലത്തിനുവേണ്ടി ഉഴറുകയാണ്. എനിക്ക് അല്ലാഹു മാപ്പ് തരുമോ? അതിനായി ഞാൻ എന്ത് ചെയ്യണമെന്നും അങ്ങേക്കുനോട്ട് ഉപദേശിച്ചാലും. അങ്ങ് പണ്ഡിതനുംകൂടിയാണല്ലൊ?'

പണ്ഡിതഭക്തൻ ഇതെല്ലാം സശ്രദ്ധം ശ്രവിച്ചു. സുസ്മേരവദനായി അദ്ദേഹം ഇങ്ങനെ പ്രതിവചിച്ചു: 'അല്ലയോ യുവാവെ, നിങ്ങൾ വ്യസനിക്കേണ്ടതില്ല. നിങ്ങൾക്ക് തെറ്റുപറ്റിയിട്ടുണ്ട്. നിങ്ങൾക്ക് എന്നല്ല, നിങ്ങൾ ചെയ്തതിനേക്കാൾ വലുതായ പാപങ്ങൾ ചെയ്തവർക്കും, അവർ ആത്മാർത്ഥമായി—പരിശുദ്ധമായി—തെറ്റുചെയ്യുന്നപക്ഷം അല്ലാഹു ക്ഷമിച്ചുകൊടുക്കുന്നവനാണ്. അല്ലാഹു പരമകാരുണികനാണ്; ഉദാരനാണ്. നിങ്ങളിപ്പോൾ നിഷ്കളങ്കമായ തെറ്റുബോധത്തോടെ വന്നവനാണെങ്കിൽ ഉടൻതന്നെ ഭക്തകേന്ദ്രത്തിലേക്ക് പോകുക. അവിടെ നിരവധി ഭക്തന്മാർ അല്ലാഹുവിനെമാത്രം സ്മരിച്ച് അവനു് അമൽചെയ്തു കഴിഞ്ഞുകൂടുകയാണ്. അക്കൂട്ടത്തിൽ നിങ്ങളുംചേർന്ന് അമൽ ചെയ്യുകയും പാപങ്ങൾ പൊറുത്തുതരുവാൻ അല്ലാഹുവിനോട് അപേക്ഷിക്കുകയുംചെയ്യുക! അല്ലാഹു തീർച്ചയായും നിങ്ങളുടെ പാശ്ചാത്താപം സ്വീകരിക്കും.'

ആ യുവാവ് ഉടനെത്തന്നെ 'ഭക്തകേന്ദ്രത്തി'ലേക്ക് യാത്രയായി. മാധ്യമധ്യേ അദ്ദേഹത്തിന്റെ അന്ത്യം ആസന്നമാകുകയും അദ്ദേഹം മൂർദ്ധാപ്പെടുകയും ചെയ്തു.

ആ മൃതദേഹത്തിന്റെ വിഷയത്തിൽ മലക്കുകൾ തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായി. അദ്ദേഹം വലിയ പാപിയായിരുന്നുവെന്നും അദ്ദേഹത്തെ അടാബ് (ശിക്ഷ) ചെയ്യണമെന്നും അടാബിന്റെ ഭാഗത്തുള്ള മലക്കുകൾ പറഞ്ഞു. അദ്ദേഹം തൗബ ചെയ്താണ് മരിച്ചതു; അദ്ദേഹം സന്മാർഗ്ഗത്തിന്നായി പോകുമ്പോഴാണ് മരിച്ചതു; അതിനാൽ അദ്ദേഹത്തെ അടാബ് ചെയ്യരുതു; മാന്യമായി ഉപചരിക്കണം എന്നു് സന്മാർഗ്ഗികളെ ശുശ്രൂഷിക്കുന്ന മലക്കുകളും വാദിച്ചു. അഭിപ്രായവ്യത്യാസമറിഞ്ഞപ്പോൾ ജിബ്രീൽ (അ) അതിൽ ഇടപെടുകയും ഇപ്രകാരം തീർപ്പുണ്ടാക്കുകയുംചെയ്തു. 'ആ യുവാവ് പാശ്ചാത്തപിച്ച് സന്മാർഗ്ഗിയായി 'ഭക്തകേന്ദ്ര'ത്തിലേക്ക് പോവുകയായിരുന്നുവല്ലൊ? മരിച്ചതു് ഭക്തകേന്ദ്രത്തിനോടടുത്തുവെച്ചാണെങ്കിൽ സന്മാർഗ്ഗിയായും അദ്ദേഹം പുറപ്പെട്ട സ്ഥലത്തിന്നടുത്തുവെച്ചാണ് ദിവംഗതനായതെങ്കിൽ ദുർമ്മാർഗ്ഗിയായും നമുക്കു് കണക്കാക്കാം.'

അപ്രകാരം വഴി അളന്നുനോക്കിയതിൽ അദ്ദേഹം ഭക്തകേന്ദ്രത്തിന്നടുവെച്ചാണ് മരിച്ചതെന്നു് കാണുകയും ആ മൃതദേഹത്തെ സന്മാർഗ്ഗികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ഹദീസ് അഥവാ പ്രവാചകചര്യ.

ഇസ്ലാംമതത്തിലെ അധിഷ്ഠാനതത്വങ്ങളിൽ ഖുർ ആനിനെ കഴിച്ചാൽ പ്രാധാന്യമുള്ളതു് ഹദീസിനാ ണു്. ഗഹനവും വിപുലവും ആയ ഒരു സാഹിത്യശാ ഖയാണു് ഹദീസ് സാഹിത്യം. ഹദീസിനെ സംബ ന്ധിച്ചു് ഒരു സംക്ഷിപ്തവിവരണമാണു് ഈ ലേഖന ത്തിലെ പ്രതിപാദ്യം.

നബിതിരുമേനി (സ)യുടെ തിരുവചനങ്ങൾമാത്ര മല്ല ഹദീസ് എന്നതിലുൾക്കൊള്ളുന്നതു്. അവിടുത്തെ ജീവിതചര്യകളെല്ലാം അതിലുൾപ്പെടുന്നു. മതനിയമ മായിത്തീർക്കാവുന്ന വിധത്തിൽ ഒരു പ്രവൃത്തി ഒരു വൻ ചെയ്യുന്നതായി നബിതിരുമേനി (സ) നേരിട്ടു കാ ണുകയോ, അല്ലെങ്കിൽ വല്ലവരും പറഞ്ഞറിയുകയോ ചെയ്തിട്ടു് പിന്നെ അവിടുന്നു അതിനെക്കുറിച്ചു് നിഷേ ധരൂപത്തിൽ പറയാതിരുന്നാൽ അതും നബി തിരുമേ നി (സ) അനുവദിച്ചിട്ടുള്ള ഒരു പ്രവൃത്തിയായി ഗണി ക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ നബിതിരുമേനി (സ)യു ടെ വചനങ്ങളും, പ്രവൃത്തികളും, അവിടുന്നു് നിരോധി ച്ചിട്ടില്ലാത്ത സംഗതികളും ഉൾക്കൊള്ളുന്ന ഒന്നിനേയാ ണു് ഹദീസ് എന്നു് വ്യവഹരിക്കപ്പെടുന്നതു്. ഹദീ സ് എന്നതിനു് സാധാരണയിൽ 'നബിവചനം' എ ന്നു് തർജ്ജമചെയ്തുവരുന്നതു് ശരിയല്ല.

"ചന്ദ്രിക" വാരികയിൽ പ്രസിദ്ധീകരിച്ചിരുന്നു.

മുസ്ലിംകളുടെ മതപരവും, സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ ഏതുവിഷയങ്ങൾക്കും അല്ലാഹുവിന്റെ ഖുർആൻ ശരീഫും, നബിതിരുമേനി (സ)യുടെ തിരുവചനങ്ങളും, അവിടുത്തെ നടപടിക്രമങ്ങളും ആധാരഭൂതങ്ങളായി ഭവിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ആജ്ഞകൾക്കും, നബിവചനങ്ങൾക്കുംതമ്മിൽ എവിടെയെങ്കിലും എന്തെങ്കിലും വ്യത്യാസം ദൃശ്യമായാൽ അവിടെയെല്ലാം അല്ലാഹുവിന്റെ ആജ്ഞക്കു് പ്രാധാന്യം കല്പിച്ചുകൊള്ളണമെന്നു് നബിതിരുമേനി (സ) തന്നെ അരുൾചെയ്തിരിക്കുന്നു. അല്ലാഹുവിന്റെ ആജ്ഞാവചനങ്ങൾക്കു് സമുലമായ ഒരു വ്യാഖ്യാനമാണു് ഹദീസു് സാഹിത്യം.

ഇസ്ലാമിന്റെ കർമ്മപരിപാടികൾക്കും, വിശ്വാസവിധികൾക്കും മറ്റു വിഷയങ്ങൾക്കെന്നപോലെതന്നെ ഹദീസിനെ ആധാരമാക്കിവരുന്നു. നമസ്കാരം, വ്രതം, സക്കാത്തു്, ഹജ്ജു് മുതലായ വിഷയങ്ങളിൽ അതാതിന്റെ പ്രവർത്തനക്രമങ്ങൾ വ്യക്തമാക്കുന്നതു് ഹദീസാണു്. അപ്രകാരം ഖുർആൻ സൂചന നൽകുകമാത്രം ചെയ്തിട്ടുള്ള സംഗതികൾ വിശദീകരിക്കുന്നതും ഹദീസിലാകുന്നു.

പല കാരണങ്ങളാലും ഒരു നൂറാണ്ടുകാലത്തോളം ഹദീസുകൾ ലിഖിതങ്ങളായിരുന്നില്ല. രണ്ടാംനൂറ്റാണ്ടോടുകൂടി ഇസ്ലാം ലോകത്തിന്റെ വിവിധഭാഗങ്ങളിൽ പ്രചരിക്കുകയും വളരെ രാജ്യങ്ങൾ ഇസ്ലാമിനു് അധീനമാകുകയും ചെയ്തു. ആ ഘട്ടത്തിലാണു് ഹദീസുകൾ മനപ്പാഠംചെയ്തിരുന്ന അസംഖ്യം മഹാന്മാരിൽ അ

നേകം പേർ പല യുദ്ധങ്ങളിലായി മരണംപ്രാപിക്കുകയും, ശേഷിച്ചവർ പല സ്ഥലങ്ങളിലായി ചിന്നിച്ചിതറിപ്പോവുകയും ചെയ്തിരിക്കുന്നതുകണ്ടിട്ട് ഹദീസുകൾ എഴുതി സൂക്ഷിക്കുന്നതു് പിന്നീടു് പ്രായേണ പ്രയാസകരമായിത്തീർന്നേക്കുമെന്നു് മനസ്സിലാക്കിയ ഖലീഫ ഉമറിബ്നു അബ്ദുൽഅസീസ് അതിന്നായി ആജ്ഞ നൽകി. 'റസൂലിന്റെ ഹദീസുകൾ എത്രയുണ്ടെന്നു് നോക്കി എടുത്തു് അവയെ ഗ്രന്ഥമാക്കി സൂക്ഷിക്കുക! അറിവ് തേഞ്ഞുമാഞ്ഞു പോകുമെന്നും, അറിവുള്ളവരൊക്കെ അന്തരിച്ചുതീരുമെന്നും ഞാൻ ഭയപ്പെടുന്നു.' എന്നിങ്ങനെ അദ്ദേഹം മദീനയിലെ ഭരണാധികാരികൾക്കും അദ്ദേഹം ഇതുസംബന്ധിച്ചു് ആജ്ഞകൾ നൽകുകയുണ്ടായി.

ഹിജറ: രണ്ടാംനൂറ്റാണ്ടിൽ ആദ്യമായി ലേഖനം ചെയ്യപ്പെട്ട ഹദീസ്ഗ്രന്ഥം ഇമാംമാലിക്ക്ബ്നുഅനസ് (റ)ന്റെ 'അൽ—മുവത്ത' ആകുന്നു. ആ നൂറ്റാണ്ടിൽതന്നെ ഇമാം ശാഫിഈയുടെ 'മുസ്നദ്', ഇമാം അബ്ദുറസാക്ക്ബ്നു ഉമാമിസ്സൻ ആനിയുടെ 'ജാമിഅ്' മുതലായ വേറേയും ചില ഗ്രന്ഥങ്ങൾ രചിതമാക്കപ്പെട്ടിട്ടുണ്ട്.

മൂന്നാംനൂറ്റാണ്ടിൽ ഹദീസുകൾ ശേഖരിച്ചെടുക്കുന്ന വിഷയത്തിൽ വമ്പിച്ച യത്നങ്ങൾ നടത്തി. സഹീഹുൽബുഖാരി, സഹീഹുൽമുസ്ലിം, സുനനു് അബൂദാവൂദ്, സുനനുന്നസാഇ, ജാമിഉത്തിർമദി, സുനനു് ഇബ്നുമാജ, മുസ്നദ് ഇമാംബ്നുഹമ്പൽ എന്നീ വിശ്രുതഗ്രന്ഥങ്ങൾ സമ്പാദിക്കപ്പെട്ടതു് ഈ നൂറ്റാണ്ടി

ലാണ്. പൊതുവെ പ്രാമാണ്യയോഗ്യമെന്നു് പ്രസിദ്ധി നേടിയിട്ടുള്ള 'സിഹാഹുസിത്ത' എന്നതു് പ്രസ്തുത ഏഴെണ്ണത്തിൽനിന്നും ആദ്യത്തെ ആറെണ്ണത്തിന്നും ഒന്നായിപ്പറയുന്ന പേരാണ്. മൂന്നാംനൂറ്റാണ്ടിൽതന്നെ ഇതുകൂടാതെ ഹദീസ് ഗ്രന്ഥങ്ങൾ വേറേയും ക്രോഡീകരിക്കപ്പെട്ടിട്ടുണ്ടു്. വിവിധകാലങ്ങളിലായി പലരാലും സമ്പാദിക്കപ്പെട്ടിട്ടുള്ള ഹദീസ് ഗ്രന്ഥങ്ങളുടെ സംഖ്യ എണ്ണത്തിൽ ആയിരത്തിനാനൂറ്റിഅമ്പതോളം ഉള്ളതായി കണക്കാക്കപ്പെട്ടുന്നു.

പൊതുവെ ഹദീസുകളുടെ സ്വഭാവത്തെക്കുറിച്ചു് നിരൂപിക്കുകയാണെങ്കിൽ അവയെ നമുക്കു് നാലു് സാമാന്യഗണങ്ങളായിതിരിക്കാവുന്നതാണ്. 1) ചരിത്രം, 2) വിശ്വാസങ്ങൾ, 3) സദുപദേശങ്ങളേയും, സൽഗുണങ്ങളേയും സദാചാരമൂല്യങ്ങളേയും സംബന്ധിച്ചുള്ള പ്രബോധനങ്ങൾ, 4) മതവിഷയങ്ങൾ. ഈ നാലു് വിഷയങ്ങളും ബന്ധപ്പെട്ട നിലയിലാണ് കാണപ്പെടുക. ഇവയിൽ സാമാന്യേന ചരിത്രവിഷയകമായിട്ടുള്ള ഹദീസുകൾ എണ്ണത്തിൽ മികച്ചുനില്ക്കുന്നു. ഹദീസുകളുടെ ആകെ എണ്ണം വളരെ വിപുലവും എന്നാൽ അഭിപ്രായവ്യത്യാസങ്ങൾക്കിട നല്കുന്നതുമാണ്.

പില്ക്കാലത്തായി ഹദീസ് സാഹിത്യത്തിൽ വളരെ കൈകടത്തലുകളുണ്ടായിട്ടുണ്ടു്. ഇസ്ലാമിലെ കക്ഷിവ്യത്യാസങ്ങളും, ഭരണ്യധിപന്മാർ അന്യോന്യമുണ്ടായിരുന്ന കലഹങ്ങളുമാണ് ഇതിന്നു മുഖ്യകാരണം. ആയിരക്കണക്കിനു് കള്ള ഹദീസുകൾ നിർമ്മിച്ചവരുണ്ടത്രേ!

ഇമാം അലി (റ)യുടെ മാഹാത്മ്യങ്ങൾ വർണ്ണിക്കുന്ന ഹദീസുകൾ നശിപ്പിച്ച് തൽസ്ഥാനത്ത് മുആവിയ ഉസ്മാനെ വാഴ്ത്തുന്ന ഹദീസുകൾ പ്രചരിപ്പിക്കുവാനായി അമീർമുആവിയ തന്നെ കല്പിച്ചതായി തബ്രി പ്രസ്താവിച്ചുകാണുന്നുണ്ട്. ധാരാളികമായ പണം ജനങ്ങളെ രസിപ്പിച്ച് ഉപജീവനംചെയ്തിരുന്ന 'കിസ്സാസ്'കളും കല്പിതഹദീസുകളെ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഹദീസ് ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രചീകായ്യോഗ്യമെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ളതും, പ്രാധാന്യമേറിയതും താഴെപറയുന്ന 'സിഹാഹ്സിത്ത'യാകുന്നു.

1. ബുഖാരി:— അബൂഅബ്ദില്ലാഹി മുഹമ്മദ് ഇബ്നുഇസ്മായീലുബുഖാരി (റ)യാൽ സമാഹരിക്കപ്പെട്ടതു്. ഇദ്ദേഹം ഹി: 194ൽ ജനിച്ചു. 256ൽ ഇഹലോകവാസംവെടിഞ്ഞു. ഇദ്ദേഹത്തിന്റെ സുപ്രസിദ്ധഗ്രന്ഥമായ 'സഹീഹുബുഖാരി'യിൽ ഏഴായിരത്തിഇരുന്നൂറ്റി ഏഴുപത്തഞ്ച് ഹദീസുകളാണുള്ളതു്. അവ ആറുലക്ഷം ഹദീസുകളിൽനിന്നു് പ്രത്യേകം തിരഞ്ഞെടുത്തിട്ടുള്ളതാകുന്നു.

2. മുസ്ലിം:— ഈ ഗ്രന്ഥം അബുൽഹുസൈൻ മുസ്ലിം ഇബ്നുഹജ്ജാജിൽ നിസാബൂരി (റ)യാൽ ക്രോഡീകരിക്കപ്പെട്ടതാണു്. ഹി: 204ൽ ചിറന്നു് 261ൽ പരലോകംപൂകി. ഇദ്ദേഹത്തിന്റെ 'സഹീഹുൽമുസ്ലിമിൽ ഒമ്പതിനായിരത്തി ഇരുന്നൂറ് ഹദീസുകളാണുള്ളതു്. അവ മൂന്നുലക്ഷം ഹദീസുകളിൽനിന്നു് ഏറ്റെടുത്തവയാണു്.

3. അബൂദാവൂദ്:— ഈ ഗ്രന്ഥം സുലൈമാനി ബ്നുഅശ്അസ്സിജിസ്താനി (റ)യാൽ ലിഖിതമാക്കപ്പെട്ടതാണ്. ഇദ്ദേഹം ഹി: 202ൽ ജനിച്ചു 271ൽ മരിച്ചു.

4. തിർമദി:— അബൂഈസാ മുഹമ്മദ്ബ്നു ഈസാ (റ)യാൽ ഈ ഗ്രന്ഥം സചിത്രപിക്കപ്പെട്ടു. ഇദ്ദേഹം ഹി: 209ൽ ജാതനായി 279ൽ ദിവംഗതനായി.

5. നസാഇ:— അബൂഅബ്ദുൽറഹിമാൻ അഹമ്മദ്ഇബ്നുശുഐബ് (റ) 'നസാഇ' എന്ന ഹദീസ് ഗ്രന്ഥം സമ്പാദിച്ചു. ഇദ്ദേഹം ഹി: 215ൽ ജനിച്ചു 303ൽ അന്തരിച്ചു

6. ഇബ്നുമാജ:— ഈ ഗ്രന്ഥം അബൂഅബ്ദുല്ലാഹി മുഹമ്മദിബ്നുയസീദ്ബ്നു മാജ കസ്വിവീനി(റ)യാൽ സചിത്രപിക്കപ്പെട്ടതാണ്. ഇദ്ദേഹം ഹി: 209ൽ ജനിച്ചു 273ൽ മരിച്ചു.

പ്രസ്തുത ഗ്രന്ഥങ്ങളിലുള്ള ഹദീസുകൾ ഒരു ഗ്രന്ഥത്തിലുള്ളതുപോലെതന്നെ മറ്റു ഗ്രന്ഥങ്ങളിലും കാണുന്നതിനാൽ ഇവയിൽ ഇരട്ടിപ്പ് വരുന്നതിനെയെല്ലാം ഉപേക്ഷിച്ച് ഓരോ ഹദീസിനേയും അതിന്നാധാരപ്പെട്ടത്തേണമെന്നു പലർക്കും ഉദ്ദേശമുണ്ടായിരുന്നു. ആ ഉദ്ദേശത്തിന്റെ ഫലമായി രചിച്ച ഒരു ഗ്രന്ഥമാകുന്നു 'മിശ്ക്കാത്തുൽമസാബീഹ്' ആദ്യകാലത്തു് മസാബീഹ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഈ ഗ്രന്ഥം ബഗ്ദാദുകാരനും ഇമാംഅബൂമുഹമ്മദ്അൽഹുസൈൻഇബ്നുമസ്ഊദ്അൽഫാറാഹുൽബഗദി എന്നപേരിൽ വിഖ്യാതനുമായ മഹാനാൽ സചിത്രപിക്കപ്പെട്ടതാണ്.

ദാനഫലം.

പരിശുദ്ധമായ റമളാൻമാസമാണ്. വിശുദ്ധ നബിതിരുമേനി (സ)യുടെ പുത്രിയും, ഹസ്രത്തു് അലി (റ)യുടെ പത്നിയുമായ ഹസ്രത്തു് ഫാത്തിമാബീവി (റ) ഹസൻ (റ) എന്ന കുട്ടിയെ ഗർഭംധരിച്ചിരുന്ന അവസരം. ഗർഭിണികൾക്കു് അപൂർവ്വലഭ്യങ്ങളായ ചിലതു് ഭക്ഷിക്കുവാൻ ആഗ്രഹം ഉണ്ടാകുക എന്നതു് സാധാരണയാണല്ലൊ.

അതനുസരിച്ചു് ബീവി ഫാത്തിമ(റ)ക്കു് ഒരാഗ്രഹമുണ്ടായി. അവർ തന്റെ ഭർത്താവിനെ ആ വിവരമുണർത്തിച്ചു. 'ഞാൻ ഗർഭിണിയാണെന്ന കഥ അങ്ങക്കറിയാമല്ലൊ? എനിക്കു് ഒരു ഉറുമ്മാൻപഴം ഭക്ഷിക്കേണമെന്നു് അതിയായ ആഗ്രഹമുണ്ടു്. അതിനാൽ വലിയ ബുദ്ധിമുട്ടകാം ഇല്ലെങ്കിൽ അങ്ങു് എനിക്കൊരു ഉറുമ്മാൻപഴം വാങ്ങിത്തരണം.' ഹ: അലി അതുകേട്ടു് പുഞ്ചിരിതുകി. 'അതെ! കഴിയുന്നതും പഴം വാങ്ങിത്തരാൻ ഞാൻ ശ്രമിക്കാം.'

അനന്തരം സായാഹ്നമായപ്പോൾ ഹ: അലി (റ) ബസാറിലേക്കു് പോയി. അവിടെനിന്നു് വളരെ നല്ലതായ ഒരു ഉറുമ്മാൻപഴം ഹ: അലി(റ)വാങ്ങിച്ചു. പഴം കിട്ടിയപ്പോൾ ഹ: അലി (റ) അല്പം സന്തോഷിച്ചു. അതുമായി വീട്ടിലേക്കു് വരികയായിരുന്നു. വീടിനെ സമീപിക്കാറായപ്പോൾ ഒരു യാചകൻ ഹസ്രത്തു് അലി (റ)യെ സമീപിച്ചു. വൃദ്ധനായ ആ യാചകൻ

വിനയപൂർവ്വം അപേക്ഷിച്ചു 'ദയാനിധിയും ഉദാരശീലനുമായ വിശുദ്ധ നബിയുടെ ജാമാതാവേ! ഞാനൊരു നിർദ്ധനനും, നിസ്സഹായനും ഇപ്പോൾ വ്രതക്കാരനുമാണ്. പ്രഭാതമവസാനിപ്പിക്കേണ്ട സമയം ആസന്നമാകുന്നു! കൈവശം യാതൊന്നുമില്ലതാനും! അങ്ങെനിക്ക് നോമ്പ് മുറിക്കുവാനായി എന്തെങ്കിലും തരേണമെന്നപേക്ഷിക്കുന്നു.'

ഹ: അലി (റ) അല്പസമയം ആലോചിച്ചു. കൈവശം സ്വപത്നിക്കു കൊണ്ടുപോകുന്ന ഒരു ഉറുമാൻ പഴമൊഴികെ മറെറാന്നുമില്ല. അതു് ആ യാചകനു് നല്കുകതന്നെ ചെയ്തു ഹ: അലി (റ)

ഹ: അലി (റ) വീട്ടൽവന്നു. ബീവിഫാത്തിമ (റ) വിനയപൂർവ്വം ഉറുമാൻ പഴത്തിൻെറ കായ്ം ഭർത്താവിനെ ഉണർത്തിച്ചു. അദ്ദേഹം പറഞ്ഞു 'ഭവതീ! ഞാൻ ബസാറിൽനിന്നു നല്ലതായ ഒരു ഉറുമാൻ പഴം വാങ്ങിച്ചു. ഇങ്ങോട്ടു് വരുന്നമദ്ധ്യേ ഒരു മുസ്ലിം സഹോദരൻവന്നു അദ്ദേഹം വ്രതം അനുഷ്ഠിക്കുന്നുവെന്നും, വ്രതമവസാനിപ്പിക്കാൻ യാതൊന്നുമില്ല; എന്തെങ്കിലും നല്കേണമെന്നും ആവശ്യപ്പെട്ടു. എൻെറ കൈവശം മറെറാന്നുമുണ്ടായിരുന്നില്ലാത്തതിനാൽ ഞാനാ പഴം അദ്ദേഹത്തിനു സഖേ(ദാനം)ചെയ്തു! ആവശ്യപ്പെട്ടവരെ വെറുതെ മടക്കുന്നതു് നീതിയല്ലല്ലോ.'

പ്രവാചകപ്രഭുവിൻെറ പുത്രി മധുരമായൊന്നു് മന്ദഹസിച്ചു. എന്നിട്ടു് സ്വഭർത്താവിനോടു് പറഞ്ഞു 'അങ്ങു് അങ്ങിനെ ചെയ്തതിൽ ഞാൻ അങ്ങയെ അത്യ

ധികം അഭിനന്ദിക്കുന്നു. ആ 'മിസ്കീൻ' പഴം ഭക്ഷിക്കുന്നതു് ഞാൻ കഴിക്കുന്നതിനേക്കാൾ എനിക്കു് സന്തോഷകരമാണു്. അങ്ങയുടെ 'സദഖ' (ദാനം) അല്ലാഹു സ്വീകരിക്കട്ടെ!'

ആ ദമ്പതികൾ അനന്തരകൃത്യങ്ങളിൽ വ്യാപൃതരായി. നബിതിരുമേനി(സ)യുടെ സന്നിധിയിൽ മലക്കു് ആഗതനായി. അതിവിശിഷ്ടമായ പത്തു് ഉറുമാൻപഴങ്ങൾ മലക്കു് നബിസന്നിധിയിൽവെച്ചുകൊണ്ടു്, കഴിഞ്ഞ വിവരങ്ങൾ മലക്കു് നബിയെ അറിയിച്ചു. നബി (സ)സന്തോഷപൂർവ്വം അതു സ്വീകരിച്ചു. ഹ:സൽമാനൽ ഫാരിസി (റ) യുടെ പക്കൽ ആ പഴങ്ങൾ ഹ: അലി(റ) യുടെ അടുക്കലേക്കു് കൊടുത്തയച്ചു. ഹ: സൽമാനാവട്ടെ പരീക്ഷണാർത്ഥം ഒമ്പതു് പഴങ്ങൾ ഹ: അലി (റ) യ്ക്കു് നല്കിയിട്ടു് നബിതിരുമേനി (സ) തന്നയച്ചതായി അറിയിച്ചു. ഹ: അലി (റ) അതു് 'തിരസ്കരിച്ചുകൊണ്ടു്' പറഞ്ഞു. 'എനിക്കു് കായ്കളുടെ മനസ്സിലായി. ഒന്നിനും പത്തുവീതം പ്രതിഫലമുണ്ടെന്നു അല്ലാഹു അറിയിച്ചിട്ടുള്ളതാണു്. അതൊരിക്കലും ഒമ്പതാകുകയില്ല.'

ഹ: സൽമാൻ (റ) ഉടൻതന്നെ മറച്ചുവെച്ചിരുന്ന ഒരു പഴംകൂടി നല്കിയിട്ടു് പരീക്ഷണമായിരുന്നെന്നും ക്ഷമിക്കേണമെന്നും പറഞ്ഞു. അതു് സസന്തോഷം സ്വീകരിച്ചു് ആ ദമ്പതികൾ അതിരറ്റു് സന്തോഷിക്കുകയും അല്ലാഹുവിനെ സ്തോത്രം ചെയ്കയും ചെയ്തു.

വിശുദ്ധ
ഖുർആനിൽ നിന്നു്.

'സത്യവിശ്വാസികളെ! ഒരുകൂട്ടർ മറ്റൊരുകൂട്ടരെ പരിഹസിക്കരുതു്; പരിഹസിപ്പെടുന്നവർ പരിഹസിക്കുന്നവരേക്കാൾ — ഒരു പക്ഷേ — ഉത്തമന്മാരായിരുന്നേക്കാം. സ്ത്രീകൾ സ്ത്രീകളേയും പരിഹസിക്കരുതു്; പരിഹാസ്യകൾ പരിഹാസികളേക്കാൾ ഉത്തമകളായിരുന്നേക്കാം നിങ്ങളന്യോന്യം ദുഷിക്കുകയോ, പരിഹാസപ്പേരുകൾ ഉപയോഗിച്ചു നിന്ദിക്കുകയോ അരുതു്. വല്ലവരും പശ്ചാത്തപിക്കാതിരുന്നാൽ അവരത്രേ അക്രമികൾ.' (വി. ഖു: 49—11)

താൻ ഇതരന്മാരെ അപേക്ഷിച്ചു യോഗ്യനും, ഉത്തമനുമാണെന്നും, മറ്റാരും തന്നോടു് കിടനില്ക്കയില്ലെന്നുമുള്ള ഒരു നീചമനോഭാവമാണല്ലേ പരിഹാസത്തിന്റെ ഹേതു. സമ്പത്തിലും, അറിവിലും, സ്ഥാനവലിപ്പങ്ങളിലും പ്രഥമന്മാരായവരിൽ ഈ ദുർഗ്ഗുണം താരതമ്യേന കാണാം. ഇതുമൂലം കുടുംബത്തിലും, സമുദായത്തിലും, സംഘടനയിലും, രാഷ്ട്രത്തിലും പലവിധ വഴക്കുകളും അഭ്യന്തര കലഹങ്ങളും ഉണ്ടാകാവുള്ളതു് അനുഭവസിദ്ധവുമാണല്ലോ. ഒരാൾ ഇതരനേക്കാൾ ഉത്തമനാണെന്നു നടിക്കത്തക്കയാതൊരർഹതയും യാതൊരാൾക്കുമില്ലെന്നാണു് ഖുർആൻ പ്രഖ്യാപിക്കുന്നതു്. പരിഹാസത്തിനുപാത്രമായവർ പരിഹസിച്ചവനേക്കാൾ അല്ലാഹുവിന്റെ അടുക്കൽ ഉത്തമനായിരിക്കാൻ സാദ്ധ്യതയുള്ളതുകൊണ്ടു്, ഒരു മുസൽമാനും ഇതു ചെയ്യുപോകരുതെന്നും ഈ സൂക്തം അനുശാസിക്കുന്നു. ഈ ദുർഗ്ഗുണം

"ചിന്തകൻ" മാസികയിൽ പ്രസിദ്ധീകരിച്ചിരുന്നതു്.

സ്ത്രീജനങ്ങളിൽ അധികമായി കണ്ടുവരുന്നതാകയാൽ അവരെ പ്രത്യേകം എടുത്തുപറഞ്ഞിരിക്കയാണു്.

'സത്യവിശ്വാസികളെ! മിക്ക ഊഹങ്ങളേയും നിങ്ങൾ വർജ്ജിക്കുവിൻ! നിശ്ചയമായും ഊഹങ്ങളിൽ ചിലതു് കാറകരമാകുന്നു; അന്യരുടെ ദോഷങ്ങളെ ചുഴിഞ്ഞന്വേഷിക്കുകയും അരുതു്. നിങ്ങൾ അന്യോന്യം പരദൂഷണം ചെയ്യരുതു്. നിങ്ങളിൽ ആരെങ്കിലും മരിച്ച സഹോദരന്റെ മാംസം ഭക്ഷിക്കുവാൻ ഇഷ്ടപ്പെടുമോ? ഇല്ല. അതിനെ നിങ്ങൾ വെറുക്കും. നിങ്ങൾ അല്ലാഹുവിനോടു് ഭയഭക്തിയുള്ളവരായിരിക്കുക. അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാവാരിധിയുമാകുന്നു. (വി. ഖു. 49—12.)

മാനവസമൂഹത്തെ സാംസ്കാരികമായികമായും, സാമൂഹ്യമായും, രാഷ്ട്രീയമായും മാത്രമല്ല എല്ലാമാർഗ്ഗങ്ങളിൽകൂടിയും ഉയർത്തിമാതൃകായോഗ്യമാക്കിത്തീർക്കുന്ന അദ്ധ്യയനങ്ങളാണു് വിശുദ്ധ ഖുർആനിലുള്ളതു്. മനുഷ്യരിൽ സാധാരണയായി കണ്ടുവരാറുള്ള ഏതാനും ദോഷങ്ങളേയാണു് ഈ സൂക്തങ്ങളിൽ ചൂണ്ടിക്കാണിക്കുന്നതു്. സാമൂഹ്യജീവിതത്തെ സാരമായി സ്പർശിക്കുന്ന മൂന്നു ദോഷങ്ങളെ ഖുർആൻ എടുത്തുപറഞ്ഞു. ഊഹം അഥവാ തെറ്റിദ്ധാരണ. ഇതുസംബന്ധിച്ചു് നബി (സ) പറയുന്നു. 'ദുശ്ശങ്കകളെ ഉപേക്ഷിക്കുക. എന്തുകൊണ്ടെന്നാൽ തെറ്റിദ്ധാരണ വലിയ ദോഷമാകുന്നു. അന്യരുടെ ദൂഷണവാക്കുകളെ നിങ്ങൾ വിശ്വസിക്കരുതു്. ഇതരന്മാരുടെ ദോഷങ്ങളെ ഉറ്റുനോക്കുകയും അരുതു്. നിങ്ങൾ അന്യോന്യം മത്സരിക്കുകയോ, അസൂയപ്പെടുകയോ, ക്രോധിക്കുകയോ, ശണ്ഠ ഉണ്ടാക്കുക

യോ, ചതിപ്രയോഗങ്ങൾ പ്രയോഗിക്കുകയോ ചെയ്യരുത്. ദൈവദാസന്മാരെ! നിങ്ങൾ സഹോദരന്മാരായിട്ടുകൂടി ജീവിക്കുവിൻ.' (ബു) അന്യരുടെ ദോഷങ്ങളെ കണ്ടുപിടിക്കുവാനുള്ള ശ്രമം സാമൂഹ്യജീവിതത്തെ അലങ്കോലപ്പെടുത്തുന്നതാകയാൽ ഒരു മുൽമനും പാടില്ലാത്തതാണെന്നും പ്രകൃത സൂക്തം ഉൽഘോഷിക്കുന്നു. സാമൂഹ്യ ജീവിതത്തെ മലീമസമാക്കുന്ന മറെറാരു നികൃഷ്ടസ്വഭാവമാണ് പരദൂഷണം. നബിതിരുമേനി (സ) ഒരിക്കൽ സഹാബികളോടുചോദിച്ചു. 'പരദൂഷണം എന്നാൽ എന്തെന്നു നിങ്ങൾക്കറിയാമോ?' 'അല്ലാഹുവും റസൂലും കൂടുതൽ അറിയുന്നു.' സഹാബികൾ പറഞ്ഞു. അവിടുന്നു പ്രതിവചിച്ചു:— 'നിങ്ങളുടെ സഹോദരനെ പററി അവൻ ഇഷ്ടപ്പെടാത്ത വല്ലതും പറയുക.' അന്നായികൾ തുടർന്നുചോദിച്ചു. 'പ്രവാചകപ്രഭോ! ഞാൻ പറയുന്നതു് ആ സഹോദരനിൽ ഉള്ളതാണെങ്കിലോ;' നബി (സ) പറഞ്ഞു:— 'നീ പറയുന്നതു് അവനിലുള്ളതാണെങ്കിൽ അതാണു് പരദൂഷണം; നീ പറയുന്നതു് അവനിലില്ലാത്തതാണെങ്കിൽ നീ അവനെ സംബന്ധിച്ചു് കളവു് പറഞ്ഞു.' (ബു)

'മനുഷ്യരെ! നിങ്ങളെ ഒരു പുരുഷനിൽ നിന്നും സ്ത്രീയിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു. അന്യോന്യം പരിചയിക്കുവാൻവേണ്ടി—തിരിച്ചറിയുവാൻ വേണ്ടി നിങ്ങളെ നാം പലവർഗ്ഗങ്ങളും, ഗോത്രങ്ങളുമാക്കി തരംതിരിക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹുവിൻെറ അടുക്കൽ അത്യുത്തമൻ നിങ്ങളിൽ അധികം ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും ജാഗ്രതയുള്ളവനുമാണു്.' (വി. ഖു. 49. 13)

ഒരാൾ തന്റെ സഹോദരനെ നീചനും തന്നോട് കിടപിടിക്കുവാൻ യോഗ്യതയില്ലാത്തവനുമാണെന്നും ഗണിക്കുമ്പോഴാണല്ലോ മുൻവചനങ്ങളിൽ വിരോധിക്കപ്പെട്ട നീചസ്വഭാവങ്ങൾ ഉത്ഭവിക്കുന്നതു്, അന്യോന്യം തൊട്ടുകൂടായ്മയും ഉച്ചനീചത്വവും കല്പിക്കുന്നതു് നിഷിദ്ധവും യുക്തിവിരുദ്ധവുമാണെന്നും ഈ സൂക്തം സ്ഥാപിക്കുന്നു. മനുഷ്യരെല്ലാം ഒരേ മാതാവിന്റെയും പിതാവിന്റെയും സന്താനങ്ങളാകുന്നു. തദ്വാരാ മനുഷ്യരെല്ലാം ഒരുപോലെയെന്നല്ലാതെ ചിലർ ഉന്നത തറവാട്ടുകാരും തന്മൂലം മേന്മ അവകാശപ്പെടുന്നവരും, മറ്റു ചിലർ താഴ്ന്ന തറവാട്ടുകാരും അയോഗ്യരും ആണെന്നും വിശ്വസിച്ചാചരിക്കുന്ന സമ്പ്രദായം ഇസ്ലാമിലില്ലെന്നും ഖുർആൻ സയുക്തികം സമർത്ഥിക്കുന്നു. ഇതിനെ വിശദീകരിച്ചുകൊണ്ടു് മറ്റൊരിടത്തിൽ ഖുർആൻ പറയുന്നു: 'ജനങ്ങളെ! നിങ്ങളുടെ നാഥനെ ഭയപ്പെട്ടുവിൻ! അവൻ നിങ്ങളെ ഒറ്റ മനുഷ്യനിൽനിന്നും സൃഷ്ടിക്കുകയും അവരിൽ നിന്നു് അനേകം സ്ത്രീപുരുഷന്മാരെ പ്പെരുപ്പിക്കുകയും ചെയ്തു.' (വി: ഖു.)

ഒരാൾക്കു് മറ്റൊരാളേക്കാൾ വല്ല മാഹാത്മ്യവും ഉണ്ടെങ്കിൽ അതു് അല്ലാഹുവിനു് വഴിപ്പെട്ടുനടപ്പതിലും തന്മൂലം അല്ലാഹുവിങ്കൽ നല്ലവനായിത്തീരുകയെന്നതിലും മാത്രമാകുന്നു. മനുഷ്യവംശത്തിന്റെ പൊതുവെയുള്ള സമത്വത്തേയും സാഹോദര്യത്തേയും ലോകരംഗത്തിൽ ഒന്നാമതായി പ്രഖ്യാപിച്ചതു് ഇസ്ലാംമതപ്രബോധകരായ മുഹമ്മദ് മുസ്തഫാ (സ) യാണെന്നു് ലോകപ്രസിദ്ധമാണല്ലൊ. നബിതിരുമേനി (സ) ഹ

ജുത്തൽവിദാഅ് (തിരുമേനിയുടെ അവസാനഹജ്ജ്) കഴിഞ്ഞുകൊണ്ടുള്ള ചരിത്രപ്രസിദ്ധമായ ആ പ്രസംഗത്തിൽ അവിടുന്നു പറഞ്ഞു: 'ജനങ്ങളെ! അല്ലാഹു നിങ്ങളിൽനിന്നു് അജ്ഞാതകാലത്തെ ദുരഭിമാനത്തേയും കുലമഹിമ പൊല്ലിയുള്ള ആഭിജാത്യപ്രകടനങ്ങളേയും നശിപ്പിച്ചിരിക്കുന്നു. ജനങ്ങൾ രണ്ടു തരക്കാരാണു്. പുണ്യവാനും ഭക്തനും അല്ലാഹുവിന്റെ അടുക്കൽ മാന്യനായും, ദുർമ്മാർഗ്ഗിയും തെമ്മാടിയും അല്ലാഹുവിന്റെ അടുക്കൽ നീചനും ആയിരിക്കും.' നബി (സ:) തുടർന്നു് പ്രഖ്യാപിച്ചു. 'അറിയുക! അറബിക്കു് അനറബിയേക്കാളോ, അനറബിക്കു് അറബിയേക്കാളോ യാതൊരു മാഹാത്മ്യവും ഇല്ല. വെളുത്തവനു് കറുത്തവനെ അപേക്ഷിച്ചു് യാതൊരു മേന്മയും ഇല്ല. നിങ്ങളെല്ലാം ആദമിൽനിന്നുള്ളവരാകുന്നു. ആദം മണ്ണിൽനിന്നു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു നിങ്ങളുടെ രൂപങ്ങളേയോ, സാമ്പത്തികമേന്മയേയോ നോക്കുന്നില്ല. പ്രത്യുത, നിങ്ങളുടെ ഹൃദയങ്ങളേയും പ്രവർത്തികളേയുമാണു് നോക്കുന്നതു്.'

വി. ഖുർആനിന്റെ ഈദൃശങ്ങളായ ആജ്ഞകളെ അടിസ്ഥാനമാക്കി നമ്മുടെ സ്ഥിതി നാം പരിശോധിക്കേണ്ടിയിരിക്കുന്നു. സ്വാഭാവികമായും സാംസ്കാരികമായും നാം എത്രകണ്ടു് അധഃപതിച്ചുപോയി! ഇനിയും നാം ഖുർആനിലേക്കും നബിതിരുമേനിയുടെ ആജ്ഞകളിലേക്കും മടങ്ങുന്നില്ലെങ്കിൽ നമ്മുടെ ഭാവി ഭയങ്കരമായിരിക്കും.

മാതൃകാത്യാഗങ്ങൾ.

അറേബ്യാപൂണ്യഭൂമി. മക്കയിൽനിന്നു് മദീന യിലേക്കും, മദീനയിൽനിന്നു് മക്കയിലേക്കും ജനങ്ങൾ സഞ്ചരിച്ചുകൊണ്ടിരിക്കയാണു്. വഴിയിൽ അങ്ങി ങ്ങായി ഈത്തപ്പനത്തോട്ടങ്ങളുണ്ടു്. ഈ തോപ്പുകളിൽ അവയുടെ പാറാവുകാക്കു് വസിക്കുവാനായി കുരപ്പുരക ളുമുണ്ടു്. അസഹ്യമായ വെയിലേറ്റു് വാടിത്തളർന്ന യാത്രക്കാർ ഈ തോപ്പുകളിൽ വിശ്രമിക്കുക പതിവാ ണു്. കൂളിമ്മയേറിയ കാറ്റു് അവരെ തഴുകിത്തലോ ടാറുണ്ടു്.

അതാ! ആ മദ്ധ്യാഹ്നനേരത്തു് ആരോഗ്യദൃഢഗാ ത്രനും, സുന്ദരനുമായ ഒരു യുവാവു് ഒട്ടകപ്പുറത്തു് ആ തോട്ടത്തിലേക്കു് കടന്നുചെല്ലുന്നു. സമീപത്തുണ്ടായി രുന്ന ഒരു പോലയിൽനിന്നു് അദ്ദേഹം ഒട്ടകത്തിനൊ രാഹാരത്തിനും ശമനംവരുത്തി. അദ്ദേഹവും അല്പം വെ ള്ളംകുടിച്ചശേഷം 'വുള്ള' ഉണ്ടാക്കിക്കൊണ്ടു് തന്റെ ഒ ട്ടകത്തെ മേയുവാൻവിട്ടിട്ടു് നമസ്കാരത്തിന്നായിനിന്നു. നമസ്കാരാനന്തരം ക്ഷിണാധിക്യത്താലും, തോട്ടത്തി ലെ സുഖത്താലും അല്പം കിടന്നുറങ്ങിപ്പോയി. ഒട്ടകം മേഞ്ഞുമേഞ്ഞു് ആ തോട്ടത്തിൽനിന്നകന്നു് ഉരുമാവു വൃക്ഷങ്ങൾ നിറഞ്ഞ ഒരു തോപ്പിലെത്തി. ആ വൃ ക്ഷങ്ങൾ പുഷ്പങ്ങളാലും ഫലങ്ങളാലും കമനീയവും, കാ ഴ്ചക്കു് മോഹനവും ആയി വിലസുകയാണു്. ആ

തോട്ടത്തിന്റെ ഉടമസ്ഥൻ ഒരു വൃദ്ധനെ അവിടെ പാറാവിനേല്പിച്ചിരുന്നു.

ഒട്ടകം തന്റെ തോട്ടത്തിൽ കടന്നപ്പോൾ കാവൽക്കാരൻ ബദ്ധപ്പെട്ടു വന്നു് അതിനെ ആട്ടി അകറ്റി. ഒട്ടകം പോയിരിക്കുമെന്നു കരുതി കാവൽക്കാരനായ വൃദ്ധൻ താൻ മുടഞ്ഞു കൊണ്ടിരുന്ന ഈത്തപ്പനയോല പായ മുടയുവാൻ തുടങ്ങി. കുറെ കഴിഞ്ഞപ്പോൾ മുറെറാരു ഭാഗത്തുകൂടി ഒട്ടകം വീണ്ടും തോട്ടത്തിലേക്കു വന്നു. വൃദ്ധനു് അല്പം കോപം തോന്നിയെങ്കിലും എഴുന്നേറ്റു ചെന്നു് അതിനെ ആട്ടിപ്പുറത്താക്കി. അദ്ദേഹം വീണ്ടും പായ മുടയുവാൻ തുടങ്ങി. അല്പം കൂടി കഴിഞ്ഞപ്പോൾ വേറെ ഒരു വഴിയിലൂടെ ഒട്ടകം പിന്നെയും തോട്ടത്തിൽ കടന്നു

ഇത്തവണ വൃദ്ധൻ കോപിച്ചെഴുന്നേറ്റു ചെന്നു് ഒരു കല്ലെടുത്തു് ഉന്നക്കോടെ ഒട്ടകത്തെ എറിഞ്ഞു. ആ ഏറു കൊണ്ടു് ഒട്ടകം ഒന്നു് ഞെട്ടി. കുറച്ചു നടന്നു് ചെട്ടെന്നു് വീണു. അധികം താമസിയാതെ അതു് ചത്തുപോയി. ഏറു കൊണ്ടതു് മർമ്മസ്ഥാനത്തായിരുന്നു. ശാന്തനും ക്ഷമാശീലനുമായ ആ വൃദ്ധൻ താൻ മനഃപൂർവ്വമല്ലാതെ ചെയ്തതു് ഇത്രയും അബദ്ധമായല്ലോ എന്നുകരുതി വ്യസനിച്ചു. ഒട്ടകം ആരുടേതായിരിക്കും, ഇനി എന്തുവേണം എന്നെല്ലാം ആലോചിച്ചു് അങ്ങിനെ ഇരുന്നുപോയി ആ വൃദ്ധൻ.

ഇത്രയുമായപ്പോഴേക്കും നമ്മുടെ യുവാവു് ഉണർന്നു. അദ്ദേഹം എഴുന്നേറ്റു് യാത്രതുടരുവാനായി ഒട്ടകത്തെ

നോക്കി. കാണാതായപ്പോൾ കാലടി നോക്കി നമ്മുടെ വൃദ്ധനിരിക്കുന്നേടത്തെത്തി. ഒട്ടകത്തിനു പിണഞ്ഞ ആപത്തറിഞ്ഞു് യുവാവു് കോപിച്ചു. അയാളുടെ വാഹനമാണല്ലോ ഒട്ടകമെന്നതു് അയാളുടെ കോപത്തിനു് മാറ്റുകൂട്ടി. ഒട്ടകത്തിന്റെ വിലകൊടുക്കാമെന്നു വൃദ്ധൻ പറഞ്ഞിട്ടും ആ യുവാവു് ശാന്തനായില്ല; കോപാന്ധനായ യുവാവു് അതേ കല്ലുകൊണ്ടെറിഞ്ഞു് വൃദ്ധനെകൊന്നു. അല്പം കഴിഞ്ഞപ്പോൾ യുവാവിനു് സംഗതിയുടെ ഗൌരവം മനസ്സിലായി. മഹാപാപമാണല്ലോ താൻ ചെയ്തതു് എന്നോർത്തു അയാൾ പരിതപിച്ചു. ഒരു മുസൽമാനായ ഞാൻ കോപിക്കുകയും കൊലപാതകം ചെയ്കയും ചെയ്തല്ലോ എന്നോർത്തു യുവാവു് വിലപിച്ചു തുടങ്ങി. ഇനി എന്താണു് വേണ്ടതെന്നറിവാനായി യുവാവു് തോട്ടത്തിന്റെ ഉടമസ്ഥനെ കണ്ടു് വിവരം ധരിപ്പിച്ചു ഉടമസ്ഥൻ വൃദ്ധന്റെ മക്കളെ വരുത്തി അവരെ ഖലീഫ ഉമർ (റ) ന്റെ അടുക്കലേക്കയച്ചു.

ഉമർ (റ) യ്ക്കു് കൂടുതൽ വിസ്തരിക്കേണ്ടിവന്നില്ല. കുറക്കാരൻ കുറ്റം ഏറ്റു പറയുന്നു. ഇസ്ലാംമത വിധിപ്രകാരം ഘാതകനെ വധിക്കുവാൻ ന്യായാധിപധി വിധിച്ചു.

വിധികേട്ടു് യുവാവു് പൊട്ടിക്കരഞ്ഞു. ചെറുപ്പമാണു്. യുവതിയായ ഭാര്യയും രണ്ടോമന പൈതങ്ങളും യുവാവിനെ പ്രതീക്ഷിച്ചിരിക്കുകയാണു്. വൃദ്ധയായ മാതാവു് മകനെ നോക്കിയിരിക്കുന്നുണ്ടാകും! എന്തുചെയ്യാം! മഹാപാതകമാണു് താൻ ചെയ്തതു്! ശിക്ഷ

അനുഭവിക്കുവാൻ അദ്ദേഹം തീച്ചയാക്കി! പക്ഷെ അന്ത്യനാളയിൽ കടബാദ്ധ്യതകൾ തീർക്കുക, അനാമത്തുകൾ തിരിച്ചേല്പിക്കുക, എന്നിങ്ങനെയുള്ളവ ആവശ്യങ്ങളാണല്ലോ. തന്റെ നാട്ടിൽപോയി അവയെല്ലാം നിവ്വഹിച്ചുപോരുവാൻ യുവാവ് കോടതിയുടെ സമ്മതത്തിന്നപേക്ഷിച്ചു. ആഗ്രഹം നല്ലതാണെങ്കിലും നിയമത്തിന്നു് വിരുദ്ധമായി വിട്ടയക്കുവാൻ കോടതിക്കു് നിവൃത്തിയില്ലല്ലോ. ജാമ്യം നൽകിയാൽ വിട്ടയക്കാമെന്നു കോടതികല്പിച്ചു. അന്യനാട്ടുകാരനും അപരിചിതനും ആയ ആ യുവാവിന്നു് ആരാണു് ജാമ്യം നില്ക്കുക.

നമസ്കാരസമയമാണു്! പള്ളിയിൽ ധാരാളം ആളുകളുണ്ടു്. കൊലക്കുറ്റത്തിന്നു വിധിക്കപ്പെട്ട ആൾക്കു് ആരാണു് ജാമ്യത്തിന്നുവേണ്ടി ഹാജരാവുക! ആരോടു് അപേക്ഷിക്കും. ആ യുവാവു് ജനക്കൂട്ടത്തോടു് കണ്ണുനീർപൊഴിച്ചു് ജാമ്യത്തിന്നപേക്ഷിച്ചു. സർവ്വത്ര നിശബ്ദതയാണു്! ആരുമാരും ശബ്ദിക്കുന്നില്ല. ആ യുവാവിന്റെ അപേക്ഷക്കു് ആരും മറുപടി നൽകുന്നുമില്ല.

പള്ളിയുടെ ഒരു ഭാഗത്തു് എന്തോ? ഒരു വിശേഷത! എല്ലാവരും അങ്ങോട്ടുനോക്കി. ഒരാൾ ധൈര്യവാനായി മുന്നോട്ടുവരുന്നു! ആ മനുഷ്യൻ യുവാവിനെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു. 'സഹോദരാ! പോകുക! ലോകബാദ്ധ്യതകൾ തീർത്തുവരിക. പരലോകയാത്രക്കു് തയ്യാറായി തിരിച്ചുവരിക.' അനന്തരം ബലീഫയോടു് പറഞ്ഞു. 'ഇദ്ദേഹത്തെ വിട്ടയച്ചാലും! ഞാൻ ഈ സഹോദരനു ജാമ്യംനില്ക്കുന്നു. ശിക്ഷക്കു് ഞാൻ പരിപൂർണ്ണ ഉത്തരവാദിത്വം വഹിക്കുന്നു.'

ഖലീഫ ഇതു കേട്ടു് നിങ്ങൾ ആ യുവാവിന്റെ ആരാണെന്നു് അന്വേഷിച്ചപ്പോൾ ആ ധീരപുരുഷൻ ഇങ്ങിനെ പ്രതിവചിച്ചു. 'ഒരു ഇസ്ലാമിക സഹോദരൻ എന്നതിൽകവിഞ്ഞു് യാതൊന്നും ഞങ്ങൾതമ്മിൽ ഇല്ല. ആപല്ഘട്ടത്തു് അന്യോന്യം സഹായിക്കുകയും വിശ്വസിക്കുകയുംചെയ്യുകയല്ലേ യഥാർത്ഥസാഹോദര്യം! ആപത്തിൽ രക്ഷിക്കുകയല്ലേ ബന്ധുത്വം?'

ആ യുവാവു് വീട്ടിൽ എത്തി. അദ്ദേഹത്തെ പ്രതീക്ഷിച്ചു് അക്ഷമരായിരുന്ന മാതാവിനും ഭാര്യക്കും അദ്ദേഹത്തിന്റെ ആഗമനം വളരെ സന്തോഷപ്രദമായിരുന്നു. പൈതങ്ങൾ പിതാവിനെകണ്ടു് ആനന്ദിച്ചു. രണ്ടുദിനത്തിനകം കുഞ്ഞുങ്ങളെയും, ഭാര്യയേയും, മാതാവിനേയും, സ്വന്തജനങ്ങളേയും ഈ ലോകത്തെ തന്നെയും വെടിയേണ്ടിവരുമല്ലോ എന്നോർത്തു് ആ യുവാവു് ഏറെ വ്യസനിച്ചു. മനസ്സു് മടുത്തു! മുഖം താമരപ്പൂ വാടിയതുപോലെ മ്ലാനമായിതീർന്നു.

ഈ ഭാവഭേദത്തിന്റെ കാരണം പലതവണ പത്നി ആരാഞ്ഞെങ്കിലും ആ ധീരയുവാവു് അതു മറച്ചുവെച്ചു. അദ്ദേഹം പണമിടപാടുകളുണ്ടായിരുന്നവരെക്കണ്ടു് അവകളെല്ലാം അവസാനിപ്പിച്ചു.

അവസാനം യുവാവു് തന്റെ യഥാർത്ഥവിവരങ്ങളും മാതാവിനേയും ഭാര്യയേയും അറിയിച്ചു് യാത്രാനുമതി ചോദിച്ചു. ഭർത്താവു് അകാലമരണം പ്രാപിക്കുവാൻ പോകുന്നുവെന്നറിഞ്ഞു് ഭാര്യവ്യസനാക്രാന്തയായി വീണു. മാതാവു് പൊട്ടിക്കരഞ്ഞു. കുട്ടികൾ അന്യോന്യം കെട്ടിപ്പുണർന്നു് വിലപിക്കുകയാണു്. ബന്ധുമി

തുങ്ങൾ ഓടിയെത്തി പോകരുതേ! പോകരുതേ! ഭാര്യ വിധവയാകും, കുട്ടികൾ അനാഥരാകും! മാതാവ് അനാശ്രയയാകും എന്നെല്ലാം ഉപദേശിക്കുകയാണ് അദ്ദേഹം ദൃഢസ്വരത്തിൽ മറുപടിപറഞ്ഞു: 'അരുത്! വാഗ്ദത്തലംഘനം അരുത്. അതൊരു മുസൽമാനു് അനുയോജ്യമല്ല; ഞാൻ പോകും! എന്റെ സഹോദരനെ ഞാൻ കൊലക്കളത്തിൽ നിന്നു് രക്ഷിക്കുന്നതിച്ച.'

ബോധരഹിതയാകുന്ന മാതാവിനേയോ, മാറത്തടിച്ചുവിലപിക്കുന്ന ഭാര്യയേയോ, അരയിൽതൂങ്ങുന്ന കുഞ്ഞുങ്ങളേയോ, കണ്ണുനീർ വാക്കുന്ന സ്നേഹിതന്മാരേയോ ചിന്തിക്കാതെ, ധീരനായി ആ യുവാവ് സത്യത്തെയും നീതിനിഷ്ഠയേയും മുറുകെപിടിച്ചു് അതാ ഒരു ഒട്ടകപ്പുറത്തു് കയറി പുറപ്പെട്ടുകഴിഞ്ഞു!

മരണശിക്ഷ നടത്തുവാൻ നിശ്ചയിച്ച ദിവസം പ്രഭാതമായി; മദ്ധ്യാഹ്നമായി; സായാഹ്നമായി. പള്ളിയിലും പരിസരങ്ങളിലും ജനങ്ങൾ വന്നു് നിറഞ്ഞു. ഹസ്രത്തു് അബൂഅൽഗഹാരി (റ)യാണ് നമ്മുടെ യുവാവിന്നു് ജാമ്യംനിന്നിട്ടുള്ളതു്. പ്രതി ഇതുവരേയും എത്തിക്കഴിഞ്ഞിട്ടില്ല. ശിക്ഷ അന്നുതന്നെ നടത്താതിരിക്കുവാനും നിവൃത്തിയില്ല. ജനങ്ങൾ പലതും പല അഭിപ്രായക്കാരാണ്. വളരെ ധിക്കാരമായി, വിഡ്ഢിത്തമായി, ആണത്തമായി, അവിവേകമായി, അഹങ്കാരമായി, അല്ലാഹുവിന്റെ വിധിയാണു് എന്നിങ്ങനെ നീങ്ങുന്ന ജനാവലിയുടെ അഭിപ്രായങ്ങൾ! നിരപരാധിയായ ജാമ്യക്കാരൻ മരണശിക്ഷക്കു് വിധേയ

നായതിൽ ജനങ്ങൾക്കു് പൊതുവെ വ്യസനമുണ്ടു്. ഇതാ സായാഹ്നവും കഴിയാറാവുന്നു. ജനങ്ങൾ ആകമാനം ഉൽക്കണ്ഠാകുലരായി. ഹസ്രത്തു് അബൂഉൽഗഫാരി (റ)ക്കു് യാതൊരു വ്യസനവും പരിഭ്രാന്തിയും ഇല്ല. അദ്ദേഹം ശാന്തനായി നിലകൊള്ളുകയാണു്. അല്ലാഹുവിന്റെ വിധി എന്തായാലും അതു് സംഭവിച്ചുകൊള്ളട്ടെ! എന്ന ഉറച്ച വിശ്വാസമാണു് അദ്ദേഹത്തിന്നു് ഉള്ളതെന്നു് മുഖഭാവം കണ്ടാൽ മനസ്സിലാക്കാം.

സംഗതികൾ ഏതുവിധം ആയിരുന്നാലും നിയമം നടത്തുകയാണല്ലോ ന്യായാധിപനീതി! അവരതിന്നു തയ്യാറാവുകയാണു്. മഗ്‌രിബി ആസന്നമാവുകയാണു്. ഹസ്രത്തു് ഗഫാരി (റ) പ്രാർത്ഥനക്കനുമതി വാങ്ങി, ഭക്തിപാരവശ്യത്തോടെ നമസ്കാരം നടത്തി. ഒരു ചെയ്യു് ശിക്ഷനടത്തുന്ന സ്ഥലത്തുചെന്നു് നില്പായി. ഹസ്രത്തു് ഗഫാരി (റ)യെ കണ്ട ജനങ്ങൾ ദുഃഖസൂചകമായി ചിറചിറുത്തു. അനന്തരം അവിടെ ശാന്തമായി. നിശ്ശബ്ദം! ഹസ്രത്തു് ഗഫാരി (റ) യുടെ മുഖം സന്തോഷത്താൽ കൂടുതൽ പ്രസന്നമാവുകയാണു്!

നിശ്ചേഷ്ടരായി നിന്നിരുന്ന ജനങ്ങൾക്കിടയിൽ പെട്ടന്നൊരു ചലനമുണ്ടായി. എല്ലാവരും അതാ ഒരു ഭാഗത്തേക്കു് നോക്കുന്നു! ജനങ്ങളുടെ ജിജ്ഞാസ വർദ്ധിക്കുന്നു. 'നിൽക്കു', 'നിൽക്കു' എന്നൊരു ശബ്ദം അവ്യക്തമായി കേൾക്കുന്നു. പൊടിപടലം പടർന്നിരുന്നതിനാൽ ഒന്നും വ്യക്തമായി കണ്ടുകൂടാ. അതിവേഗം വരുന്ന ഒരു ഒട്ടകത്തെ കാണുന്നു. ക്രമേണ അതി

ന്മേൽ സഞ്ചരിക്കുന്നുണ്ട്. അടുത്തടുത്തു് വരുന്നു, ഇതാ എത്തി. അദ്ദേഹം വളരെ വിവശനായിരിക്കുന്നു. കണ്ണുകളിലെന്തോ ക്ഷോഭിച്ചിരിക്കുന്നു. ജനങ്ങൾക്കിടയിലൂടെ അദ്ദേഹം ഹസ്രത്തു് ഉമർ(റ) നില്ക്കുന്നേടത്തെത്തി. ഹ: ഉമർ (റ) യെ ആലിംഗനം ചെയ്തുകൊണ്ടു് ആഗതൻ പറഞ്ഞു. 'സഹോദരാ ക്ഷമിക്കുക, വരാൻ വൈകിയതു് ക്ഷമിക്കുക! ഇതാ ശിക്ഷ അനുഭവിക്കുവാൻ ഞാൻ എത്തിക്കഴിഞ്ഞു! അങ്ങയുടെ ത്യാഗം അല്ലാഹു സ്വീകരിക്കട്ടെ!' അനന്തരം ആ യുവാവു് ന്യായാധിപനോടായി പറഞ്ഞു: 'ന്യായാധിപരെ! എന്റെ സ്നേഹിതനെ വിട്ടയച്ചാലും! മരണശിക്ഷ എന്റെമേൽ നടത്തിയാലും! ഞാനിതാ വാഗ്ദത്തം നിറവേറ്റി കൃതാർത്ഥനായിരിക്കുന്നു.'

നിശ്ചയപ്രകാരം വന്നുചേർന്ന യുവാവിനോടു് ജനങ്ങൾക്കും സഹതാപമുണ്ടായി. ഹ: ഉമർ (റ) യെ ജനങ്ങൾ ബഹുമാനപൂർവ്വം സ്വീകരിച്ചു. ആ യുവാവിനെ വധിക്കാതിരുന്നെങ്കിൽ നന്നായിരുന്നു എന്നു് ജനങ്ങൾ ആഗ്രഹിച്ചു. യുവാവിനുവേണ്ടി പലരും പ്രാർത്ഥിക്കുകയുണ്ടായി. അയാളെ രക്ഷിക്കുവാൻ ആർക്കും സാദ്ധ്യമല്ല. ഘാതകനെ വധിക്കണം! അതാണു് ഇസ്ലാമികനിയമം. നീതി നടത്തുന്നതിൽ ഹ: ഉമർ ജാഗരൂകനുമാണു്. ശിക്ഷ അനുഭവിക്കുവാൻ ഒരുങ്ങിക്കൊള്ളുവാൻ ഹ: ഉമർ ആജ്ഞാപിച്ചു. 'വളരെ നല്ലതു്' യുവാവു് ധൈര്യസമേതം പറഞ്ഞു. നമസ്കരിക്കുവാൻ അനുമതി വാങ്ങി. പ്രശാന്തനായി, അക്ഷോഭ്യനായി അദ്ദേഹം നമസ്കരിച്ചു. ഏകാഗ്രചിത്തനായി

അദ്ദേഹം പ്രാർത്ഥിച്ചു. ഈ ലോകത്തേയും കുടുംബബന്ധത്തേയും അയാൾ വിസ്മരിച്ചു അദ്ദേഹമിതാ ഏകഇലാഹിൽ മാത്രം ലയിച്ചുകഴിഞ്ഞിരിക്കുകയാണ്. ആത്മാർത്ഥമായ നിവേദനങ്ങൾ അല്ലാഹുവിൽ എത്തി. അവിടത്തെ അന്തരീക്ഷം ആകമാനം നിശ്ശബ്ദമാണ്.

അതാ വധിക്കപ്പെട്ട വൃദ്ധന്റെ മക്കൾ ഖലീഫയുടെ സന്നിധിയിലേക്ക് ഓടിവരുന്നു. അവർ ഖലീഫയെ അഭിവാദ്യംചെയ്തു മാറിനിന്നു. ഹ: ഉമർ (റ) അവരുടെ ആഗമനോദ്ദേശമാരാഞ്ഞു. അവർ പറഞ്ഞുതുടങ്ങി.

'അല്ലയോ അമീറുൽമുഅ്മിനീൻ! മുസൽമാന്റെ ഏറ്റവും വലിയ ഗുണം ക്ഷമയല്ലയോ? ഞങ്ങൾ ക്ഷമിക്കുവാൻ ആഗ്രഹിക്കുന്നു. ഞങ്ങളുടെ പിതൃഘാതകനു ഞങ്ങൾ മാപ്പു കൊടുത്തുകഴിഞ്ഞു.'

ഹ: ഉമർ (റ) അരുളി: 'നിങ്ങൾ അങ്ങിനെ ക്ഷമിക്കുന്നുവെങ്കിൽ നല്ലതു്. ഈ വിവരം നിങ്ങൾതന്നെ ജനങ്ങളോടു് ഉറക്കെ പറയുവിൻ!'

അവർ അപ്രകാരം വിളിച്ചുപറഞ്ഞു. ജനങ്ങൾ സന്തോഷാശ്രുപൊഴിച്ചു. 'അല്ലാഹു അക്ബർ' എന്നു് ജനങ്ങൾ ആർത്തുവിളിച്ചു.

മഹത്തായ ഗ്രന്ഥം.

ലോകത്തവതരിച്ച എല്ലാ പ്രവാചകന്മാർക്കും ജനങ്ങളെ മാർഗ്ഗദർശനംചെയ്യാനായി ദൈവികസന്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. ചില പ്രവാചകന്മാർക്ക് അവരുടെ മുമ്പു കഴിഞ്ഞുപോയ ഇതന്മാരുടെ അതേ സന്ദേശങ്ങൾ തന്നെപ്പിൽ വരുത്തുവാനായിരിക്കും ദൈവാജ്ഞയുണ്ടായിരിക്കുക, എന്ന വ്യത്യാസം മാത്രമേയുള്ളൂ. എങ്ങിനെയായാലും സർവ്വപ്രവാചകന്മാരും ദൈവികസന്ദേശമായിരിക്കും പ്രബോധനം ചെയ്തുക. അതിൽ പ്രധാനപ്പെട്ട ചില ദൈവികഗ്രന്ഥങ്ങളാണ് ഹിബ്രുഭാഷയിലുള്ള 'തൊറാത്തു' ഗ്രീക്കുഭാഷയിലുള്ള 'സബൂർ' സുറിയാനിഭാഷയിലുള്ള 'ഇഞ്ചീൽ', അറബിഭാഷയിലുള്ള 'ഖുർആൻ' എന്നിവ. അതിൽ അറബിഭാഷയിലുള്ള ഖുർആനെ സംബന്ധിച്ചാണ് ഇവിടെ അല്പം വിവരിക്കുവാൻ ഉദ്ദേശിക്കുന്നതു്.

വിശുദ്ധഖുർആൻ ഇസ്ലാംമതത്തിന്റെ അടിസ്ഥാനതത്വങ്ങളും, സിദ്ധാന്തങ്ങളും ഉൾക്കൊള്ളുന്ന ഒരു മഹത്തായ ഗ്രന്ഥമാണ്. ഇപ്പോഴും മറവ ചിലർ ധരിച്ചിരിക്കുന്നപോലെ ഇസ്ലാം മതപ്രബോധകനായ മുഹമ്മദ് നബി (സ.അ) യുടെ വചനങ്ങളല്ല അതു്. ഇത

'കേരളപ്രഭ', 'അൽബയാൻ' എന്നിവയിൽ പ്രസിദ്ധീകരിച്ചതു്

ര മതസ്ഥന്മാരിൽ പലരും അങ്ങിനെയാണ് കരുതി പ്പോരുന്നതു്. ആകയാൽ, വിശുദ്ധ ഖുർആനെപ്പറ്റി ഒരു വിശദീകരണം ആവശ്യമായി വന്നിരിക്കുന്നു.

ഇസ്ലാം മതപ്രബോധകനായ മുഹമ്മദ് നബി (സ. അ) ക്കു് നാല്പതാമത്തെ വയസ്സിൽ പ്രവാചകത്വം ലഭിച്ചതുമുതൽ അവിടുത്തെ അന്ത്യം അറുപത്തിമൂന്നാമത്തെ വയസ്സുവരെ ഇരുപത്തിമൂന്നു് കൊല്ലക്കാലങ്ങളിലായി അല്ലാഹുവിന്റെ സന്നിധിയിൽ നിന്നു് 'ജിബ്രീൽ' എന്ന മലക്കു് (മാലാഖ) മുഖേന ലഭിച്ചസന്ദേശങ്ങളാണു് വിശുദ്ധ ഖുർആൻ. ഖുർആനെ സംബന്ധിച്ചേടത്തോളം നബി (സ.അ)ക്കു് ഒരു മാധ്യസ്ഥന്റെ സ്ഥാനം മാത്രമേയുള്ളൂ. അപ്പപ്പോഴായി തനിക്കുലഭിച്ചുകൊണ്ടിരിക്കുന്ന വാക്യങ്ങളെ (ശബ്ദരൂപത്തിൽ) അതേപ്രകാരത്തിൽ ജനങ്ങളെ പറഞ്ഞുകേൾപ്പിക്കുകമാത്രമാണു് നബി ചെയ്തിട്ടുള്ളതു്. അല്ലാതെ അതിന്റെ രചനയിൽ നബിക്കുയാതൊരു പങ്കുമില്ല. മുഹമ്മദ് നബിയുടെ വചനങ്ങളാവട്ടെ 'ഹദീസ്' എന്നപേരിൽ ഗ്രന്ഥങ്ങളാക്കി സൂക്ഷിച്ചിട്ടുണ്ടു്.

ഖുർആൻ സാക്ഷാൽ അല്ലാഹുവിന്റെ വചനമാണെന്നുള്ളതിനു് ഉത്തമമായ സാക്ഷ്യമുള്ളതു് അതിന്റെ അത്ഭുതകരമായ പ്രബോധനവും, അനാദൃശ്യസ്വഭാവവുമാണു്. ഖുർആൻ അറബികളുടെ പ്രസംഗവഴക്കത്തിലോ, കവിതാവഴക്കത്തിലോപെട്ടതല്ല. അതിന്റെ ഭാഷാരീതിയിൽ അതിനുമുമ്പും പിമ്പും അറബിഭാഷയിൽ യാതൊരു കൃതികളുമുണ്ടായിട്ടില്ല. അതു ആരാലും

നിഷേധിക്കപ്പെടുവാൻ കഴിയാത്ത വിധത്തിൽ അതു പുതുമയോടുകൂടിയതാകുന്നു. ഉദ്ദിഷ്ട അർത്ഥത്തിനു് അൽപ്പവും ഏറക്കുറവു് വരാതെ, പരിശുദ്ധങ്ങളും, മനോഹരങ്ങളുമായ പദങ്ങളാൽ രമണീയമായ വിധത്തിൽ കോർത്തും, സന്ദർഭോചിത്യത്തെ ദീക്ഷിച്ചും പ്രകടിപ്പിക്കുന്ന രീതി ഖുർആനിൽ ഭാഷയുടെ പരമമായ നിലയിൽ എത്തിയിരിക്കുന്നുവെന്നും അതിന്റെ ഏതൊരുഭാഗം എടുത്തുനോക്കിയാലും അറബു് ഭാഷാസാഹിത്യത്തിൽ വിദഗ്ധനായ ഒരു സഹൃദയനും കാണാവുന്നതാണു്. എത്രയോ രസകരമായ വിഷയത്തിൽ ലയിച്ചിരിക്കുന്ന ഹൃദയത്തേയും അതിൽനിന്നു വിരമിപ്പിക്കത്തക്ക ആകർഷണശക്തിയോടുകൂടിയതും, ആശയങ്ങളെ അതാതിന്റെ യഥാർത്ഥരൂപത്തിൽ വായനക്കാരന്റേയും ശ്രോതാവിന്റേയും ഹൃദയങ്ങളിൽ വ്യക്തമായും ഗാഢമായും പതിപ്പിക്കുന്നതും പ്രകൃതിക്കനുസരണമായ വികാരങ്ങളെ ജനിപ്പിക്കുന്നതും പ്രൌഢവും ഗൌരവയുക്തവുമായ അതിന്റെ പ്രതിപാദനരീതി അനാദൃശ്യമാകുന്നു. ഏതു സംഗതിയിലും സ്ഥൂലമായ ഭാഗത്തെ സംബന്ധിച്ചെന്നപോലെതന്നെ അതിസൂക്ഷ്മമായ ഭാഗത്തെ സംബന്ധിച്ചും ഖുർആനിൽ ദീക്ഷിച്ചിരിക്കുന്നപ്രകാരമുള്ള ഔചിത്യപരിപാലനം മനുഷ്യരാൽ സാദ്ധ്യമല്ലെന്നുള്ളതു് അതിനെ സൂക്ഷ്മമായി പരിശോധിച്ചാൽ അറിയാവുന്നതാണു്. ചെറിയ വാക്യത്തിൽ അഗാധമായ അർത്ഥത്തെ അടക്കിനിർത്തുകയെന്നതു് ഖുർആനിൽ ധാരാളമായി കാണാ

വുന്ന ഒരു പ്രയോഗമാകുന്നു. അങ്ങനെയുള്ള ഏതെങ്കിലും ഒരു വാക്യത്തിൽ അടക്കിയിരിക്കുന്ന ആശയത്തെ ആ വാക്യത്തോട് തുല്യപരിണാമമുള്ള മറെറാരു വാക്യത്തിൽ അടക്കിനിർത്തുവാൻ ഏതു വാഗ്സ്വാധീനമുള്ളവനാലും സാധിക്കുന്നതല്ല.

അറേബ്യായിലെ അന്നത്തെ ഏററവും വലിയ സാഹിത്യകാരന്മാരെ വെല്ലുവിളിച്ചുകൊണ്ടാണ് നബി (സ. അ) മതപ്രബോധനംചെയ്തത്. ഒരിക്കൽ ഹജ്ജ് കാലത്തു് 'കഅബ'യത്തിൽ വന്നുചേർന്നവരും, അറബിസാഹിത്യത്തിൽ അപാരപാണ്ഡിത്യംനേടിയിരുന്നവരുമായ അബൂഷാക്കിർ, അബ്ദുൽമാലിക്ക്, ഇബ്നുഹുമുകഫഹ്, അബൂജാഅ് എന്നീ പണ്ഡിതന്മാർ വിശുദ്ധഖുർആനു് തുല്യത വഹിക്കുന്ന വചനങ്ങളും രചിക്കുവാനും ഖുർആന്റെ ഓരോ ദോഷഭാഗങ്ങളും കണ്ടുപിടിച്ചു് അതിനും മറുപടി നല്കുവാനും അങ്ങിനെ 'മുഹമ്മദി'ന്റെ പ്രവാചകത്വത്തെ വെല്ലുവിളിക്കുവാനും തീരുമാനിച്ചു. ഖുർആന്റെ ഓരോ ഭാഗങ്ങളും ഓരോരുത്തർ ഖണ്ഡിക്കുവാൻ നിശ്ചയിച്ചു', അടുത്തവർഷം ഹജ്ജ് കാലസമ്മേളനാവസരത്തിൽ ഒത്തുചേരുവാനും തീരുമാനിച്ചു് പിരിയുകയുണ്ടായി. എന്നാൽ അവർ എല്ലാവരും അടുത്ത വർഷം സമ്മേളിച്ചപ്പോൾ അവരുടെ പരിതാപകരങ്ങളായ പരാജയങ്ങളെ താഴെപറയുംപ്രകാരം സമ്മതിക്കുകയാണുണ്ടായതു്.

അബൂജാഅ് പറഞ്ഞു, 'ഫലമ്മാഇസ്''തൈഅസ്സു .....' എന്ന സൂക്തത്തെപ്പററി ഞാൻ വളരെയേറെ

ചിന്തിച്ചു. അതു അർത്ഥപുഷ്ടിയും ചമൽക്കാരവും ഉള്ള വേറൊന്ന് രചിക്കുവാൻ ഒരു വർഷമായിട്ടും എനിക്ക് സാധിച്ചിട്ടില്ല.'

അബ്ദുൽമാലിക്ക് പറഞ്ഞു: 'യാ അയ്യുഹന്നാസുളു രിബ ... ...' എന്ന വചനത്തെപ്പോലെ സാഹിത്യ പൌഷ്ടല്യമേറിയ ഒന്ന് നിർമ്മിക്കുവാൻ എന്റെ പാണ്ഡിത്യത്തിന്നു സാദ്ധ്യമല്ലാതെ വന്നതിൽ സങ്കോചമുണ്ട്.'

ഇങ്ങിനെ നാലുപേരും ഖുർആന് തുല്യമായ ഒരു വചനമെങ്കിലും രചിക്കുവാനോ, അതിന് വല്ല ദോഷഭാഗങ്ങളും കണ്ടുപിടിക്കുവാൻകഴിയാതെ അവരവരുടെ പരാജയത്തെ കാരോരുത്തരും സവിനയം സമ്മതിക്കുകയും ഖുർആൻ മനുഷ്യനിർമ്മിതമല്ലെന്ന സത്യത്തെ അനുകൂലിക്കുകയുമാണ് ചെയ്തത്. ഖുർആൻ അവതരിച്ച കാലത്തുതന്നെ പല പണ്ഡിതന്മാരും സാഹിത്യകാരന്മാരും അതിന് തുല്യതവഹിക്കുന്ന ഒരു വചനമെങ്കിലും രചിക്കുവാനോ അതിന്ന് എന്തെങ്കിലും ദോഷഭാഗങ്ങൾ ചൂണ്ടിക്കാണിക്കുവാനോ ഉറവ് ശ്രമിച്ചിട്ടും പരാജയപ്പെടുകയാണ് ചെയ്തതെന്നുള്ള പരമാർത്ഥത്തിന്നുദാഹരണമായിട്ടാണ് ഈ സംഭവം ഇവിടെ എടുത്തുദ്ധരിച്ചത്. ഖുർആന്റെ മേന്മക്കു കാരണം അതു മനുഷ്യനിർമ്മിതമായ ഒന്നല്ലാത്തതുകൊണ്ടും പ്രകൃതിതത്ത്വത്തെയും സത്യത്തെയും മാത്രം പ്രബോധനംചെയ്യുന്നതുമായ ഒന്നായതുകൊണ്ടുമാണ്.

അർത്ഥവിവക്ഷകൂടാതെ അനാവശ്യമായോ, കേവലം അലങ്കാരത്തിന്നുമാത്രമായോ പ്രയോഗിച്ചിരിക്കുന്നതായി ഒരൊറ്റ പദമെങ്കിലും ഖുർആനിൽ കാണുകയി

ല്ല. അതുപോലെ അത്ഥപൂത്തിക്കാവശ്യമുള്ള ഒരു പദം കുറഞ്ഞുപോയിരിക്കുന്നതായും കാണുകയില്ല. ഗഹനങ്ങളായ ദൈവതത്വങ്ങളും, മാനസികകായ്ക്കുങ്ങളും, സത്ഗുണങ്ങളും, സദാചാരനിയമങ്ങളും, അനുഷ്ഠേയകർമ്മങ്ങളും, ലൌകികവ്യവഹാരമാർഗ്ഗങ്ങളും; നീതിന്യായനിബന്ധനകളും, ഭരണതന്ത്രം, ശിക്ഷകളും, പല വംശങ്ങളേയും പുരാതനജനനമുദായങ്ങളേയും മറ്റൊരോ സംഭവങ്ങളേയുംസംബന്ധിച്ച ചരിത്രകഥകളും, പ്രകൃതിതത്വങ്ങളും, സൂര്യചന്ദ്രാദിഗോളങ്ങളെക്കുറിച്ചുള്ളവയും സ്വർഗ്ഗനരകങ്ങളെസംബന്ധിച്ച വിവരണങ്ങളും ലോകോത്പത്തി, മനുഷ്യോല്പത്തി, ലോകാവസാനം, മരണാനന്തരലോകം ഇവയെസംബന്ധിച്ച വിവരണങ്ങളും, ഏതൊരുവേണ്ട മനുഷ്യരുടെ ആത്മീയവും ലൌകീകവുമായ സമാധാനോൽക്കർഷങ്ങൾക്കും ജ്ഞാനാഭിവൃദ്ധിക്കും ആവശ്യങ്ങളായ സവ്കായ്ങ്ങളും, പൂർവ്വവേദങ്ങളുടെ തത്വസാരങ്ങളും ഖുർആനിൽ അടങ്ങിയിരിക്കുന്നു. ഇങ്ങനെ വിവിധ വിഷയങ്ങളെ സാധാരണ ഗ്രന്ഥങ്ങളിൽ ചെയ്യാറുള്ളതുപോലെ പറഞ്ഞുപോയോ, പദ്ധതികളായോ തിരിച്ചല്ല—ഇടകലർന്നും ചിലപ്പോൾ ചിലതിനെ ആവത്തിച്ചും വിവിധരൂപങ്ങളിലായും ഇടക്കിടെ സന്മാർഗ്ഗോപദേശങ്ങളും, തത്വോപദേശങ്ങളും, ഉപമകളും, യുക്തിന്യായങ്ങളും ഇവയെ ചേർത്തും ദൈവത്തിന്റെ മഹത്വം, ശക്തി, കാരുണ്യം മുതലായ ഗുണങ്ങളെ ഓരോ ദൃഷ്ടാന്തങ്ങളെകൊണ്ടും, അല്ലാതേയും സ്മരിച്ചും യഥാർത്ഥവിശ്വാസികളുടെ ലക്ഷണങ്ങളേയും അവക്കു

സിദ്ധിക്കുന്ന പദവികളേയും കപടവിശ്വാസികളുടെ ലക്ഷണങ്ങളേയും അവരനുഭവിക്കേണ്ടിവരുന്ന കഷ്ടാരിഷ്ടതകളേയും വിവരിച്ചും, ബഹുദൈവവിശ്വാസികളേയും, അവിശ്വാസികളേയും ഉപദേശിച്ചും ശിഷ്ടന്മാരെ അഭിനന്ദിച്ചും, ദൈവധ്യാനം, സൽഗുണം, വിനയം, സംയമനം, സൽക്കർമ്മം ഇവയ്ക്കായി പ്രോത്സാഹിപ്പിച്ചും ദൈവവിസ്മരണ, ദുർഗുണം, ദുഷ്കർമ്മം ഇവയെ വിരോധിച്ചും ഐകമത്യം, പരസ്പരസഹായം, സൽസ്വഭാവം, ദയ ഇത്യാദികളെ ആജ്ഞാപിച്ചും ഭിന്നത നിർദ്ദയത്വം മുതലായവയെ നിരോധിച്ചും നരകശിക്ഷയെക്കുറിച്ച് ഭയപ്പെടുത്തിയും സ്വർഗ്ഗസുഖത്തെ വാഗ്ദാനം ചെയ്തും മറ്റും പ്രതിപാദിക്കുന്നതിൽ എവിടെയെങ്കിലും വല്ല വേച്ചുകേടോ, വികല്പമോ, പൂർവ്വാപരവിരുദ്ധതയോ, വ്യാകരണാദി നിയമവിരോധമോ രസഭംഗമോ നീരസജനകമായ മറ്റെന്തെങ്കിലുമോ അതിനെ സ്പർശിച്ചിട്ടില്ലെന്നല്ല ഭിന്നവിഷയങ്ങളെ തമ്മിൽ കൂട്ടിയിണക്കി ഘടിപ്പിച്ചിരിക്കുന്ന സമ്പ്രദായം അല്ലെങ്കിൽ ഒരു വിഷയത്തിൽ നിന്ന് മറ്റൊരു വിഷയത്തിലേക്ക് മാറുന്ന രീതി — എത്രയും ഹൃദയംഗമായും ആകർഷകമായും ആദ്യം മുതൽ അവസാനംവരെ ഒന്നുപോലെ ചമൽക്കാരചാതുര്യപൂർണ്ണമായും സന്മാർഗ്ഗപ്രതിപാദനമായിരിക്കുന്നു. ഇവയെല്ലാംപുറമെ ദിവ്യതയുടെയും പരിശുദ്ധതയുടേയും സാന്നിദ്ധ്യത്തെ തോന്നിപ്പിക്കുന്നതും ഹൃദയത്തെ സന്മാർഗ്ഗപഥത്തിലേക്ക് ബലാൽ നയിക്കുന്നതും ഭയഭക്തികളെ ജനിപ്പിക്കുന്നതുമായി അതിൽ അന്തർഭവിച്ചു വ്യാപിച്ചുകിടക്കുന്ന ഒരു ശുദ്ധശക്തി

യുടെ പ്രഭാവം സമാധാനത്തോടും ശ്രദ്ധയോടുംകൂടി അതിനെ അദ്ധ്യയനം ചെയ്യുന്നവർക്ക് അനുഭവപ്പെടാതിരിക്കയില്ല.

നബി (സ) യുടെ വാദത്തിന്റെ യഥാർത്ഥതയെ സ്ഥാപിക്കുന്ന രേഖയായി ഖുർആൻതന്നെ അവരുടെ ഇടയിൽ പ്രഖ്യാപനംചെയ്തു. അതിന്റെ അനിതരസാധാരണമായ രചനാവിശേഷത്തെയായിരുന്നു. 'നാം നമ്മുടെ ദാസന്നു് ഇറക്കിക്കൊടുത്തിരിക്കുന്ന ഖുർആനെക്കുറിച്ചു് നിങ്ങൾക്കു് സംശയമുണ്ടെങ്കിൽ അതിനോടു് സാമ്യമുള്ള — വാചകവൃത്തിയിലും അലങ്കാരത്തിലും ആശയത്തിലും — ഒരു സൂറത്തു് — അദ്ധ്യായം — എങ്കിലും നിങ്ങൾ കൊണ്ടുവരുവിൻ. അല്ലാഹുവിനെ കൂടാതെയുള്ള നിങ്ങളുടെ സഹായികളേയും നിങ്ങൾ ക്ഷണിക്കുവിൻ!' നിങ്ങൾ വാസ്തവം പറയുന്നവരാണെങ്കിൽ മറെറാരായത്തിൽ പറയുന്നു. 'ഈ ഖുർആനെപ്പോലെ ഒന്നിനെ കൊണ്ടുവരുന്നതിനു് മനുഷ്യരും ജിന്നുകളും ഒത്തുചേരുകയും അവരിൽ ചിലർ മറെറ ചിലർക്കു് സഹായികളായിരിക്കുകയും ചെയ്താലും അതുപോലെയുള്ള ഒന്നിനെ കൊണ്ടുവരുവാൻ അവരാൽ സാധിക്കയില്ലെന്നു നീ പറയുക!' എന്നിങ്ങനെ ഖുർആൻ പലഘട്ടങ്ങളിലും രചനാവിഷയത്തിൽ അതിനോടു മത്സരിച്ചു ജയിച്ചുകൊള്ളുവാനായി അവരെ വെല്ലുവിളിച്ചു. ഈ സംഗതി അറബു് ദേശം മുഴുവൻ പ്രചരിക്കുകയും അക്കാലം അവരുടെ ഇടയിൽ സാഹിത്യ വിചാന്മാരുടെ സംഖ്യ അതിനുമുൻപു് ഒരു കാലത്തും ഉണ്ടായിട്ടില്ലാത്തത്ര വർദ്ധിച്ചിരിക്കുകയും ചെയ്തിട്ടും അതിലേക്കു മുന്നിടുവാൻ

ആരുമുണ്ടായില്ല. എന്നല്ല ആക്കം കഴിഞ്ഞതുമില്ല. നേരെമറിച്ച് ഈ ഖുർആൻ മനുഷ്യനിർമ്മിതമായിരിക്കുവാൻ നിവൃത്തിയില്ലെന്നും വിശേഷിച്ച് തങ്ങളെപ്പോലെ സാഹിത്യപരിശീലനമോ, അക്ഷരാഭ്യാസംപോലുമോ ചെയ്തിട്ടില്ലാത്ത മുഹമ്മദ് നബി (സ)യെപ്പോലുള്ള ഒരാളിൽനിന്നു ഇതുണ്ടാവുകയെന്നതു് അസംഭവ്യമാണെന്നുമുള്ള പരമാർത്ഥത്തെ ധരിച്ച വിവേകികളും സത്യാഗ്രഹികളുമായ പലരും നബിയുടെ സത്യത്തെ അറിഞ്ഞ് അവിടുത്തെ സ്വീകരിക്കുകയും ക്രമേണ നബി(സ)യുടെകക്ഷിയിൽ ആകൃഷ്ടരായിച്ചേരികയുംചെയ്തു. ഖുർആനെ സംബന്ധിച്ച് നബി (സ) ഇപ്രകാരം പറഞ്ഞിരുന്നു. 'ഇതാ മനുഷ്യരെ! നിങ്ങൾക്കും മറ്റു സർവ്വർക്കും ഇനി അന്ത്യകാലംവരെയുണ്ടാകുന്ന എല്ലാ മനുഷ്യർക്കും അല്ലാഹുവിന്റെ വചനമായ വിശുദ്ധ ഖുർആൻ മതിയാകുന്നതാണ്'

റസൂൽകരീം(സ)ന്റെ പ്രവാചകത്വം(നുബുവ്വത്തു്) ലബ്ധിതുടങ്ങി ഇഹലോകവാസംവെടിയുന്നതുവരെയുള്ള 23കൊല്ലകാലങ്ങളിൽ പല സന്ദർഭങ്ങളിലായി ജിബ്രീൽ മുഖേന നബി തിരുമേനിക്കു് ഓതികേൾപ്പിക്കപ്പെട്ട ദൈവവാക്യങ്ങളുടെ സമാഹാരമാണു് പരിശുദ്ധ 'ഖുർആൻ.' 'ഹീറാ' എന്ന ഗിരിദ്വാരത്തിൽ ഇരുന്നു് തിരുമേനി ഏകാന്തപ്രാർത്ഥന നടത്തുമ്പോൾ 'സൃഷ്ടാവായ രക്ഷിതാവിന്റെ നാമത്തിൽ നീ ഓതുക! അവൻ മനുഷ്യനെ രക്തപിണ്ഡത്തിൽനിന്നു് സൃഷ്ടിച്ചിരിക്കുന്നു നീ ഓതുക! നിന്റെ നാഥൻ പേനകൊണ്ടു് പഠിപ്പിച്ചവ

നായ അത്യുദാരനാകുന്നു. അവൻ മനുഷ്യനെ അറിഞ്ഞിട്ടില്ലാത്തതു് പഠിപ്പിച്ചു.' (86_1_5) എന്ന വിശുദ്ധവചനം, ജിബ്രീൽ പ്രത്യക്ഷപ്പെട്ടു് കാതിലോതിക്കൊടുത്തു. ഇങ്ങനെ ഖുർആൻ ലോകത്തിൽ അവതരിക്കപ്പെടുവാനാരംഭിച്ചു. ഓരോ അവസരങ്ങളിൽ ലഭിക്കുന്ന ദൈവസൂക്തങ്ങളെ തന്റെ അനുചരന്മാരെ (അസ്ഹാബികളെ) കാതിലോതിക്കുന്നതിലും പ്രത്യേകിച്ചു് അവരെക്കൊണ്ടു് അവ ഹൃദിസ്ഥമാക്കുന്നതിലും പ്രവാചകൻ വളരെ നിഷ്കർഷ പ്രദർശിപ്പിച്ചിരുന്നു. അവർ അവ മനഃപാഠം ചെയ്യുകയും ചെയ്തുവന്നു. ദൈവസൂക്തങ്ങളെ നബി (സ) ഒരിക്കലും മറന്നുപോയിരുന്നില്ല. ഖുർആൻ ലക്ഷ്യംനല്ലണ്ണം കാണുക. 'നാം നിന്നെക്കൊണ്ടു് വായിപ്പിക്കും. അതിനാൽ അല്ലാഹു ഇഛിക്കുന്നതൊഴികെ നീ ഒന്നും മറന്നുപോകുന്നതല്ല. തീച്ചയായും പരസ്യമാകുന്നതിനേയും രഹസ്യമായതിനേയും അവൻ അറിയും.'

ഖുർആൻവാക്യങ്ങളെ ഹൃദിസ്ഥമാക്കുന്നതു് മഹത്തായ ഒരു പുണ്യകൃത്യമായതിനാൽ സഹാബികളെ തദ്വിഷയത്തിൽ വളരെ ശ്രദ്ധാലുക്കളായിരുന്നു. അവർ തിരുമേനിയുടെ സന്നിധിയിൽ ആഗതരായി തങ്ങളെ ഹൃദിസ്ഥമാക്കിയിട്ടുള്ള സൂക്തങ്ങളെ പൊല്ലുകയും സംശയങ്ങളെ തീർക്കുകയും പതിവായിരുന്നു. ഇങ്ങനെ സൂക്ഷ്മതയോടുകൂടി പഠിച്ചിട്ടുള്ള ഖുർആൻ വാക്യങ്ങളെ പ്രചരിപ്പിക്കുന്നതിലായിരിക്കും പിന്നീടു് അവരുടെ ശ്രദ്ധപതിയുക. പ്രവാചകരുടെ അടുക്കൽ ഇല്ലാതിരുന്ന സഹാബികളേയും മറ്റു മുസ്ലിമീങ്ങളേയും തങ്ങളെ പഠിച്ചിട്ടുള്ള സൂക്തങ്ങളെ പഠിപ്പിക്കുന്നതിലും അവർ

ശുദ്ധപതിപ്പിച്ചിരുന്നു. ഇവ്വിധത്തിൽ അവതരിക്കപ്പെട്ട വാക്യങ്ങളെല്ലാം താമസിയാതെ എല്ലാവരും പഠിക്കുക പതിവായിരുന്നു. വിശുദ്ധ വചനങ്ങൾ തിരുസമക്ഷത്തിൽനിന്നു് പഠിക്കുവാനും അവകൾ മറ്റുള്ളവരെ പഠിപ്പിക്കുവാനുമായി കുറെ ആളുകളെത്തന്നെ തിരുമേനി നിയമിച്ചിട്ടുണ്ടായിരുന്നു. ഹിജ്റക്കുമുമ്പു് മദീനയിലുള്ള വിശ്വാസികളെ ഖുർആൻ പഠിപ്പിക്കുന്നതിനു് ചില സഹാബിമാരെ അങ്ങോട്ടു് അയച്ചിട്ടുമുണ്ടു്. ഇങ്ങിനെയുള്ളവരുടെ അടുക്കൽനിന്നു് ഖുർആൻ പഠിക്കുവാനാണു് മക്കയിൽനിന്നു് ശത്രുക്കളുടെ ഉപദ്രവങ്ങളെ ഭയന്നു് മദീനയിൽ അഭയം തേടിയവരോടു് നബി (സ) ഉപദേശിച്ചതു്. ഇങ്ങനെ ഇസ്ലാമിന്റെ പ്രാരംഭത്തിൽത്തന്നെ വളരെയധികം ആളുകൾ ഖുർആൻ ഹൃദിസ്ഥമാക്കിയിരുന്നു.

ഇതിനും പുറമെ ചിലർ തിരുമേനിയിൽനിന്നു് കേട്ടിരുന്ന ദൈവവാക്യങ്ങളെ മരത്തോലുകളിലും പലകകളിലും എഴുതി സൂക്ഷിക്കുകയും ചെയ്തിരുന്നു. ഇവരിൽ അലി (റ), ഉസ്മാൻ (റ), ഉമർ (റ), സൈദ്ബ്നുസാബിത്തു് (റ), ഇബ്നുമസ്ഊദ് (റ), അനസിബ്നുമാലിക്കു് (റ), അബ്ദുല്ലാഹിബ്നുസലാം(റ) മുതലായവർ പ്രധാനികളാണു്. ഇവരെല്ലാംതന്നെ അറബിഭാഷയിൽ ഗണ്യമായ പരിജ്ഞാനമുള്ളവരും തങ്ങൾ എഴുതിയ ഭാഗങ്ങൾ റസൂലിനെ കേൾപ്പിച്ചിട്ടുള്ളവരുമായിരുന്നു. ഇവയെല്ലാം ഖണ്ഡംഖണ്ഡമായാണു് സൂക്ഷിക്കപ്പെട്ടിരുന്നതു്. അവ ഒരു പുസ്തകത്തിന്റെ രൂപം കൈക്കൊണ്ടിരുന്നില്ല. നബി (സ) കാലഗതിയടയുമ്പോൾ യമൻ, ഉമ്മാൻ, ബഹ്റൈൻ, ഹിജാ

സ്, നജ്ദ മുതലായ പല സ്ഥലങ്ങളിലും ഇസ്ലാം വ്യാപിച്ചിരുന്നു. അവിടങ്ങളിലെല്ലാം ഖുർആനും നല്ല പ്രചാരം സിദ്ധിച്ചു.

റസൂൽ തിരുമേനിയുടെ വിയോഗത്തിനുശേഷം അബൂബക്കർ സിദ്ദീഖ് (റ) ഭരണാധികാരിയായി തിരഞ്ഞെടുക്കപ്പെട്ടതോടുകൂടി പല പ്രദേശങ്ങളിലും ഇസ്ലാം വ്യാപിക്കുകയും തദ്വാരാ ഖുർആന്റെ പ്രചാരത്തിനു വ്യാപ്തി വർദ്ധിക്കുകയുംചെയ്തു. യുദ്ധത്തിലും മറവുമായി ഖുർആൻ മനപ്പാഠമാക്കിയിരുന്ന പലരും മരണപ്പെട്ടപോയ സ്ഥിതിക്ക് ഖുർആൻ ഒരു ഗ്രന്ഥരൂപത്തിൽ സൂക്ഷിക്കേണമെന്ന ബോധം ഉമറുബ്നുഖത്താബി (റ)നുണ്ടായി. ഇതു് അബൂബക്കർസിദ്ദീഖി (റ)നെ ഉണർത്തിയപ്പോൾ അദ്ദേഹം അതിനോട് പരിപൂർണ്ണമായും യോജിച്ചു. അതനുസരിച്ച് ഖുർആൻ മനഃപാഠംചെയ്തിരുന്നവരിൽ പ്രസിദ്ധന്മാരായ പലരും ക്ഷണിക്കപ്പെട്ടു. ഇവരിൽ സൈദ്ബ്നുസാബിത്തു് (റ), ഉബയ്യിബ്നുകഅബു്(റ), ഉസ്മാനുബ്നുഅഫാൻ (റ), അലിയ്യിബ്നുഅബീത്താലിബു് (റ), അബ്ദുല്ലാഹിബ്നുഅബ്ബാസ് (റ), അബ്ദുല്ലാഹിബ്നു ഉമർ (റ), അബ്ദുല്ലാഹിബ്നു സുബൈർ (റ), അബ്ദുല്ലാഹിബ്നുമസ്ഊദ് (റ), അബ്ദുല്ലാഹിബ്നുസാഇബു്(റ), ഖാലിദ്ബ്നുവലീദ് (റ), തൽഹാ(റ), ഹുദൈഫ(റ), സഅദ്സാലിം (റ), അബൂഹുറൈറ (റ), സാബിത്തു് (റ), അബൂസൈദ് (റ), അബുദ്ദർദാഅ് (റ), അബൂമൂസൽ അശ്അരീ (റ) എന്നിവർ പ്രമുഖന്മാരാണ്. ഖുർആനെ ശേഖരിക്കേണ്ടതിനെക്കുറിച്ച് ഓരോരുത്തരും

നിർവ്വഹിക്കേണ്ട ഭാരവാഹിത്വത്തെ നിർണ്ണയിക്കുന്നതി
നെപ്പറ്റിയും ആലോചിക്കുന്നതിനും ആദ്യമായി ഉമർ
(റ)ന്റെ വസതിയിൽ യോഗംചേർന്നു. സൈദ്ബ്നു
സാബിത്താണു് ആദ്ധ്യക്ഷ്യംവഹിച്ചതു്. പിന്നീടു് അ
വർ മദീനയിൽവെച്ചും യോഗംചേർന്നിട്ടുണ്ടു്. തങ്ങൾ
സൂക്ഷിച്ചിരുന്ന ഖുർആന്റെ ഭാഗങ്ങൾ ഇവർ പള്ളി
യിൽ റാജരാക്കി. ഖുർആന്റെ എഴുതപ്പെട്ട ഭാഗ
ങ്ങൾ സൂക്ഷിച്ചിട്ടുള്ളവർ അവ പള്ളിയിൽ കൊണ്ടുവരു
വാനാവശ്യപ്പെട്ടുകൊണ്ടു് ഒരു വിളംബരം പ്രസിദ്ധപ്പെ
ടുത്തുകകൂടി ചെയ്തിരുന്നു. ഇതെല്ലാംതന്നെ കറിക്കുന്ന
തു്, ഖുർആൻ തെറ്റുകൂടാതെ സമ്പാദിച്ചെടുക്കുന്ന
തിൽ പ്രദർശിപ്പിക്കപ്പെട്ട അവഗാഢമായ ശ്രദ്ധയേയും
സൂക്ഷ്മതയേയുമാണു്.

ഇങ്ങിനെ പള്ളിയിൽകൊണ്ടുവന്നവയിൽ റസൂൽ
കരീമിന്റെ സന്നിധാനത്തിൽവെച്ചു് എഴുതിയിട്ടുള്ള
വയാണെന്നു് തെളിഞ്ഞവ മാത്രമെ സമ്പാദിച്ചുള്ളൂ.
ഇവയെല്ലാം കൂലങ്കഷമായി പരിശോധിച്ചു് പലതും
ഒന്നിനോടൊന്നു് ഒത്തുനോക്കിയതിനുശേഷം അതു്
ഒരു ഗ്രന്ഥരൂപത്തിൽ എടുക്കേണ്ട ഭാരം ഹഫ്സത്തു്
സൈദ്ബ്നുസാബിത്തി(റ)ൽ അർപ്പിക്കപ്പെട്ടു. ഇങ്ങ
നെ എഴുതിത്തീർത്ത ഗ്രന്ഥത്തെ—ഖുർആൻ മനഃപ്പാ
മാക്കീട്ടുള്ള മഹാന്മാരുടെ മുമ്പിൽവെച്ചു് ഹ: ഉമർ (റ)
വായിച്ചു. സകലരും ഐകകണ്ഠ്യേന അതു് ശരിവെ
ച്ചു് സമ്പാദിക്കുകയും ചെയ്തു.

ഹഫ്സത്തു് ഉമറി (റ)ന്റെ ഭരണകാലത്തു് പേർ
ഷ്യ, സിറിയ, അർജീനിയ, ഈജിപ്തു് തുടങ്ങിയ അനേ
കരാജ്യങ്ങളിലേക്കു് ഇസ്ലാമിന്റെ ശക്തി വ്യാപിച്ചു.

അവിടങ്ങളിലെല്ലാം ആരാധനാലയങ്ങൾ സ്ഥാപിക്കുകയും മുസഹഫിന്റെ പ്രതികൾ എത്തിക്കുകയുംചെയ്തു. എങ്കിലും അതിന്റെ മൂലപ്രതി തിരുമേനിയുടെ ഭാര്യയായിരുന്ന ഹഫ്സാബീവി (റ)യുടെ ഗൃഹത്തിൽ സൂക്ഷിക്കയാണുണ്ടായത്. മൂന്നാംഖലീഫ ഉസ്മാൻ (റ)ന്റെ കാലത്തു് ഹുദൈഫത്തു് ബ്നുൽയമാം (റ) വന്നു് ഇപ്രകാരം ബോധിപ്പിച്ചു. 'അമീറൽമുഅ്മിനീൻ! ഖുർആനിന്റെ അനന്തരായികളെ അങ്ങു് രക്ഷിക്കണം. അല്ലാഹുവിന്റെഗ്രന്ഥത്തിൽ യഹൂദരും ക്രസ്ത്യാനികളും ഭിന്നമായതുപോലെ, മുസ്ലിംകളും ഭിന്നമാകുന്നതിൽനിന്നും.' ഉടനെത്തന്നെ ഉസ്മാൻ (റ) ഹഫ്സാബീവിയുടെ അടുക്കൽനിന്നും 'മുസഹഫും' വരുത്തി അസംഖ്യംബീകളുടെ സാന്നിധ്യത്തിൽ മൂലഗ്രന്ഥത്തിന്റെ അഞ്ചുകോപ്പികളും എടുത്തു. ഈയവസരത്തിലും അതിന്റെ നേതൃസ്ഥാനം ഹഃ സൈദ്ബ്നുസാബിത്തി(റ)ൽ തന്നെയാണു് നിക്ഷേപിച്ചിരുന്നതു്.

പരിശുദ്ധ ഖുർആനിൽ പത്തുലക്ഷത്തിഇരുപത്തയ്യായിരം അക്ഷരങ്ങളും ഏഴുപത്തേഴായിരത്തി നാനൂറമ്പതു് പദങ്ങളും ആറായിരത്തി അറുനൂറ്റി അറുപത്താറു് സൂക്തങ്ങളും നൂറ്റിപ്പതിനാലു് അദ്ധ്യായങ്ങളും മുപ്പതു് ഭാഗങ്ങളും അടങ്ങിയിരിക്കുന്നു. ഖുർആനിലെ അദ്ധ്യായങ്ങളെ 'മക്കി'യെന്നും 'മദനി'യെന്നും പൊതുവെ രണ്ടായി തിരിച്ചിരിക്കുന്നു. മക്കിയെന്നതു് ഹിജ്റക്കുമുമ്പു് മക്കയിൽവെച്ചു് അവതരിക്കപ്പെട്ടതും മദനിയെന്നതു് ഹിജ്റക്കുശേഷം അവതരിക്കപ്പെട്ടതുമാണു്. എന്നാൽ ഹിജ്റക്കുശേഷം മക്കായിൽവെച്ചു് അവതരിക്കപ്പെട്ടതും 'മദീനി'വിഭാഗത്തിൽ ഉൾപ്പെട്ടുന്നു.

ഖുർ—ആൻ ഗ്രന്ഥരൂപം കൈക്കൊണ്ടുവെന്നുള്ള തുകൊണ്ട് അതു് പ്രാചീനമാക്കുകയെന്ന പതിവ് മുസ്ലിമീങ്ങളിൽനിന്നു വിട്ടുപോയില്ല. ഇന്നതു് മുഴുവൻ വീഴ്ചകൂടാതെ കാണാതെ ഓതുവാൻ സാധിക്കുന്ന പലരുമുണ്ട്. ഖുർ—ആൻ ആവിർഭവിച്ചിട്ട് 1300-ൽ പരം വർഷങ്ങളായെങ്കിലും ഇതുവരെയും അതിലൊരക്ഷരത്തിനുപോലും മാറ്റമോ, മറിവോ സംഭവിച്ചിട്ടില്ല. അതിലൊരു വള്ളിയ്ക്കോ പുള്ളിയ്ക്കോ വ്യത്യാസമില്ലാതെ, ലോകാന്ത്യംവരെ നിലനില്ക്കുകയും ചെയ്യും.

ഈയിടെയായി ചില അമുസ്ലിം നേതാക്കന്മാർ പ്രത്യേകിച്ചും ചില ഉത്തരവാദപ്പെട്ട ഹൈന്ദവ നേതാക്കന്മാർ ഖുർആനിനെ സംബന്ധിച്ച് വിമർശിക്കുന്നതു് കേൾക്കുന്നുണ്ട്. അതിനുദാഹരണമാണ് 1950 സപ്തംബർ 20—ന- നാസിക്കിൽ വെച്ചുചേർന്ന അഖിലേന്ത്യാ കോൺഗ്രസ്സ് സമ്മേളനത്തിൽ അദ്ധ്യക്ഷൻ മി: പുരുഷോത്തംദാസ് ടാണ്ടൻ ചെയ്ത പ്രസംഗം. വാസ്തവത്തിൽ ഇസ്ലാമിനെക്കുറിച്ചും വിശിഷ്യാ ഖുർആനിനെക്കുറിച്ചും ഉള്ള അജ്ഞതയുടെ പ്രതികരണമാണ് അവരുടെ വിമർശനങ്ങൾ. അത്തരം വിമർശനങ്ങളെ അതിജീവിക്കുന്ന വിധത്തിൽ അഗണ്യകോടിയിൽ തള്ളുകയാണ് മുസ്ലിം ബുദ്ധിജീവികളുടെ ചുമതലയെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലോ? അത്തരക്കാരോടുള്ള ഖുർആന്റെ നിലപാടു് ഈ ലേഖനത്തിൽ വ്യക്തമാക്കിയിട്ടുമുണ്ടല്ലോ.

ശദ്ദാദിന്റെ സ്വർഗ്ഗം.

ഹസ്രത്ത് ഹൂദ് നബി (അ) യുടെ സമകാലീനനായിരുന്ന പ്രസിദ്ധനായ ശദ്ദാദിബ്നു ആദ്. ഹൂദ് നബി (അ) അവനെ സന്മാർഗ്ഗത്തിലേക്ക് ക്ഷണിക്കുകയും ഏകനായ അല്ലാഹുവിൽ വിശ്വസിക്കുവാൻ ആഹ്വാനം നല്കുകയുംചെയ്തു. പക്ഷെ ശദ്ദാദ് അല്ലാഹുവെന്നൊരുവൻ ഉണ്ടോ എന്ന കാര്യത്തിൽപോലും സംശയിച്ചു. അവൻ ചോദിച്ചു. 'ഹൂദേ! അല്ലാഹുവിനു വഴങ്ങുവാൻ നിങ്ങൾ ഉപദേശിക്കുന്ന അങ്ങിനെ ഒന്നിനെ കാണപ്പെട്ടുന്നുമില്ല. അഥവാ അദൃശ്യനായ അവനു് ആരാധന ചെയ്താൽ എന്താണു പ്രതിഫലം സിദ്ധമാവുക?'

ഹൂദ്:— 'ശദ്ദാദ്! ഏകനായ അല്ലാഹുവാണ് നമ്മെ എല്ലാവരേയും സൃഷ്ടിച്ചു, സംരക്ഷിച്ചു, സംഹരിച്ചു പരലോകത്തു് വിചാരണചെയ്തു ശിക്ഷിക്കുകയും രക്ഷിക്കുകയും ചെയ്യുന്നതു്. ഭൌതിക ജീവിതത്തിൽ അവന്റെ കല്പനകളെ അനുസരിച്ചു് ജീവിക്കുന്നവക്കു് പരലോകത്തു് സ്വർഗ്ഗവും അവനെ അനുസരിക്കാതെ സ്വേഛാചാരികളായി ജീവിക്കുന്നവക്കു് നരകവും ആവാസകേന്ദ്രമായി അല്ലാഹുവിനാൽ തീരുമാനിക്കപ്പെട്ടുന്നു.'

ശദ്ദാദ്:— 'സ്വർഗ്ഗം എന്നാൽ എന്താണ്?'

'അൽ-ബയാനിൽ' പ്രസിദ്ധീകരിച്ചിരുന്നു.

ഖുർആൻ: — 'സുഖസൗകര്യങ്ങൾ നിറഞ്ഞ ഒരു ഭവനമാണ്; അഥവാ അത്തരമൊരു രാജ്യമാണ് സ്വർഗ്ഗം. മനുഷ്യരെ ഏറ്റവുമധികം ആകർഷിച്ച് ആനന്ദിപ്പിക്കുന്ന സുഖസൗകര്യങ്ങൾ മാത്രമേ അതിൽ ഉണ്ടാവുകയുള്ളൂ. മനുഷ്യർ ഇഷ്ടപ്പെടുന്ന സ്വർണ്ണം, വെള്ളി, തേൻ, മാണിക്യം മുതൽ വിധങ്ങളായ രത്നങ്ങൾ, സ്വാദേറിയ പലവിധ പഴവർഗ്ഗങ്ങൾ, മാധുര്യങ്ങളായ നദികൾ, സൗന്ദര്യധാമങ്ങളായ ഹൂറികൾ (അപ്സരസ്) കോമളന്മാരായ ബാലന്മാർ എന്നിങ്ങനെയുള്ള ആഡംബര സൗകര്യങ്ങൾ അവിടെ സുലഭങ്ങളാണ്. സർവ്വോപരി അതിൽ പ്രവേശിക്കുന്നവർ എന്താഗ്രഹിക്കുന്നുവോ അതു അവിടെ ലഭ്യമാണ്. യാതൊരാപത്തിനേയും ഭയപ്പെടേണ്ടതായി അവിടെയുണ്ടാവുകയില്ല. അവിടെ പ്രവേശിക്കുന്നവർക്ക് വാർദ്ധക്യത്തേയോ, മരണത്തേയോ ഭയപ്പെടേണ്ടതില്ല. അവിടത്തെ സന്തോഷങ്ങൾക്ക് നിയന്ത്രണമില്ലാത്തതും ആഡംബരങ്ങൾക്ക് സീമയില്ലാത്തതുമാണ്.'

ശർമ്മാട്: — 'ശരിയായിരിക്കാം! പക്ഷേ അതിന്റെ ഉടമസ്ഥത അന്യർക്കും വളരെ ജനങ്ങൾക്ക് അവകാശപ്പെട്ടതുമാകയാൽ എനിക്കതാവശ്യമില്ല. അത്തരം ഒരു സ്വർഗ്ഗീയരാജ്യം എനിക്ക് സ്വന്തമായി നിർമ്മിക്കുവാനും അതുവഴി സുഖിക്കുവാനും നിങ്ങൾ പറയുന്നതിനപ്പുറം ഒരു ദൈവമില്ലെന്ന് സ്ഥാപിക്കുവാനും എനിക്ക് സാധിക്കും. നിങ്ങളുടെ സഹായം ആ വിഷയത്തിൽ എനിക്കാവശ്യവും ഇല്ല.'

അല്ലാഹുവിനോട് മത്സരിക്കുവാൻ തന്നെ ശർമ്മാട് തീരുമാനിച്ചു. സ്വർഗ്ഗം സ്വന്തമായി നിർമ്മിച്ച് അല്ലാ

ഹവിനോട്ട് തുല്യനാവുക! അതിനാണ് അവൻ പിന്നീട് പരിശ്രമിച്ചത്. ചരിത്രത്തിൽ ഇത്തരം പല സംഭവങ്ങളും ഉണ്ടായതായി കാണാവുന്നതാണ്. മൂസാ നബി (അ)യുടെ ശത്രുവായിരുന്ന ഈജിപ്തിലെ ഫിർഔൻ (ഫാറോൻ) ഇക്കായ്മത്തിൽ കുറച്ചുകൂടി പുരോഗമിച്ച കൂട്ടത്തിൽ ആയിരുന്നു. അല്ലാഹുവിന്റെ പ്രവൃത്തികളിൽ ഏർപ്പെട്ട് അവനും സമതുലം പ്രാപിക്കേണമെന്നല്ല ഫിർഔൻ തീരുമാനിച്ചത്. മൂസായുടെ ദൈവത്തെ വധിച്ചുകളയുവാനാണ് അവൻ തയ്യാറായത്. ശക്തന്മാരായ കഴുകന്മാരെപ്പിടിച്ച് പട്ടിണിയിട്ട് ഫിർഔനിനു് ഇരിക്കാവുന്ന ക്രമത്തിൽ ഒരു കൂടാരം പണികഴിക്കുകയും കൂടാരത്തിനു്മീതെ മാംസക്ഷണങ്ങൾ തൂക്കുകയും ചെയ്ത് കഴുകന്മാരുടെ തോളത്തിൽ കൂടാരം ഉറപ്പിക്കുകയും ഫിർഔൻ ആയുധധാരിയായി അതിൽ ആസനസ്ഥനാവുകയുംചെയ്തു. ഭക്ഷണത്തിനായി കഴുകന്മാർ മേലോട്ട് പറന്നുതുടങ്ങി. ഏതോ തരത്തിൽ ദൈവം വാനലോകത്താണെന്ന ധാരണ ഫിർഔനു് ഉണ്ടായിരുന്നു. വളരെ ഉയരത്തിൽ എത്തിയശേഷം ഫിർഔൻ ഒരു ശരം അല്ലാഹുവിനെ ലാക്കാക്കി തൊട്ടുവിട്ടു. അല്ലാഹുവിന്റെ ആജ്ഞാനുസരണം ഒരു മലക്ക് അമ്പ് പിടിച്ചെടുത്ത രക്തത്തിൽമുക്കി ഫിർഔനു് എറിഞ്ഞുകൊടുത്തു. അത് കണ്ട് ഫിർഔൻ മൂസായുടെ അല്ലാഹു മരിച്ചുപോയെന്നുൽഘോഷിച്ചകഥ സുപ്രസിദ്ധമാണല്ലോ.

സ്വർഗ്ഗം പണിയുവാനായി എഞ്ചിനിയർമാരും ശില്പികളുമായ ആയിരംപേർക്ക് ശദ്ദാദ് കല്പനകൊടുത്തു. ഒരാൾക്ക് ആയിരംപേരെവീതം പത്തുലക്ഷം കൂലിക്കാരേയും അയച്ചുകൊടുത്തു. അവർ യമനിൽപ്പെട്ട ജബൽ

അദൻ എന്ന സ്ഥലം യോഗ്യമായി അംഗീകരിക്കുകയും അവിടെ പണി ആരംഭിക്കുകയും ചെയ്തു. 40 കാതം (160 നാഴിക) ചുറ്റളവിൽ സമചതുരത്തിൽ തറകീറി. വെള്ളം ഭൂമിയേടത്തുനിന്നും കരിങ്കല്ലുകൊണ്ടു ഭിത്തി കെട്ടി. ഭിത്തിമുതൽ ഉയരം 500 മുഴം ആയിരുന്നു. മർമ്മിർകൊണ്ടു കെട്ടിയ ചുവരുകൾ വെള്ളിപ്പലക കൊണ്ടു പൊതിഞ്ഞു തങ്കംപൂശി കാഴ്ചപതിയാത്തവിധത്തിൽ മനോഹരമാക്കി. ലോകത്തിലെ രാജകീയ ധനം മുഴുവനും ആ കൃത്രിമസ്വർഗ്ഗത്തിനും വിനിയോഗിച്ചു. ആയിരം രമ്യഹർമ്മ്യങ്ങൾ മുത്തുകൊണ്ടും പച്ചമരതകംകൊണ്ടും അതിനകത്തു പണികഴിച്ചു. നാലു കൃത്രിമനദികൾ നിർമ്മിച്ചു. അതിന്റെ കരയിൽ പലവിധം പഴവർഗ്ഗങ്ങൾ നട്ടുവളർത്തുകയും ഒട്ടുവളരെ പക്ഷികളെ പാർപ്പിക്കുകയും ചെയ്തു. മാളികകളെല്ലാം മിനാരങ്ങളെക്കൊണ്ടു മോടിപിടിപ്പിച്ചു. നിരവധി സുന്ദരകന്യകമാരെ ഭവനങ്ങളിൽ താമസിപ്പിച്ചു. ആശ്ചര്യകരങ്ങളായ അനവധി ചിത്രപ്പണികൾചെയ്തു. പല കൃത്രിമവേലകളാലും നിറപ്പകിട്ടുകളെക്കൊണ്ടു കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകളാലും മോഹനമാക്കി. 300 വർഷങ്ങളെക്കൊണ്ടാണു അതിന്റെ പണി മുഴുമിപ്പിച്ചതു! പ്രവർത്തനമേലധികാരി പണി പൂർത്തിയായ വിവരം ശദ്ദാദു രാജാവിനെ അറിയിച്ചു. ശദ്ദാദു അനവധി പരിവാരങ്ങളോടുകൂടി ആ 'സ്വർഗ്ഗ'ത്തിലേക്കെഴുന്നള്ളി പ്രവേശിക്കുവാൻ ഒരുങ്ങിയപ്പോൾ ഒരു ശബ്ദമുണ്ടായി. അതു ഒരു ഭയങ്കരശബ്ദമായിരുന്നു. ആ ശബ്ദത്തോടുകൂടി ശദ്ദാദും പരിവാരങ്ങളും നിർജ്ജീവികളായിത്തീർന്നു. ആ കൃത്രിമസ്വർഗ്ഗം നശിച്ചുപോയതിൽ നമുക്കും സന്തോഷിക്കാം.

വിശ്രുതരായ മൂന്ന് കവികൾ.

ഇറാക്കിലെ ബസ്റാ പട്ടണത്തിൽ അന്ധനായി ജനിച്ചുവളർന്ന ബഷ്ശാർബുൻബുർദ് അബ്ബാസിയാ ഭരണകാലത്തെ ഒരു പ്രധാന ശൃംഗാരകവിയായിരുന്നു. അന്ധനായി ജനിക്കുകയും, അന്ധനായി വളരുകയും, അന്ധനായിത്തന്നെ മരിക്കുകയും ചെയ്ത അദ്ദേഹത്തിന്റെ അഗാധമായ അറിവും കവനകലയിൽ ഉണ്ടായിരുന്ന നൈപുണ്യവും അസാധാരണമായിരുന്നു. പല വിഷയങ്ങളിലുമെന്നപോലെ അറബിസാഹിത്യത്തിലും അറബിഭാഷാശാസ്ത്രത്തിലും അദ്ദേഹത്തിനു വളരെ വിപുലമായ അറിവുണ്ടായിരുന്നു. അറബികവിതകളിൽ അതുവരെ ഉണ്ടായിട്ടില്ലാത്ത അനവധി നൂതനപുഷ്പകം അദ്ദേഹം നട്പ്പിലാക്കി. നാനാവിഷയങ്ങളും അദ്ദേഹത്തിന്റെ കവിതകളിൽകാണാമെങ്കിലും ശൃംഗാരകവിതകളാണ് അവയിൽ മുന്നിട്ടുനില്ക്കുന്നത്.

രഹസ്യസാഹിത്യത്തിലും അദ്ദേഹം അസൂയാർഹമായ സ്ഥാനം കൈവരിച്ചിരുന്നതിനാൽ അക്കാലത്തെ ഉയർന്ന ആളുകൾപോലും അദ്ദേഹത്തെ ഭയപ്പെട്ടിരുന്നു. കാവ്യലഹരിയിൽ ആകൃഷ്ടനായിത്തീരുന്ന ബഷ്ശാർ പലപ്പോഴും മര്യാദയെ ലംഘിക്കുകകൂടി ചെയ്തിട്ടുണ്ട്. ബഷ്ശാറിന്റെ വാക്ശരങ്ങളേറ് ചൂളിപ്പോയ ചില ഉദ്യോഗസ്ഥന്മാർ ഖലീഫ മഹ്ദിയുടെ അടുക്കൽ ആവലാതിപ്പെടുകകൂടി ഉണ്ടായി. അതുകൊണ്ടൊന്നും അദ്ദേഹം പിന്മാറുകയുണ്ടായിട്ടില്ലത്രെ!

വാസനാകവിയായിരുന്ന ബഷ്ശാറിന്റെ നാവിലൂടെ കവിത പ്രവഹിക്കുകയായിരുന്നു. പന്തീരായിരം

കവിതകൾ അദ്ദേഹം രചിച്ചതായി അറിയപ്പെടുന്നു. ഹിജ്റാ നാലാംനൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ ഏതാണ്ട് നാലായിരംകവിതകൾ സൂക്ഷിച്ചുപോന്നിരുന്നു. കാലാന്തരത്തിൽ അവ ഭൂരിഭാഗവും നഷ്ടപ്പെട്ടുവെന്നു് മാത്രമല്ല, ഇപ്പോൾ ബഷ്ശാറിന്റെ കവിത വളരെക്കുറച്ചു് മാത്രമേ അവശേഷിച്ചിട്ടുള്ളൂ.

ഇറാക്കിൽത്തന്നെ അഹ്വാസിൽ ജനിച്ചുവളർന്ന ഒരു ഫലിതകവിയാണു് അബൂനുവാസ്. അദ്ദേഹത്തെ കവിസാർവ്വഭൗമനായിട്ടുതന്നെ അംഗീകരിക്കപ്പെട്ടു. ബഷ്ശാറിനെപ്പോലെ അദ്ദേഹവും അറബിസാഹിത്യത്തിലും, മറ്റു ശാസ്ത്രങ്ങളിലും അളവറ്റ അറിവ് നേടി. അബൂനുവാസ് കവി മാത്രമല്ല ഭാഷാപണ്ഡിതൻകൂടിയായിരുന്നുകൂടി. ചില നിരൂപകന്മാർ സമർത്ഥിക്കുന്നുണ്ട്. നവീനങ്ങളായ പ്രയോഗങ്ങളും, പുതിയ ശബ്ദങ്ങളും, അലങ്കാരങ്ങളും, ആശയങ്ങളും ആവിഷ്കരിക്കാനുള്ള പുതിയ വാക്കുകളും അദ്ദേഹംനടപ്പാക്കി.

രാജകീയാനുകൂല്യങ്ങൾ ലോഭമില്ലാതെ കിട്ടിത്തുടങ്ങിയതിനാൽ ആഡംബരപ്രിയനും, വിഷയലമ്പടനും ആയിട്ടാണു് അബൂനുവാസ് ജീവിച്ചിരുന്നതു്. അബൂനുവാസിന്റെ മദ്യപാനം കുപ്രസിദ്ധമായിരുന്നു. മദ്യവും പദ്യവും അടുത്ത ബന്ധുക്കളായി കണ്ടുവരാറുണ്ടല്ലൊ. തലസ്ഥാനമായ ബഗ്ദാദ്പട്ടണത്തിൽ സുഖലോലുപനായി, സുഖാനുഭൂതികളിൽ നിമഗ്നനായി ജീവിച്ചു്, മധുരമായി പാടിക്കൊണ്ടിരുന്ന ആ ശൃംഗാരകോകിലത്തിന്റെ കാവ്യതല്ലജങ്ങൾ അറബിസാമ്രാജ്യത്തിലങ്ങിങ്ങോളം മുഴങ്ങിക്കൊണ്ടിരുന്നു. അറബിസാഹിത്യത്തിന്റെ അന്ത്യവേളവരെ അബൂനുവാസിന്റെ

ശ്രുതിമധുരമായ ഗാനങ്ങളും, ഫലിതോക്തികളും നാഹി
ത്യരസികരെ ആനന്ദിപ്പിച്ചുകൊണ്ടിരിക്കും. ഇതുയും
വിഷയാസക്തനായ ഒരറബികവി വേറെയില്ലെന്നതു
തീച്ചയാണ്. പ്രസിദ്ധമായ വിഷയാസക്തി കാരണ
ത്താൽ പലപ്പോഴും അബൂനുവാസിനെ ഖലീഫ റഷീദ്
താക്കീതുനൽകുകയും, തടവിലിടുകകൂടിയുംചെയ്തിട്ടുണ്ട്.
ഭാവനാസമ്പന്നനും വശ്യമാക്കുമായ അബൂനുവാസ്
അതിൽനിന്നെല്ലാം അതിസമർത്ഥമായിത്തന്നെ മോചി
തനാകാറുമുണ്ട്. ഹിജ്റ രണ്ടാംനൂറ്റാണ്ടിന്റെ അവ
സാനത്തിലാണദ്ദേഹത്തിന്റെ ജനനം. അബൂനുവാ
സിനെസംബന്ധിച്ചും അനവധി നേരമ്പോക്കുകളും, സ
രസകഥകളും, ഫലിതങ്ങളും അറബിസാഹിത്യത്തിൽ
ശാശ്വതമായിത്തീർന്നിട്ടുണ്ട്.

അബൂനുവാസിനെപ്പോലെ പ്രസിദ്ധനായ മ
റെറാരു മഹാകവിയാണ് അബുൽഅത്താഹിയ. ഒരു
ദരിദ്രനായി ജനിച്ച് ദരിദ്രനായി വളർന്ന അദ്ദേഹം ചെ
റുപ്പത്തിൽതന്നെ അറബ് ഭാഷയിലും സാഹിത്യത്തിലും
വേണ്ടത്ര അറിവുസമ്പാദിച്ചു. ബാല്യത്തിൽതന്നെ ക
വിതാവാസന അദ്ദേഹത്തിൽ വളർന്നുവന്നു. വിവിധ
വിഷയങ്ങളിൽ അദ്ദേഹം കാവ്യരചന ചെയ്തിരുന്നുവെ
ങ്കിലും കൂടുതൽ ഒരേവിഷയത്തിൽമാത്രമാണ് അദ്ദേഹം കൂടുതൽ
പ്രവൃത്തിച്ചതു്. ആ കാലഘട്ടത്തിലെ കവിതകളിൽ
സുഖലോലുപതയുടെ ഉത്തമോദാഹരണമാണ് അബൂനു
വാസെങ്കിൽ, അതിനു് വിരുദ്ധനും സമകാലീനനുമാ
യിരുന്ന അബുൽഅത്താഹിയ. ഐഹികജീവിതത്തി
ന്റെ ക്ഷണികതയും, ദുഷ്ചെയ്തികളുടെ ദുരന്തഫലങ്ങ
ളും, സദാചാരജീവിതത്തിന്റെ നേട്ടങ്ങളുമാണ് അദ്ദേ

ഹത്തിന്റെ കവിതകളിൽ ഉടനീളംകാണുക. ലൌകീക ജീവിതത്തിലെ വിജയത്തിങ്കൽഎത്തുവേണ്ടി മനുഷ്യർ ചെയ്യാറുള്ള ഉഴപ്പത, വഞ്ചന, വാഗ്ദത്തലംഘനം മുതലായ ഉശ്ശീലങ്ങളെ എടുത്തുകാട്ടി അദ്ദേഹം വളരെയേറെ ഉപദേശിച്ചിട്ടുണ്ട്. ഗദ്യംപോലെ ഒഴുകുന്നവയാണ് അദ്ദേഹത്തിന്റെ കവിതകൾ.

ലൌകീക സുഖാനുഭവങ്ങളിൽ ലയിച്ച് കൃത്യവിലോപരായിക്കഴിയുന്ന മനുഷ്യരുടെ ഹൃദയങ്ങളെ നീചമാർഗ്ഗങ്ങളിൽനിന്ന് പിന്തിരിപ്പിച്ച് പാരത്രീകമേന്മയെ ലക്ഷ്യമാക്കി സന്മാർഗ്ഗനിരതരാക്കിത്തിക്കാൻ പ്രേരിപ്പിക്കുന്നതാണ് ശക്തിയുള്ള അദ്ദേഹത്തിന്റെ കവനങ്ങൾക്ക്. അറബ്ഭാഷയിൽ എതിരുകാണുകയില്ല. ഇഹലോകസുഖങ്ങൾ എത്രകണ്ടനുഭവിച്ചിട്ടും മതിവരാത്ത ഒരു നിലവാരമാണ് അബൂനവാസ് കാണിച്ചുതെങ്കിൽ, പ്രപഞ്ചപ്രഭാവത്തിൽ വിരക്തിതോന്നി ഒരധ്യാത്മികസ്ഥിതിവിശേഷത്തെയാണ് അബുൽഅത്താഹിയ പ്രതിനിധീകരിക്കുന്നത്. അബൂനവാസ് ഒരു വിഷയലമ്പടനായി സാന്മാർഗ്ഗീകലോകത്തു് അധഃപ്പതിച്ചുവെങ്കിൽ, അബുൽഅത്താഹിയ ഒരു ഐഹികവിരക്തനായിരുന്നു എന്നതാണ് ശരി. രണ്ട് വിരുദ്ധസ്വഭാവങ്ങളുടെ സമ്മിശ്രനത്തിൽപെട്ട് ഒരു സാധാരണ നിലവാരത്തിൽ നിന്നവർ അകന്നുപോയി എന്നതു് വ്യക്തമാണ്.

ഹിജറ രണ്ടാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽതന്നെയാണ് അബുൽഅത്താഹിയ ദിവംഗതനായതു്. അറബിപദ്യസാഹിത്യത്തിനു് ലോഭമില്ലാതെ സംഭാവന ചെയ്ത മൂന്നു് വിശ്രുതകവികളാണിവർ.

ഹസ്രത്ത് ബിലാലും
ഉമയ്യത്തും.

ക്രൂരവും ഭയങ്കരിയമായ പീഠനകളുടെ മുമ്പിൽ പോലും തലകുനിക്കാത്ത ഒരുറച്ച വിശ്വാസിയായിരുന്ന ഹ: ബിലാൽ (റ) അദ്ദേഹം ഒരു അബിസീനിയൻ അടിമയായിരുന്നു. ബിലാൽ (റസൂക്കു) ഇസ്ലാംമതം സ്വീകരിക്കുന്ന കാലത്തു് ഉമയ്യിബ്നുഖലഫിന്റെ ഒരു അടിമയായിരുന്നു.

ബിലാൽ ഇസ്ലാംമതം അവലംബിച്ച വർത്തമാനം ഉമയ്യത്തു് അറിഞ്ഞപ്പോൾ അദ്ദേഹത്തെ പലവിധത്തിലും ഉപദ്രവിയ്ക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ കഴുത്തിൽ കയറിട്ടു കുട്ടികളെകൊണ്ടു് വലിപ്പിക്കുകയും വികൃതി കുട്ടികളെ ചുറ്റും നിർത്തി പരിഹസിപ്പിക്കുകയും കല്ലെറിയിക്കുകയും ചുട്ടപഴുത്ത മണലാരണ്യത്തിൽ മലർത്തി കിടത്തി ചുട്ടകല്ലുകൊണ്ടു മാറ്റിടത്തിൽ കയറ്റി വെയ്ക്കുകയും പട്ടമലർത്തികെട്ടി കഠിനവെയിൽ കൊള്ളിക്കുകയും വടികൊണ്ടടിപ്പിക്കുകയും ചെയ്യുകതന്നെയുമല്ല നിരവധി പട്ടിണിക്കിട്ടു് ഉദരിതമനുഭവിപ്പിക്കുകയും ചെയ്തു. ഇതെല്ലാം എന്തിനു്? അദ്ദേഹം ഇസ്ലാംമതം സ്വീകരിച്ച ഒരേ ഒരപരാധത്തിന്നു്! ഇപ്രകാരമുള്ള കഷ്ടതകൾക്കു് വിധേയനായിട്ടും അതു് അനുഭവിക്കുമ്പോഴും യാതൊരു മടിയുംകൂടാതെ അല്ലാഹു ഒരുവൻ അല്ലാ

ഹ ഒരുവൻ എന്ന വാക്യങ്ങൾ തന്നെ ഹസ്രത്ത് ബിലാൽ ഉരുവിട്ടുകൊണ്ടിരുന്നു.

ഹസ്രത്ത് അബൂബക്കർ (റ) ഈ വിവരമറിഞ്ഞ് ഉമയ്യത്തിനെ സമീപിച്ച് അയാൾ ആവശ്യപ്പെട്ട സംഖ്യ കൊടുത്ത് അടിമയായിരുന്ന ഹ: ബിലാലിനെ വാങ്ങുകയും അല്ലാഹുവിൻറെ നാമത്തിൽ സ്വതന്ത്രനാക്കുകയും ചെയ്തു.

ഹിജ്റ രണ്ടാം വർഷത്തിൽ ബദർയുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. ഖുറൈശികൾ യുദ്ധത്തിൽ തോൽവികണ്ട് പിന്മാറുവാൻ തുടങ്ങി. മുസ്ലിംകൾ കാഫിർകളെ തടവുകാരാക്കുന്നതിൽ വ്യാപൃതരായി. അക്കൂട്ടത്തിൽ ഉമയ്യത്തും പുത്രൻ അലിയും ഉണ്ടായിരുന്നു.

ഉമയ്യത്ത് രക്ഷപ്പെടുവാനായി തൻറെ ഒരു പഴയ സ്നേഹിതനായ ഹ: അബ്ദുറഹിമാൻ ബിൻ ഔഫിനെ സമീപിച്ചു. ഉമയ്യത്ത് ഒരു ധനികനാകയാൽ ആവശ്യപ്പെട്ട പിഴ ലഭിക്കുമെന്നെ ആശയോടുകൂടി ഹ: അബ്ദുറഹിമാൻ അവരെ രണ്ടുപേരേയും തടവുകാരാക്കി. അങ്ങിനെ നില്ക്കുവെ ഹ: ബിലാൽ ആ വഴിക്ക് വരികയും തൻറെ ഏറ്റവും വലിയ ശത്രുക്കളായവരെ കാണുകയും ചെയ്തു.

ഹ: ബിലാൽ ഇവനെ കണ്ടുടനെ വിളിച്ചു പറഞ്ഞു. 'റസൂലിന്റെ സഹായികളെ! കാഫിർകളുടെ നേതാവു് ഉമയ്യത്ത്ബ്ന ഖലഫ് ഇതാ! ഇവൻ രക്ഷപ്പെട്ടാൽ ഞാൻ രക്ഷപ്പെടുകയില്ല.' ബിലാലിന്റെ വിളികേട്ടു് ചില സഹാബികൾ ഓടിയെത്തി. അഭയം തേടിയ ഉമയ്യത്തിനെ രക്ഷിക്കുവാനായി അബ്ദുറഹിമാൻ അദ്ദേഹത്തോടു് കമിഴ്ന്നുകിടക്കുവാൻ ആജ്ഞാപിക്കുകയും അപ്രകാരം ചെയ്തപ്പോൾ മീതെ അദ്ദേഹം കിടക്കുകയും ചെയ്തു. എന്നിട്ടും സഹാബികൾ അദ്ദേഹത്തെ വിമുക്തനാക്കുവാൻ ഭാവമില്ലാതെ അബ്ദുറഹിമാന്ബ്ന ഔഫിന്റെ(റ)അടിയിൽക്കൂടി വാൾകടത്തി ഉമയ്യത്തിനെ വധിച്ചു. ഹ: ബിലാലിബ്ന ഹാരിസു്, ഹ: മആദ്ബ്നകറാഅു്, ഹ: ഖാരിജത്ത്ബ്നസൈദു്. ഹ: ഹബീബ്ബ്ന അസാഫു് എന്നിവരാണു് ഉമയ്യത്തിനെ വധിച്ചതു്.

സത്യമതാന്വേഷി
അഥവാ
സൽമാനുൽ ഫാരിസി.

ഏകദൈവവിശ്വാസികളും നിരവധി മർദ്ദനങ്ങൾക്കും യാതനകൾക്കും പാത്രമാവുക എന്നതു് ഇസ്ലാം ചരിത്രത്തിലെ ഒരു പ്രത്യേകതയാണു്. അപ്രകാരം ഏകദൈവ വിശ്വാസത്തിന്നായി മാതാപിതാക്കളും, സ്നേഹിതന്മാർ, കുടുംബങ്ങളും എന്നുവേണ്ടാ സർവ്വവിധ ലൌകിക സുഖങ്ങളും ഉപേക്ഷിച്ചു നാടുതോറും അലഞ്ഞുതിരിഞ്ഞു അന്വേഷിച്ചു കഷ്ടപ്പാടുകളും കഴിച്ചും എന്നുതന്നെയല്ല അടിമത്വത്തിന്റെ ദയനീയാവസ്ഥയും വരിച്ച ഒരു ധീരത്യാഗിയാണു് കഥാപുരുഷനായ ഹസ്രത്തു് സൽമാനുൽ ഫാർസി (റ)

നബി (സ) മക്കയിൽ നിന്നു് ഹിജ്റപോയി മദീനയിൽ എത്തിയ അടുത്ത അവരത്തിൽ ഒരു മയ്യത്തിനെ സംസ്കരിക്കേണ്ട ആവശ്യത്തിനായി 'ബക്കീഅ്' കബർസ്ഥാനത്തിൽ പോയിരുന്നു. തദവസരത്തിൽ സൽമാനുൽഫാർസി (റ) അവിടെ ആഗതനായി നബിതിരുമേനിക്കു് സലാം പറഞ്ഞു. നബി (സ) പ്രത്യുത്തരം നൽകിയശേഷം മയ്യത്തിനുവേണ്ടി നമസ്കരിച്ചു. അപ്പോൾ സൽമാൻ നബിയുടെ പിൻഭാഗത്തു് നില്ക്കുന്നുണ്ടായിരുന്നു. നമസ്കാരാനന്തരം സൽമാൻ വലിയൊ

രു കൃതാർത്ഥതയോടെ നബിതിരുമേനിയുടെ കരംപിടിച്ച് ചുംബിച്ചുകൊണ്ട് പറഞ്ഞു. 'അല്ലാഹുത്തആലയെ അനുസരിക്കുന്നതിനുവേണ്ടി മാതാപിതാക്കൾ, കുടുംബങ്ങൾ (സ്നേഹിതന്മാർ) എന്നിവരെ ഉപേക്ഷിച്ച് എന്റെ സുഖകരമായ ജീവിതത്തെയും വിഷ്ടമാക്കി നാടുതോറും അലഞ്ഞുതിരിഞ്ഞു. അനവധികഷ്ട നഷ്ടങ്ങൾ അനുഭവിച്ചു മാത്രമല്ല അങ്ങയെ കണ്ടുപിടിക്കുന്നതിൽ അടിമത്വത്തിന്റെ ഭയങ്കരാവസ്ഥ കൂടി സഹിക്കേണ്ടിവന്നവനാണ് ഞാൻ. അങ്ങ് എന്നെ അനുഗ്രഹിച്ചാലും.' നബി (സ) അദ്ദേഹത്തോട് ചോദിച്ചു. 'നിങ്ങളുടെ പേരെന്ത്?' രാജ്യമേത്?' 'സൽമാൻ' നബിയെ! എന്റെ കഥ കുറെ ദീർഘിച്ച ഒന്നാണ്. അതിനെ ഈ സന്ദർഭത്തിൽതന്നെ അങ്ങയേയും കൂട്ടുകാരേയും അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.' എന്നു പറഞ്ഞ് സൽമാൻ തന്റെ കഥ ആരംഭിച്ചു.

എന്റെ രാജ്യം പേർസ്യയിലെ ഇസ്ബഹാൻ എന്ന സ്ഥലത്തുള്ള ഒരു ഗ്രാമമാണ്. എന്റെ പിതാവ് ആ ഗ്രാമത്തിലെ നേതാവായിരുന്നു. അദ്ദേഹത്തിനു് എന്നേക്കാൾ കൂടുതൽ പ്രേമമുള്ളതായി ലോകത്ത് യാതൊരുവസ്തുവുമുണ്ടായിരുന്നില്ല. ആ സ്നേഹാധിക്യം അദ്ദേഹത്തിന്റെ ജീവനുതന്നെ ആപത്തായിതീർന്നു. ഒരിക്കൽ ഞാൻ യാദൃശ്ചികമായി വീട്ടിൽ വിട്ടുപുറത്തുപോവുകയും അതിൽ പിതാവിനു് എന്നെ സംബന്ധിച്ച് ചില സംശയങ്ങൾക്ക് ഇടയാവുകയും തന്നിമിത്തം വീട്ടിൽ നിന്നുപുറത്തുപോകാനുള്ള എന്റെ സ്വാതന്ത്ര്യ

ത്തെ സ്ത്രീകളോടനുവത്തിക്കാവുള്ളപോലെ നിരോധിക്കുകയുംചെയ്തു. പിതാവിന്റെ സ്നേഹഹസ്തങ്ങൾക്കിടയിൽ എന്റെ പുരുഷപ്രായം എത്തിച്ചേർന്നു. എന്റെ കുടുംബാംഗങ്ങൾ മജൂസികൾ (അഗ്നി ആരാധകന്മാർ) ആയിരുന്നു. ഈ കാലമത്രയും ഞാനും അഗ്ന്യാരാധനയിൽത്തന്നെ കഴിഞ്ഞുകൂടിയിരുന്നു.

പിതാവു് ധാരാളം കരമൊഴിവു് ഭൂമികളുടെ ഉടമസ്ഥനായിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു വലിയ കെട്ടിടം പണിയിക്കുവാൻ ആരംഭിച്ചു. അനേകം കൂലിക്കാർ ആ ജോലിയിൽ ഏർപ്പെട്ടിരുന്നു. പിതാവിന്റെ നിർദ്ദേശമനുസരിച്ചു് കെട്ടിടപ്പണിയുടെ മേൽനോട്ടം വഹിക്കുവാൻ ആരും ഇല്ലായ്കയാൽ പിതാവുതന്നെ അനേകം പ്രാവശ്യം വീട്ടിൽനിന്നു് കൃഷിസ്ഥലത്തേക്കും അവിടെനിന്നു് കെട്ടിടംപണിയുന്ന സ്ഥലത്തേക്കും പോകേണ്ടതായിവരികയാൽ എന്നെ വിളിച്ചു് ഇപ്രകാരം പറഞ്ഞു: "എന്റെ ജീവനായുള്ള മകനെ! ഞാൻ കുറച്ചു് ദിവസമായി ഒരു സൗധംനിർമ്മിക്കുവാൻ ആരംഭിച്ചിട്ടുള്ളതു് നിനക്കു് അറിയാമല്ലോ! കെട്ടിടപ്പണിയും കൃഷിസ്ഥലത്തേക്കുള്ള യാത്രയുംനിമിത്തം എനിക്കു് ഒരു സമയവും വിശ്രമിക്കുവാൻ സാധിക്കുന്നില്ല. ഇതുവരെ ഈ രണ്ടു സംഗതികളും ഒരുവിധത്തിൽ നിറവേറിവന്നു. ഇപ്പോൾ കെട്ടിടത്തിന്റെ പണിയിൽ കൂടുതൽ ശ്രദ്ധിക്കേണ്ടസമയം ആസന്നമായിരിക്കയാൽ ഞാൻ ആ വിഷയത്തിൽമാത്രം ഉദ്ദേശിക്കുന്നു. അല്ലാത്തപക്ഷം പണിയുടെ തോതു് മാറിപ്പോകയും ചെയ്യും.

അതുകൊണ്ട് കൃഷിസംബന്ധമായ എല്ലാ കുമതലകളും നീ നിർവ്വഹിക്കണം. കൃഷിസ്ഥലത്തേക്ക് പോകുന്ന വഴിയിൽ വല്ല വിനോദങ്ങളിലും പങ്കെടുത്തു താമസിക്കാതിരിക്കുവാൻ പ്രത്യേകം സൂക്ഷിക്കണം. അങ്ങിനെ വരുന്നതായാൽ ഞാൻ വളരെ ദുഃഖിക്കുവാൻ ഇടവരികയും അത്യാവശ്യജോലികൾക്കുടി വിട്ടിട്ട് നിന്നെ അന്വേഷിക്കുവാൻ ഞാൻ ഇടയാക്കേണ്ടി വരികയും ചെയ്യും.'

ഞാൻ വേഗം മടങ്ങിവരാമെന്നുള്ള കരാറോടുകൂടി കൃഷിസ്ഥലത്തേക്ക് തിരിച്ചു. വഴിയിൽ ഒരു ക്രൈസ്തവദേവാലയംകാണുകയും ആ പള്ളിയുടെ അകത്തുനിന്നു ചില ശബ്ദങ്ങൾ കേൾക്കുകയുംചെയ്തു. ജീവിതത്തിൽ ഇതുയും കാലം പുറത്തു പരിചയപ്പെട്ടിട്ടില്ലാത്ത എനിക്ക് അന്നുമാത്രമാണ് ആ ഭാഗ്യം സിദ്ധിച്ചതു്. അതിൽ, ആ രമ്യഹർമ്മ്യത്തിനുള്ളിൽ എന്താണ് നടക്കുന്നതെന്നറിയുവാൻ എനിക്ക് ആഗ്രഹമുണ്ടാവുകയും ഞാൻ പള്ളിയിൽ പ്രവേശിക്കുകയുംചെയ്തു. അവിടെ കുറെ ക്രസ്ത്യാനികൾ പ്രാർത്ഥനയിൽ മുഴുപ്പെട്ടിരിക്കുയായിരുന്നു. ഞാൻ വീടാകുന്ന കാരാഗൃഹത്തിൽ തടവുകാരനെപ്പോലെ ജീവിച്ചിരുന്നതുകൊണ്ട് അഗ്നിയാവുന്ന ആരാധ്യദേവതയെകുറിച്ചല്ലാതെ മറ്റുയാതൊന്നിനെക്കുറിച്ചും എനിക്കറിവുണ്ടായിരുന്നില്ല. കാഴ്ച ബംഗ്ലാവിൽ കടക്കുന്ന ഒരാളെപ്പോലെയാണ് ഞാൻ പള്ളിയിൽ കടന്നതു്. ഞാൻ ക്രസ്ത്യാനികളേയും അവരുടെ ആരാധനാകർമ്മങ്ങളേയും വളരെ ശ്രദ്ധയോടും ജിജ്ഞാസയോടും കൂടി നോക്കിനിന്നു. സ

വ്യശക്തന്റെ തിരുമുമ്പിൽനിന്നുകൊണ്ടുള്ള പ്രാർത്ഥനയിൽ അവരുടെ താഴ്മയും വണക്കവും ഭയഭക്തിവിശ്വാസങ്ങളും സർവ്വലോകനിയന്താവിനെക്കുറിച്ചുള്ള സ്തോത്രങ്ങളും എന്റെ ഹൃദയത്തെ കവർന്നു. അല്ലാഹുവാണെ സത്യം! അവരുടെ മതം എന്റെ മതത്തേക്കാൾ ഉയർന്നതാണെന്ന സംഗതി അവിചാരിതമായി എന്റെ നാവിൽനിന്നു പുറപ്പെട്ടു. ഞാൻ അച്ഛനോടുചെയ്ത വാഗ്ദത്തവും മറവും മറന്നുപോയി. ഞാൻ അതു നോക്കിനിന്നു സമയം പോയതറിയാതെ ആ പള്ളിയിൽ തന്നെ കഴിച്ചുകൂട്ടി. സൂര്യൻ അസ്തമിച്ചു ക്രൈസ്തവാനികൾ അവരുടെ പ്രാർത്ഥനയിൽ നിന്നു വിരമിച്ചു. അപ്പോൾ ഞാൻ അവരുടെയടുക്കൽചെന്നു അവരുടെ മതത്തിന്റെ കേന്ദ്രം എവിടെയാണെന്നന്വേഷിക്കുകയും അവരുടെ മതത്തിന്റെകേന്ദ്രം സിറിയയാണെന്നു മറുപടിലഭിക്കുകയുംചെയ്തു. ഇതെല്ലാംകഴിഞ്ഞു ഞാൻ വീട്ടിൽമടങ്ങിയെത്തിയപ്പോൾ എന്റെ താമസം നിമിത്തം പിതാവു് പരവശനായിതീർന്നിരുന്നു. അനേകം ആളുകളെ അന്വേഷിക്കാനയക്കുകയും ചെയ്തിരുന്നു. എന്നെ കണ്ടപ്പോൾ പിതാവു് എന്നെവിളിച്ചു് താമസിച്ചതിനുള്ള കാരണം അന്വേഷിച്ചു. നടന്നസംഭവങ്ങൾ ഒന്നും മറച്ചുവെക്കാതെ ഞാൻ ഇപ്രകാരം പറഞ്ഞു. 'പ്രിയ പിതാവെ! ഞാൻ പോകുമ്പോൾ ഒരു ക്രൈസ്തവദേവാലയം കാണുകയും അവരുടെ പ്രാർത്ഥന കേൾക്കുകയും ചെയ്തു. ഞാൻ പള്ളിയിൽകടന്നു് അവരുടെ പ്രാർത്ഥനനോക്കിനിന്നു് സമയംപോയതറിഞ്ഞില്ല.' പിതാവു് ഇതുകേട്ടു് ഞാൻ താമസിച്ചതിനെപ്പറ്റി ഒന്നും പറ

യാതെ അഗ്നിയാരാധനകൊണ്ടുണ്ടാകുന്ന നന്മകളെ പറഞ്ഞ് മനസ്സിലാക്കി എന്നിൽനിന്നും ക്രിസ്തുമതത്തോടുള്ള പ്രതിപത്തിയെ നീക്കുവാൻ ശ്രമിച്ചു. അദ്ദേഹം ക്രിസ്തുമതത്തെ കുറച്ചെടുത്തി വളരെ സംസാരിച്ചു. ഒടുവിൽ ഞാൻ പറഞ്ഞു: 'പ്രിയ പിതാവേ! അങ്ങു പറയുന്നതു ശരിയല്ല. ക്രിസ്തുമതം നമ്മുടെ മതത്തേക്കാൾ എത്രയോ ഉയർന്നതാണ്.'

ഞാൻ ക്രിസ്തുമതത്തെപ്പറ്റി വളരെയധികം വാഴ്ത്തിപ്പറഞ്ഞതുകൊണ്ടു് മകൻ കയ്യിൽനിന്നു വിട്ടുപോകുമെന്നുള്ള ഭയം പിതാവിനുണ്ടാവുകയും അന്നുമുതൽ എന്നെ ബന്ധനസ്ഥനാക്കുകയുംചെയ്തു. ഞാൻ ബന്ധനസ്ഥനായപ്പോൾ എന്റെ ഭൃത്യന്മാരുംമറ്റും എന്നെ വിട്ടുമാറി ഞാൻ വളരെ കഷ്ടപ്പെടേണ്ടിവന്നു. പല വിധ വിഷമങ്ങളും സഹിച്ചിട്ടും തന്നത്താൻ പരിശോധിച്ചു നല്ലതാണെന്നു വിശ്വസിച്ചുപോയ മതത്തെ വിട്ടുമാറുന്നതിനു എന്റെ ഹൃദയം അനുവദിച്ചില്ല.

സിറിയക്കാരായ കച്ചവടസംഘത്തിന്റെ വരവിനെക്കുറിച്ചു അറിവുകിട്ടിയാൽ എന്നെ അറിയിക്കേണമെന്നു ക്രസ്ത്യാനികളുടെയടുക്കൽ ഒരു ദൂതനെ അയക്കാൻ യാദൃശ്ചികമായി ഒരു സന്ദർഭം എനിക്കു ലഭിക്കുകയും അതനുസരിച്ചു ഒരു കച്ചവടസംഘം വന്ന വിവരം അവരെന്നെ അറിയിക്കുകയും ചെയ്തു. ആ കച്ചവടസംഘം തിരിച്ചുപോകുന്ന സമയം ക്ലിപ്തമായി അറിയിക്കുവാനായി ഞാൻ വീണ്ടും ഒരാളെ അയച്ചു. ഞാൻ അവരുടെ മതക്കാരനാണെന്നുള്ള വിശ്വാസത്താൽ അവർ രഹസ്യമായി എന്നെ വിവരം അറിയിച്ചു. ഞാൻ

സ്വയം ചങ്ങലയിൽനിന്നും രക്ഷപ്രാപിച്ചു വളരെ വേഗത്തിൽ ഓടി കച്ചവടസംഘത്തോടു് ചേർന്നു് സിറിയായിലേക്കു് പുറപ്പെട്ടു.

സിറിയായിലെത്തിയശേഷം അവിടത്തെ ഏറ്റവും വലിയ പണ്ഡിതനെ അന്വേഷിച്ചു വളരെ നടന്നശേഷം പള്ളിയിലുള്ള ഒരു പാതിരയെപ്പറ്റി അറിവു ലഭിച്ചു. ലോകത്തോടുള്ള വിരക്തിയിലും ദൈവത്തോടുള്ള ഭയഭക്തിയിലും അദ്ദേഹം തികഞ്ഞ ഒരാളാണെന്നു് സിറിയക്കാരിൽ ഭൂരിപക്ഷംപേരും സാക്ഷിനിന്നു. ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നെത്തുകയും എന്റെ സ്ഥിതിയെ അറിയിക്കുകയും ഒടുവിൽ ഇപ്രകാരം പറയുകയും ചെയ്തു.

'ക്രിസ്തുമതത്തെ ഞാൻ തന്നെത്താൻ എന്റെ തൃപ്തിയോടും ആഗ്രഹത്തോടുംകൂടി സ്വീകരിച്ചിരിക്കുന്നു. ഈ പള്ളിയിൽ താമസിച്ചു അങ്ങേക്കു ശുശ്രൂഷ ചെയ്യുവാൻ എന്നെ അനുവദിക്കുകയും ക്രിസ്തുമതനിയമങ്ങളെ എനിക്കു് പഠിപ്പിച്ചുതരികയും അങ്ങയോകൂടി പ്രാർത്ഥിക്കുവാൻ എനിക്കു സമ്മതം തരികയും ചെയ്യുവാൻ അപേക്ഷ.' എന്റെ അപേക്ഷ സ്വീകരിച്ചു പള്ളിയിൽ താമസിക്കുവാൻ സമ്മതം ലഭിച്ചു. ഈ താമസത്തിന്നിടയിൽ പാതിരിയുടെ പല രഹസ്യങ്ങളും ഞാൻ കണ്ടുപിടിച്ചു. ആ പാതിരിയുടെ ഉപദേശങ്ങളും പ്രവർത്തികളും തമ്മിൽ അജഗജാന്തരമുണ്ടെന്നു് എനിക്കു് മനസ്സിലായി. അദ്ദേഹം ദാനത്തേയും ധർമ്മത്തേയും പ്രോത്സാഹിപ്പിച്ചും അതിനാൽ ലഭിക്കുന്ന പുണ്യങ്ങളെ

വർണ്ണിച്ചു പ്രസംഗിക്കുകയും, ജനങ്ങൾ ദാനം ചെയ്യുവാനുദ്ദേശിക്കുന്ന വസ്തുക്കൾ താൻ നിയമപ്രകാരം വിതരണം ചെയ്തുകൊള്ളാമെന്നുള്ള വാഗ്ദത്തത്തിന്മേൽ പാതിരി വാങ്ങുകയും ഒരു പൈസപോലും സാധുക്കൾക്കു കൊടുക്കാതെ സ്വന്തം ഭണ്ഡാരത്തിൽ സൂക്ഷിക്കുകയും ആയിരുന്നു പതിവു്.

ഞാൻ പാതിരിയുടെ സത്യങ്ങൾ മനസ്സിലാക്കുകയും അയാളുടെ പൈശാചിക പ്രവൃത്തികൾ കാണുകയും ചെയ്തിരുന്നു. കുറച്ചുനാൾ കഴിഞ്ഞു പാതിരിമൃതിയടഞ്ഞു. ഞാൻ അയാളുടെ വഞ്ചനയുടെ രഹസ്യങ്ങൾ ക്രിസ്ത്യാനികൾക്കു് വിവരിച്ചുകൊടുക്കുകയും അയാളുടെ തെറ്റുകളെ ഞാൻ പൂണ്ടിക്കാണിക്കുകയും ചെയ്തപ്പോൾ ശ്രോതാക്കളെല്ലാം എന്നെ കള്ളനാക്കി. ഞാൻ അവരോടു് പറഞ്ഞു: 'നിങ്ങൾ തക്കിക്കേണ്ടതില്ല. രഹസ്യങ്ങൾ മുഴുവനും ഞാൻ വെളിപ്പെടുത്തിത്തരാം.' ക്രിസ്ത്യാനികൾ അതു് സമ്മതിക്കുകയും യോഗ്യന്മാരായ കുറെ ആളുകളോടുകൂടി ഞാൻ പാതിരിയുടെ ഭണ്ഡാരത്തെ സമീപിക്കുകയും അതു് തുറക്കുകയും ചെയ്തു. അവർ ധർമ്മംചെയ്യുവാനായി ഏല്പിച്ചിരുന്ന സ്വർണ്ണം, വെള്ളി, വലിയ പാത്രങ്ങൾ മുതലായ സമ്പത്സാധനങ്ങളും അതിൽ കണ്ടപ്പോൾ അവർ ക്ഷുഭിതരായി. മേലിൽ ഇങ്ങിനെയുള്ള ദുഷ്കൃത്യങ്ങൾക്കു് ആർക്കും ധൈര്യമുണ്ടാവരുതെന്നുള്ള ആശയത്തിന്മേൽ പാതിരിയുടെ ശവത്തെ കുഴിച്ചു് മൂടരുതെന്നും കുഴിമരത്തിൽ തൂക്കിയിട്ടു് കല്ലെറിയേണമെന്നും അവർ

ഐകകണ്ഠ്യേന തീരുമാനിക്കുകയും അതുവിധം പ്രവർത്തിക്കുകയുംചെയ്തു.

ഇതിനുശേഷം പള്ളിയിൽ പാതിരിയില്ലാതായിത്തീരുകയും മറെറാരു പാതിരിയെ തൽസ്ഥാനത്തു് നിയമിക്കേണ്ടതായി വരികയുംചെയ്തു. കള്ളനായ പാതിരിയുടെ പതിയിൽ കടുംപിടിയനായ ക്രിസ്ത്യാനികൾ കുറെനാൾ പാതിരിയെ നിയമിക്കാതിരിക്കുകയും ഒടുവിൽ സത്യസന്ധനായ ഒരാളെ കിട്ടുകയാൽ അദ്ദേഹത്തെ ആ സ്ഥാനത്തു് വെക്കുകയുംചെയ്തു.

മരിച്ചുപോയ പാതിരിക്കു് ഞാൻ ചെയ്തിരുന്ന ശുശ്രൂഷകളെല്ലാം നിഷ്ഫലമാണെന്നു് എനിക്കു് ബോധ്യപ്പെട്ടുവെങ്കിലും അപ്രകാരമുള്ള പരിപാലനമെല്ലാം ഞാൻ പുതിയ പാതിരിയിലുംചെയ്തുവന്നു. പല ഭക്തജനങ്ങളേയും ഞാൻ കണ്ടിട്ടുണ്ടെങ്കിലും അവരിൽ അധികപേരും കപടസന്യാസികളാണെന്നും ഇപ്പോഴത്തെ പാതിരി അല്ലാഹുവിനു് വഴിപ്പെടുകയെന്നല്ലാതെ മറെറാന്നും പ്രവർത്തിക്കുന്നില്ലെന്നും എനിക്കു് ചിരകാലംകൊണ്ടു് മനസ്സിലായി. അദ്ദേഹത്തേക്കാൾ സ്നേഹമുള്ളതായി എനിക്കു് മറെറാന്നും ഇല്ലാതായിത്തീരുകയും ഞാൻ വളരെ സുഖമായി ജീവിക്കുകയും ചെയ്തുവന്നു. കുറെകാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു് ഗുരുതരമായ രോഗം പിടിപെടുകയും അദ്ദേഹത്തിന്റെ ഭാവിയെക്കുറിച്ചു് ഞാൻ പരിഭ്രാന്തനാവുകയും മനശക്തി ഇല്ലാത്തവനായിത്തീരുകയും ചെയ്തു. ഒരിക്കൽ ഞാൻ അദ്ദേഹത്തോടു് വണക്കമായി അപേ

ക്ഷിച്ചു. 'ഞാൻ ഈ ലോകത്തിൽ അങ്ങയേക്കാൾ ക്ലേശതലായി മറ്റൊന്നിനേയും സ്നേഹിക്കുന്നില്ലെന്നും എന്റെ ജീവിതത്തിന്റെ മാർഗ്ഗദർശകൻ അങ്ങുന്നാണെന്നും അറിയാമല്ലൊ. അവിടുന്ന് ഇപ്പോൾ എന്നെ ഉപേക്ഷിക്കുവാൻപോകുന്നു. എന്നെ ആരുടെപക്കൽ ഏല്പിച്ചാണ് അങ്ങ് പോകുന്നതു്.' എന്റെ ഈ അപേക്ഷ കേട്ട് അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്നു കണ്ണീർകണങ്ങൾ അടർന്നുവീഴുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'പ്രിയപ്പെട്ട ശിഷ്യാ! ഈ കാലത്തു് ശരിയായ മതനിയമമനുസരിച്ച് ജീവിക്കുന്നവർ തീരെ ഇല്ല. അല്ലാഹു ഈസാനബി (അ) മുഖേന നൽകിയിട്ടുള്ള മതനിയമങ്ങളെ സ്വന്തം ഇഷ്ടമനുസരിച്ച് മാറ്റാനും മറിക്കാനും ഏതു കുസ്ത്യാനിക്കും അവകാശമുണ്ടെന്നായിരിക്കുന്നു. എങ്കിലും എനിക്കിപ്പോൾ എന്റെ മാർഗ്ഗത്തിൽ ജീവിക്കുന്ന മൊസലിലുള്ള ഒരു പാതിരിയെപ്പറ്റി ഓർമ്മവരുന്നു. എന്റെ അറിവിൽ ഇന്നു് കൃസ്തുമതമനുസരിച്ച് ജീവിക്കുന്ന ഏകമനുഷ്യൻ അദ്ദേഹമാണ്. എന്റെ കാലശേഷം നിങ്ങൾ അവിടെപ്പോയി അദ്ദേഹത്തോടുകൂടി ജീവിക്കുക.'

ഞാൻ അദ്ദേഹത്തെ അവസാനശ്വാസംവരെയും ശുശ്രൂഷിച്ചു. അദ്ദേഹത്തിന്റെ അന്ത്യസന്ദേശത്തിൽ എനിക്ക് ആശ്വാസംതോന്നി. ജനങ്ങൾ അദ്ദേഹത്തിന്റെ ശവശരീരം സംസ്കരിച്ച ഉടനെതന്നെ ഞാൻ അവിടെനിന്ന് മൊസലിലേക്കു പുറപ്പെട്ടു. അവിടെ എത്തിയശേഷം പലരോടും ചെയ്ത അന്വേഷണഫല

മായി പാതിരിയെ കണ്ടെത്തുകയും അദ്ദേഹത്തോട് എന്റെ ആവശ്യം അറിയിക്കുകയും സിറിയായിലെ പാതിരി പറഞ്ഞ വിവരങ്ങളെ കേൾപ്പിക്കുകയുംചെയ്തു. മൊസലിലെ പാതിരി അദ്ദേഹത്തോടൊരുമിച്ചു താമസിച്ചുകൊള്ളുവാൻ എന്നെ അനുവദിക്കുകയും ഞാൻ അവിടെ താമസിച്ചു സിറിയായിലെ പാതിരിക്കുചെയ്തു വന്നിരുന്ന ശുശ്രൂഷകൾ ഇദ്ദേഹത്തിനുവേണ്ടിയും ചെയ്തുവന്നു. മൊസലിലെ പാതിരി വളരെ ഭക്തനും ത്യാഗിയുമാണെന്നും സിറിയായിലെ പാതിരിയേക്കാൾ ഒട്ടും കുറഞ്ഞ ആളല്ലെന്നും അനുഭവം എന്നെ മനസിലാക്കി. അധികകാലം കഴിയുന്നതിനുമൻപ് അദ്ദേഹത്തിനും രോഗം ബാധിച്ചു. അദ്ദേഹത്തിന്റെ അന്ത്യനിമിഷങ്ങൾ ആസന്നമായെന്ന് എനിക്ക് തോന്നിയപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു. 'സിറിയായിലെ പാതിരിയുടെ ഉപദേശപ്രകാരം ഞാൻ അങ്ങയുടെ അടുത്തെത്തുകയും അങ്ങയെ ശുശ്രൂഷിച്ചു ജീവിച്ചുപോരുകയും ചെയ്തു. ഇപ്പോൾ അങ്ങ് എന്നെ ഉപേക്ഷിക്കുവാൻ പോകുന്നു. ഞാൻ ഇനി എന്താണ് ചെയ്യേണ്ടതു്.' അദ്ദേഹം പറഞ്ഞു 'ശിഷ്യാ! അല്ലാഹുവാണെ സത്യം! നസീബിൻ ദേശത്തു ശരിയായ മാർഗ്ഗത്തിൽ ജീവിക്കുന്ന ഒരു പാതിരിയല്ലാതെ മറ്റാരെയും എനിക്കറിവില്ല. എന്റെ ശേഷം നീ അദ്ദേഹത്തിന്റെ അടുക്കൽ പോവുക.' അധികം താമസിയാതെ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അതിൽ പിന്നെ ഞാൻ നസീബിൻ എന്ന രാജ്യത്തെന്നു് അനേഷിച്ചുതിൽ പാ

തിരിയെ കണ്ടെത്തുകയും അദ്ദേഹത്തോട് എന്റെ ചരിത്രം മുഴുവനും പറയുകയും ചെയ്തപ്പോൾ അദ്ദേഹം എന്റെ ആഗ്രഹംപോലെ അവിടെ താമസിച്ച് അദ്ദേഹത്തെ ശുശ്രൂക്ഷിക്കുവാൻ അനുവദിച്ചു.

ഞാൻ ചതിയന്മാരായ പാതിരിമാരേയും ഭക്തന്മാരായ പാതിരിമാരേയും കണ്ടുപരിചയിച്ചിരുന്നതിനാൽ നസീബിയയിലെ പാതിരിയെ പഠിക്കുവാൻ എനിക്കുകൂടുതൽ സമയം വേണ്ടിവന്നില്ല. അവിടേയും കൂടുതൽ സമയം കഴിച്ചുകൂട്ടുവാൻ എനിക്കു കഴിഞ്ഞില്ല. ഞാൻ അദ്ദേഹത്തോട് എന്റെ അവസ്ഥ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞു. 'പ്രിയ ശിഷ്യാ! തലസ്ഥാനമായ റോമാനഗരിയിൽ അമൂറിയ എന്ന സ്ഥലമുണ്ട്. അവിടെയുള്ള ഒരു സത്യസന്ധനായ ഒരു പാതിരിയെ അല്ലാതെ മറ്റാരെക്കുറിച്ചും എനിക്കറിവില്ല.' ഇതിനുശേഷം പ്രസ്തുത പാതിരി പരലോകം പ്രാപിക്കുകയും ഞാൻ അവിടെനിന്നു പോരുകയും ചെയ്തു.

ഞാൻ അമൂറിയയിലേക്ക് യാത്രചെയ്യുകയും അവിടത്തെ പാതിരിയുടെ അടുക്കൽചെന്ന് എന്റെ വിവരം അറിക്കുകയും അദ്ദേഹം എന്നെ സ്വീകരിക്കുകയും ചെയ്തു. ഞാൻ അദ്ദേഹത്തെ ശുശ്രൂഷിച്ചു ജീവിക്കുകയും കുറച്ചു ദ്രവ്യങ്ങൾ സമ്പാദിക്കുകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ അദ്ദേഹവും മരണത്തോടടുത്തു. അദ്ദേഹം എന്നെ അരികെ വിളിച്ചു ഇപ്രകാരം പറഞ്ഞു. 'അല്ലാഹുവാണെ സത്യം! നിങ്ങളുടെ നിസ്സഹ്യമായ ആയുഷ്കാലത്തിന്റെ വലിയൊരുഭാഗം ശുശ്രൂഷയിൽ ചില

വ് ചെയ്തിരുന്ന നിങ്ങളുടെ മാഗ്ദർശകന്മാരും നാമും നടക്കുന്ന ക്രിസ്തുമതത്തിന്റെ ശരിയായവഴിക്കു ജീവിക്കുന്ന ഒരാളും ഇ ഭ്രമത്തിലുള്ളതായി ഞാൻ അറിയുന്നില്ല ഇ സ്ഥിതിയിൽ ആരുടെ അടുക്കൽ പോകുവാനാണ് ഞാൻ ഉപദേശിക്കുന്നതു്? എന്നാൽ ഞാൻ നിങ്ങൾക്കു് സന്തോഷകരമായ ഒരു വർത്തമാനം അറിയിക്കാം. അതായതു് അല്ലാഹുവിങ്കൽനിന്നു് പ്രവാചകനായിട്ടു് വ: ഇബ്രാഹിമിന്റെ നടപടികളെ കൊണ്ടുവരുന്ന ഒരു നബിയുടെ കാലമാണിതു്. അദ്ദേഹം അറബ് രാജ്യത്തിൽ ജനിക്കും. അദ്ദേഹത്തിന്റെ സ്വദേശം അറബിലുള്ള ഒരു പട്ടണമായിരിക്കും. അദ്ദേഹം സ്വന്തനാടിനെ ഉപേക്ഷിച്ചു് രണ്ടു് പാറകളുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു നാട്ടിനെ സ്വന്തമാക്കും. അവിടെ ഈത്തപ്പനവൃക്ഷങ്ങളും നിറംത്ത തോട്ടങ്ങളും വളരെയുണ്ടായിരിക്കും. അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെമുദ്രകളും വളരെ സ്പഷ്ടമായി തെളിഞ്ഞുകാണുവാൻ കഴിയും. വളരെ അടയാളങ്ങളുള്ളതിൽ ഇങ്ങിനെ ഒരു അടയാളമുണ്ടായിരിക്കും. ആരെങ്കിലും ഒരാൾ അദ്ദേഹത്തിന്റെ സന്നിധിയിൽ സംഭാവനയായിട്ടു് എന്തെങ്കിലും കൊണ്ടുചെന്നാൽ അതു് സന്തോഷപൂർവ്വം സ്വീകരിക്കുകയും അതിൽനിന്നു് അല്പം ഭക്ഷിക്കുകയും ചെയ്യും ദാനമായിട്ടെന്തെങ്കിലും കൊടുത്താൽ അദ്ദേഹം അതു് കഴിക്കുകയില്ല. അദ്ദേഹത്തിന്റെ രണ്ടു് ചുമലുകളുടേയും ഇടയിൽ നബിത്വത്തിന്റെ മുദ്രയുണ്ടായിരിക്കും. നിങ്ങൾ കഴിയുമെങ്കിൽ വളരെ സഹനശീലത്തോടുകൂടി

യാത്രചെയ്യ് നിശ്ചയമായും അവിടെ പോകണം.' ഇ
തുയും പറഞ്ഞ് അദ്ദേഹം മുതിയടഞ്ഞു. മയ്യത്ത് സം
സ്കരിച്ചശേഷം കുറച്ച് നാൾകൂടി ഞാൻ അമൂരിയായിൽ
താമസിച്ചു. ഈ സന്ദർഭത്തിൽ ഞാൻ വളരെ വ്യസനി
ച്ചുവെങ്കിലും അറബ് രാജ്യത്തേക്ക് വരുവാനുള്ള ശ്രമ
ത്തിൽ കഴിച്ചുകൂട്ടി.

അവിചാരിതമായി ബനീകൽബ് കുടുംബത്തി
ലെ കുറെ ആളുകൾ വ്യാപാരാർത്ഥം അമൂരിയായിൽ വ
ന്നതായും വളരെ വേഗത്തിൽ തിരിച്ചുപോകുന്നതായും
എനിക്ക് അറിവുകിട്ടി. അറബുദേശത്തേക്ക് പോകാ
നുള്ള ആഗ്രഹത്തിനാൽ ഞാൻ അവരുടെ അടുക്കൽ
ചെന്ന് അവരോടുകൂടെ എന്നെ കൊണ്ടുപോകേണമെ
ന്നും അതിന്ന് പ്രതിഫലമായി എന്റെ സ്വത്തുക്കൾ
അവർക്ക് കൊടുക്കാമെന്നും പറഞ്ഞു. അവർ എന്റെ
അപേക്ഷയെ സ്വീകരിക്കുകയും എന്റെ സ്വത്തുക്കൾ
മുഴുവനും അവർക്ക് കൊടുത്തു ഞാൻ അവരോടുകൂടി യാ
ത്രയാവുകയും ചെയ്തു.

പ്രസ്തുത കച്ചവടസംഘത്തോടുകൂടി വാദീഖുറ
എന്ന സ്ഥലംവരെ ഞാൻ പോയി. അവിടെവെച്ച്
ഞാൻ അവരുടെ അടിമയാണെന്നും വ്യാജംപറഞ്ഞ്
അവർ എന്നെ അവിടത്തുകാരനായ ഒരാൾക്ക് വിൽക്ക
കയും ഞാൻ വളരെകഷ്ടപ്പെട്ട് ആ യജമാനനും ജോലി
ചെയ്തു ജീവിച്ചുവരികയുംചെയ്തു. എങ്കിലും ഞാൻ ആ
ഗ്രഹിച്ചിരുന്ന രാജ്യത്തിന്റെ ഒരുഭാഗത്തു ഞാൻ എ
ത്തിച്ചേർന്നതായി എനിക്ക് തോന്നി. അവിടെ ധാ

രാളം ഈത്തപ്പന വൃക്ഷങ്ങളുണ്ടായിരുന്നു. ഒരിയ്ക്കൽ ബനീകുറൈള ഗോത്രക്കാരനായ എന്റെ യജമാനന്റെ ചിറ്റപ്പന്റെ മകൻ യജമാനന്റെ അടുക്കൽ വരികയും ഞാൻ അദ്ദേഹത്തിന്റെ ജോലിയ്ക്ക് യോഗ്യനായ ആളാണെന്ന് തോന്നുകയും ചെയ്തതുകൊണ്ട് എന്നെ ഉടമസ്ഥനിൽനിന്ന് വാങ്ങി മദീനായിലേയ്ക്ക് കൊണ്ടുപോയി. മദീനാ കണ്ട മാത്രയിൽ അതു് എന്റെ അവസാന ഗൃഹം ഉപദേശിച്ച സ്ഥലമാണെന്ന് എനിയ്ക്ക് ബോദ്ധ്യപ്പെട്ടുവെങ്കിലും ഞാൻ അശേഷം സ്വാതന്ത്ര്യമില്ലാത്തവനായിരുന്നതിനാൽ എന്റെ യജമാനന്റെ ജോലിയെടുത്തുകൊണ്ട് അടങ്ങി ജീവിക്കേണ്ടതായി വന്നു.

ആ കാലത്തു് വിശുദ്ധ നബി (സ) പ്രവാചകത്വത്തെ പ്രഖ്യാപിച്ചുകൊണ്ട് വെളിപ്പെട്ടിരുന്നു. എന്നാൽ ഞാൻ അടിമയായിരുന്നതുകൊണ്ട് സദാ സമയവും യജമാനന്റെ ജോലിയിൽ വ്യാപൃതനാവുകയാലും മക്കയും മദീനയും തമ്മിലുള്ള വഴിദൂരത്താലും ഞാൻ നബിയെ സംബന്ധിച്ച് അറിയുകയുണ്ടായില്ല. ഈ അവസരത്തിലാണ് നബി (സ) മക്കയിൽനിന്ന് മദീനയിലേയ്ക്ക് പാലായനം ചെയ്തതു്. അപ്പോൾ എന്റെ ജോലി യജമാനന്റെ തോട്ടം കാവലായിരുന്നു. ഒരു ദിവസം യജമാനൻ ഒരു വൃക്ഷച്ചുവട്ടിൽ വിശ്രമിച്ചുകൊണ്ടിരിയ്ക്കുമ്പോൾ അയാളുടെ ചിറ്റപ്പന്റെ മകൻവന്ന് ഇപ്രകാരംപറഞ്ഞു. 'ബനീകൈലത്തു് കുഡുംബം നശിക്കട്ടെ! അവർ അനാവശ്യമായി ഒന്ന് പ്രവൃത്തിച്ചിരി

ക്കുന്നു. അല്ലാഹു ഏകനാണെന്നും താൻ അല്ലാഹുവിന്റെ ദൂതനാണെന്നും വാദിച്ചുകൊണ്ട് മക്കയിൽനിന്നു വന്നു കുബാ എന്ന സ്ഥലത്തു താമസിക്കുന്ന ഒരു മനുഷ്യന്റെ അടുക്കൽ അവരെല്ലാവരുംപോയി അയാളുടെ സംഘത്തിൽ ചേർന്നിരിയ്ക്കുന്നു. ഇതു കേട്ടതിൽ ഞാൻ വികാര ഭരിതനായിത്തീർന്നു. ഞാൻ അറിയാതെത്തന്നെ ഇപ്രകാരം ചോദിച്ചുപോയി 'നിങ്ങൾ എന്താണു പറഞ്ഞതു്.' അപ്പോൾ അപരിഷ്കൃതനായ എന്റെ യജമാനൻ കോപിച്ചു് എന്നെ പ്രഹരിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു. 'കഴുതെ! നിനക്കു് ഈ വക സംഗതികളും അന്വേഷിക്കേണ്ട കാര്യമെന്തു്? നിന്റെ ജോലി നോക്കടോ' ഞാൻ ബാഷ്പം പ്രവഹിക്കുന്ന നയനങ്ങളോടുകൂടി ഇത്രമാത്രം പറഞ്ഞു. 'ഒരത്യാവശ്യമായ സംഗതിയെക്കുറിച്ചു് ചോദിച്ചുപോയതാണു് ക്ഷമിക്കണം! ഞാൻ അങ്ങയുടെ കല്പനയ്ക്കു് വിരോധമായിയാതൊന്നും പ്രവൃത്തിക്കുകയില്ലെന്നു് അറിയാമല്ലൊ?'

ഈ സംഭവം ഇങ്ങിനെ അവസാനിച്ചുവെങ്കിലും എന്നിൽ നിക്ഷിപ്തമായിരുന്ന പ്രേമാഗ്നി ആളിക്കത്തുവാൻ തുടങ്ങി. ഈ അടിമജീവിതകാലത്തു് എന്റെ അടുക്കൽ ചില സാധനങ്ങളുണ്ടായിരുന്നു. ആ സാധനങ്ങളിൽ ചിലതുമായി രാത്രിയിൽ രഹസ്യമായി ആരുംകാണാതെ ഞാൻ തിരുമേനിയുടെ സന്നിധിയിൽവന്നു. നബി അന്നു് കുബായിൽ താമസിക്കയായിരുന്നു. വസ്തുമനസ്സിലാക്കുവാനും പ്രഹരം ലഭിച്ചതും തിരുമേനിയെ കാണാൻചെന്ന ദിവസത്തെ സംഭവങ്ങളായി

രുന്നു. നബി തിരുമേനിയെ സന്ദർശിച്ച വിവരം എന്റെ യജമാൻ അറിഞ്ഞാൽ എന്തെല്ലാമാണ് സംഭവിക്കുക എന്നു് ഞാൻ വളരെ ഭയപ്പെട്ടിരുന്നു. എന്റെ പക്കൽ ഉണ്ടായിരുന്ന സാധനങ്ങൾ നബിയുടെ മുൻപിൽവെച്ച്കൊണ്ടു് ഞാൻ പറഞ്ഞു. 'അങ്ങ് ഒരു നല്ല മനുഷ്യനാണെന്നും അങ്ങയുടെ അധീനത്തിൽ സാധുക്കളുടെ ഒരു സമൂഹമുണ്ടെന്നും ഞാൻ അറിഞ്ഞു. എന്റെ പക്കൽ ഭക്ഷിക്കുവാൻ ചില സാധനങ്ങളുണ്ടു്. അതു് അങ്ങുന്നു ദാനമായി എടുത്തുകൊൾക' ഇതു് കേട്ടപ്പോൾ നബിതിരുമേനി സാധനങ്ങൾ തൃക്കൈകൊണ്ടു് തൊടാതെ അനുയായികളോടു് എടുത്തുകൊള്ളുവാൻ കല്പിച്ചു. ഇതു് പ്രവചകത്വത്തിന്റെ ഒരു ലക്ഷണമാണെന്നു് ഞാൻ മനസിലാക്കുകയും അവിടെനിന്നു് തിരിച്ചുപോരുകയും ചെയ്തു.

നബി (സ) തിരുമേനി കുബായിൽ നിന്നു് മടീനയിൽ വന്നപ്പോൾ ഞാൻ ചില സാധനങ്ങളും കൊണ്ടു് നബിയുടെ അടുക്കൽ ചെല്ലുകയും അതുകൾ സംഭാവനയായി സ്വീകരിക്കുവാൻ അപേക്ഷിക്കുകയും ചെയ്തപ്പോൾ നബി (സ) അതു് സ്വീകരിക്കുകയും അവയിൽനിന്നു് സ്വല്പം ഭക്ഷിക്കുകയും ചെയ്തു. ഇതും എന്റെ ഗുരു ഉപദേശിച്ച ഒരടയാളമായിരുന്നു.

ഇതെല്ലാമായിട്ടും ഞാൻ അന്വേഷിച്ചുകൊണ്ടിരുന്ന അന്ത്യ പ്രവാചകത്വത്തിന്റെ സൂക്ഷ്മത ഇന്നുവരെ ലഭിച്ചില്ല. ഇന്നു് ഞാൻ നബിയുടെ അടുക്കൽ വന്നപ്പോൾ നബി ഒരു മയ്യത്തിനുവേണ്ടി പ്രാർത്ഥി

ക്കുകയായിരുന്നു. നബിയുടെ തലപ്പാവിന്റെ തുമ്പുകൾ മുതുകിൽകൂടി തൂങ്ങിക്കിടന്നിരുന്നു. ഞാൻ നബിക്കു് സലാം പറഞ്ഞു. സൗകര്യമുണ്ടെങ്കിൽ പ്രവാചകമുദ്ര കാണാമെന്നുള്ള ആഗ്രഹത്തോടെ പിന്നിലേക്കുനടന്നു. ഇതെന്റെ ഒടുവിലത്തെ പരീക്ഷണമായിരുന്നു. ഞാൻ പിൻഭാഗത്തേക്കു് മാറിയതു് തിരുമേനി അറിയുകയും, അല്ലാഹുതആല തിരുമേനിക്കു് നൽകിയിട്ടുള്ള ദിവ്യജ്ഞാനത്തിൽ അവിടുന്നു് എന്റെ ഇംഗിതം അറിയുകയും മുതുകിലുണ്ടായിരുന്ന പുതപ്പിനെ കീഴ്പ്പോട്ടു് ഇറക്കിമാറ്റി പ്രവാചകമുദ്ര എനിക്കു് സ്പഷ്ടമായി കാണിച്ചുതരികയും ചെയ്തു.

ഇതുയും പറഞ്ഞും ഹ: സൽമാനുൽഫാരിസി (റ) റസൂൽ തിരുമേനിയുടെ തൃപ്പാദങ്ങളിൽ വീണു. തിരുമേനിയുടെ കരം പിടിച്ചുചുംബിച്ചു.

നബി തിരുമേനി സൽമാനോടു് ചോദിച്ചു. 'നിങ്ങളുടെ യജമാനൻ കുറെ ധനം വാങ്ങി നിങ്ങളെ സ്വതന്ത്രനാക്കുമോ?' അതനുസരിച്ചു് സൽമാൻ അന്വേഷിച്ചപ്പോൾ ധനമോഹിയായ യജമാൻ വലിയതുക ആവശ്യപ്പെടുകയും നബിയും സഖാക്കളും കൂടി ആ സംഖ്യകൊടുത്തു സൽമാനെ സ്വതന്ത്രനാക്കുകയും ചെയ്തു. സൽമാൻ (റ) ഇസ്ലാമതമവലംബിച്ചശേഷം ദീർഘകാലം ജീവിച്ചിരുന്ന ഒരു സഹാബി ആയിരുന്നു.

രാജ്ഞിയുടെ ഔദാര്യം.

ഖലീഫ മഹ്ദിയുടെ ഭരണകാലമായിരുന്നു. സുന്ദരിയായൊരു യുവതി ഖലീഫയുടെ പത്നിയായ ഫർസാൻ രാജ്ഞിയെ കാണാൻവന്നു. അവൾ കൊട്ടാരകവാടത്തിൽ വന്നു് പാറാവുകാരോടു് പറഞ്ഞു: "സാധുവായൊരു യുവതി ചക്രവർത്തിനിയെ കാണാൻ വന്നിരിക്കുന്നവെന്നു് മഹാറാണിയെ അറിയിച്ചാലും....."

പാറാവുകാരൻ രാജ്ഞിയെ സമീപിച്ചു. "ഒരു പിച്ചക്കാരിപ്പെണ്ണു് പടിക്കൽ വന്നുനിന്നു് രാജ്ഞിയെക്കാണാതെ പോകയില്ലെന്നുപറയുന്നു. അവളെ എന്തു പറഞ്ഞയക്കണം" എന്നു് പറഞ്ഞു. രാജ്ഞി ആരായിരിക്കാമതെന്നാലോചിച്ചുനോക്കി. ഒന്നും മനസ്സിലായില്ല. അവർ ഒരു ദാസിയെ വിളിച്ചു് കൊട്ടാരവാതില്ക്കൽ ഉള്ള സ്ത്രീയെക്കണ്ടു് അവൾ ആരാണു്, പേരെന്തു്, എന്തിന്നുവരുന്നു എന്നെല്ലാം അന്വേഷിച്ചുവരാൻ പറഞ്ഞയച്ചു. ആ ദാസി ആഗതയെക്കണ്ടു് ചോദിച്ചപ്പോൾ അവർ വിവരങ്ങളൊന്നും ദാസിയോടു് പറഞ്ഞില്ല. "രാജ്ഞിയോടല്ലാതെ ഞാൻ വിവരങ്ങളൊന്നും അറിയിക്കുകയില്ല. നിങ്ങൾ എനിക്കു് പ്ര

വേശനമനുവദിക്കുവാൻ രാജ്ഞിയോടപേക്ഷിക്കൂ!'' എന്നാണ് പിച്ചക്കാരി പറഞ്ഞത്.

പിച്ചക്കാരി പടിക്കൽ രാജ്ഞിയുടെ അനുവാദവും പ്രതീക്ഷിച്ചിരുന്നു. വളരെക്കഴിഞ്ഞ് രാജ്ഞി അവളെ അന്തഃപുരത്തിലേക്ക് വിളിപ്പിച്ചു. രാജ്ഞിയെക്കണ്ട് ആ പിച്ചക്കാരി തെല്ലൊന്ന് പരുങ്ങി. അവൾ പറഞ്ഞു. ''ബന്ധുമയ്യഗോത്രത്തിലെ അവസാനഭരണാധികാരിയായിരുന്ന മർവാനുബ്നുമുഹമ്മദിന്റെ പുത്രി മസ്സയാണ് ഈ എളിയവൾ.''

ആളെ മനസ്സിലായപ്പോൾ രാജ്ഞിക്ക് അതിയായ കോപംവന്നു. അവർ കോപംശമിക്കാതെ ആ അവിവാഹിത യുവതിയെ ശകാരിച്ചു. ''അഹങ്കാരിപ്പെണ്ണേ! നീ ആദ്യമേ ആളെ അറിയിക്കാഞ്ഞത് നന്നായി. നിന്നെ ഈ അകത്തു് പ്രവേശിപ്പിക്കുകയില്ലായിരുന്നു. ഇവിടെ വരാൻ നിനക്ക് ലജ്ജയില്ലാതായല്ലൊ? ഞങ്ങളുടെ വംശത്തിന്നു് നീ ചെയ്ത, നീ വരുത്തിവെച്ച നാശനഷ്ടങ്ങൾ നിനക്കുതന്നെ ഓർമ്മയില്ലാതായല്ലെ? ഞങ്ങൾക്കുവേണ്ടി ചിലർ നിന്റെ മുമ്പിൽ വന്നു് യാചിച്ചില്ലെ? ഞങ്ങളുടെ ഇബ്രാഹിമുബ്നുമുഹമ്മദ് മരിച്ചു് മറവുചെയ്യാതെ നിങ്ങളുടെ സ്ഥലത്തു് കിടക്കുമ്പോൾ അതെടുത്തു് മറവുചെയ്യാൻ നിന്റെ പിതാവിന്റെ അനുമതി വാങ്ങിത്തരാൻ നിന്റെ കാലുപിടിച്ചു് ഞങ്ങളുടെ ആൾക്കാർ യാചിച്ചി

ല്ലെ? അവരെ ആട്ടിപ്പുറത്താക്കി അവമാനിക്കാനുള്ള അഹങ്കാരം നിനക്കുണ്ടായില്ലെ? നാം ശത്രുക്കളായിരുന്നു. പക്ഷെ, സാമാന്യമര്യാദയും ഭാക്ഷിണ്യശീലവും നീ പ്രദർശിച്ചുവോ? ഇതെല്ലാം കഴിഞ്ഞ് നീ വന്നിരിക്കുകയാണ് എന്റെ മുമ്പിൽ. നീ ആരാണെന്നു് മറാരും അറിയാഞ്ഞതു് ഭാഗ്യമായി. അവർ നിന്നെ കൊല്ലാക്കൊല ചെയ്യുമായിരുന്നു. നീ ഇവിടംവിടുക! വേഗം.....”

രാജ്ഞിയുടെ നീണ്ടശകാരങ്ങൾ അക്ഷോഭ്യയായി മസ്സു കേട്ടു. അവൾ മന്ദഹസിച്ചു വികൃതമായിട്ട്. അവൾ ശാന്തമായി മറുപടിപറഞ്ഞു. “നിങ്ങളുടെ ആരോപണങ്ങൾ ശരിയാണ്. ഞാൻ തെറ്റുകാരിയുമാണ്. അന്നത്തെ ആഡംബരങ്ങൾകൊണ്ട് ഞാൻ അഹങ്കാരിണിയും ധൂർത്തയുമായി. പ്രതാപവും ധനവും എന്നെ ക്രൂരചിത്തയാക്കി. എന്റെ പാകപ്പിഴവിനു് പടച്ചവൻ എനിക്കുപുതിയ പാഠങ്ങൾ തന്നു. എന്റെ എല്ലാം-ശക്തി-ധനം-പദവി-പ്രതാപം-അഹങ്കാരം—എന്നെ വിട്ടൊഴിഞ്ഞു. ഞാൻ ഈ വിധം അനാഥയായി! എന്റെ ഈ അവസ്ഥ നിങ്ങൾക്കും നിങ്ങൾ ആഗ്രഹിക്കുന്നുവോ? എന്റെ നല്ല കാലത്തു് എന്നെ സമീപിച്ചവരോടു് ഞാൻ പെരുമാറിയപോലെയല്ലെ നിങ്ങൾ ഇപ്പോൾ എന്നോടും പെരുമാറുന്നതു്?”

അവർ ഇതുയും പറഞ്ഞ് തിരിച്ചുനടന്നു. ഈ വാക്കുകൾ രാജ്ഞിയുടെ ഉള്ളിൽതട്ടി. രാജ്ഞി ഉടനെ

മസ്സയുടെ അടുത്തുചെന്നു. രാജ്ഞി മസ്സയെ കെട്ടിപ്പിടിക്കാൻ മുതിർന്നു. മസ്സ ഒഴിഞ്ഞുമാറിയിട്ട് പറഞ്ഞു. 'ഞാൻ ഒരു അഗതിയാണ്. എന്റെ വേഷം മുഷിഞ്ഞതും ഞാൻ നിലയറിവുള്ളവളാണ്. നിങ്ങളെപ്പോലെ പ്രതാപമുള്ളവർ എന്നെ സ്പർശിക്കുന്നതുതന്നെ ശരിയല്ല.'

രാജ്ഞി തോഴികളോട് കല്പിച്ചു. 'ഇവളെ നന്നായി സ്നാനം ചെയ്യിക്കുക. നല്ല വസ്ത്രങ്ങൾ ഉടുപ്പിച്ചും വാസനത്തൈലങ്ങൾ പൂശുക! വേണ്ടംവിധം അണിയിച്ച് ഈ സഹോദരിയെ ഉടനെ ഇങ്ങോട്ടാനയിക്കുക. സമ്പല്പൂർണ്ണമായ വിഭവങ്ങളും ഒരുക്കുക!!

രാജ്ഞി കല്പിച്ചപ്രകാരം എല്ലാം നിർവ്വഹിക്കപ്പെട്ടു. രാജ്ഞിയും മസ്സയും ഒരുമിച്ചിരുന്ന് ഒരേ പാത്രത്തിൽ നിന്നു ഭക്ഷിച്ചു. അനന്തരം മസ്സക്ക് സുഖമായി ജീവിക്കാനുള്ള ഒരു തുക മാസംതോറും നല്കാൻ ഏർപ്പാടു ചെയ്യുകയും, താമസിക്കാനായി നല്ലൊരു കൊട്ടാരം ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു.

ജനകീയഭരണാധികാരി

ഒരു വെള്ളിയാഴ്ചദിവസം! മദീനയിലെ പള്ളിയിൽ ആയിരക്കണക്കിനു് ആളുകൾ തടിച്ചുകൂടിയിരിക്കുകയാണു്. സത്യവിശ്വാസികളുടെ നേതാവായ ഉമറുബ്നുഖത്താബു് (റ) നെ കാത്തിരിക്കുകയാണവർ! ഖലീഫയാണു് നമസ്കാരത്തിനു നേതൃത്വം വഹിക്കേണ്ടതു്.

നിശ്ചിത സമയത്തിനുതന്നെ ഖലീഫ പള്ളിയിൽ ആഗതനായി പള്ളിയിൽകൂടിയിരുന്നവർക്കു് സലാം ചൊല്ലി. പ്രാരംഭപ്രാർത്ഥനകൾക്കുശേഷം ഖലീഫ ഖുത്ബ—നിബ്ധ്സ പ്രഭാഷണം—ആരംഭിച്ചു. അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ടും സത്യവിശ്വാസികൾക്കുണ്ടാവുന്ന നന്മകളെ വിവരിച്ചുകൊണ്ടും ആരംഭിച്ചു. ഘനഗംഭീരവും ആശയസമ്പന്നവുമായ ആ ശബ്ദതരംഗങ്ങൾ പള്ളിയിൽ മുഴങ്ങി. ഭക്തിബഹുമാനങ്ങളുടെതായ അഭംഗമായ നിശ്ശബ്ദത ശ്രോതാക്കളിൽ കളിയാടി. ഖലീഫ തുടരുകയാണു്

"സഹോദരങ്ങളെ! ശ്രദ്ധിക്കുക!"

പറഞ്ഞുതീർന്നേയുള്ള ഒരു യുവാവു് എഴുന്നേറ്റു നിന്നു. അയാൾ പറഞ്ഞു "ഇല്ല! ഞങ്ങൾ ശ്രദ്ധിക്കുന്നില്ല. ഒരു വിശദീകരണം ലഭിക്കുന്നതുവരെ ഞങ്ങൾ ശ്രദ്ധിക്കുകയില്ല"

അസാധാരണമായ ഈ ഇടപെടൽ കണ്ടു് സദസ്യർ അമ്പരന്നു. ആളുകൾ ആ ചോദ്യകർത്താവിനേയും ഖലീഫയേയും മാറി മാറി നോക്കി! വിശ്വവിജേതാവാ

യ ഖലീഫ ഉമറിനോടാണ് ഒരു സാധാരണക്കാരൻ വിശദീകരണമാവശ്യപ്പെട്ടന്നതു്. അവിടെ യാതൊരു പ്രത്യേകതയുമുണ്ടായില്ല. ഖലീഫ പറഞ്ഞു 'സഹോദരാ! വിശദീകരണമോ? എന്തിനാണ്! പറഞ്ഞോളൂ!'

ആ യുവാവു് പറഞ്ഞു. 'മുമ്പൊരിക്കൽ ബൈത്തുൽമാലിൽനിന്നു് — രാഷ്ട്ര ഖജാനയിൽനിന്നു് — ഓരോരുത്തക്കും കാരോ കഷ്ണം വീതം തുണികളാണു് ഭാഗിച്ചുകിട്ടിയതു്. ഖലീഫയ്ക്കും അതിലേറെ കിട്ടാൻ ന്യായമില്ല. പക്ഷെ അത്തരം തുണിയുടെ രണ്ടു് കഷണങ്ങളും ചേന്ന് കുപ്പായം ഞാൻ ഖലീഫ ധരിച്ചുകാണുന്നു. തന്റെ പരിധിയിലേറെ പൊയ്മുതൽ ഉപയോഗിക്കാൻ ഖലീഫക്കെന്തോണധികാരമെന്നു് ഞങ്ങൾക്കറിയണം!'

ശാന്തമായ നിശ്ശബ്ദതയാണു്. മന്ദഹാസംപൊഴിച്ചുകൊണ്ടു്, അക്ഷോഭ്യനായി ഖലീഫ മറുപടിപറയാൻ ഭാവിക്കുകയാണു്. അപ്പോഴേയ്ക്കും ഖലീഫയുടെ പുത്രൻ അബ്ദുല്ല(റ) എഴുന്നേറ്റുനിന്നു പറയുകയാണു്: 'സുഹൃത്തെ! താങ്കളുടെ അനുമാനം തെറ്റായിപ്പോയി. എന്റെ പിതാവു് അധികാരത്തിലേറെ ഒന്നുംചെയ്തിട്ടില്ല. ഒരുകഷ്ണം എനിക്കും ലഭിച്ചുവെന്നു നിങ്ങൾക്കറിയാമല്ലൊ? അതു ഞാനെന്റെ പിതാവിനു നല്കുകയാണുണ്ടായതു്.'

രംഗം തണുത്താറി. ഖലീഫ തുടർന്നു സദസ്യരോടായി ചോദിച്ചു 'സഖാക്കളെ! ഞാൻ സന്മാർഗ്ഗത്തിൽനിന്നു് കരിക്കൽ വ്യതിചലിച്ചുപോകുന്നുവെന്നു് കരുതുക! നിങ്ങളെന്തുചെയ്യും?'

പോടിച്ചുതീരുമ്പോഴേയ്ക്കും ഒരാൾ എഴുന്നേറ്റു നിന്നു തന്റെ വാൾ ഉറയിൽനിന്നൂരി ഉയർത്തിക്കൊണ്ട് അയാൾ പറയുകയാണ്. 'ഈ വാൾക്കൊണ്ട് ഞാൻ നിങ്ങളുടെ തല കൊയ്യുകളയും!....'

ഈ ധീരമായ ഉത്തരം ശ്രോദ്ധാക്കളെ സ്തംഭ്ധരാക്കി. ഉമറെന്നുകേട്ടാൽ രാജാക്കന്മാർപോലും വിറ കൊള്ളും! ഏതു ധീരനും ഉമറിന്റെ മുമ്പിൽ അശക്തനാണ്! ഇസ്ലാമികലോകത്തിന്റെ അധിപതിയാണ്! അങ്ങിനത്തെ ഉമറിനോടണിതു പറഞ്ഞതു്. ഉയർത്തിപ്പിടിച്ച വാൾ മിന്നിത്തിളങ്ങുന്നു. ഖലീഫ അത്യന്തം കോപത്തോടെന്നപോലെ ചോദിച്ചു.

'ഹേ! മനുഷ്യാ! നിങ്ങൾ ആരോടാണ് സംസാരിക്കുന്നതെന്നറിയാമോ?'

ഉത്തരത്തിന്നു താമസമില്ല. ധീരമായ മറുപടി 'അറിയാം! സത്യവിശ്വാസികളുടെ നേതാവായ ഖലീഫ ഉമർ (റ) വിനോടാണ് ഞാൻ പറഞ്ഞതു്!'

ഇനി എന്തുസംഭവിക്കുമെന്നു് എല്ലാവരും നോക്കിനിന്നു. ജനങ്ങൾ ജിജ്ഞാസപൂർവ്വം ഖലീഫയെ നോക്കി! അവർ കാണുന്നതെന്താണ്! ആ മുഖം കോപത്തിൽനിന്നു് തെളിഞ്ഞുവരുന്നു! ആ മുഖം മന്ദഹാസത്താൽ വിടരാൻ പോകുകയാണ്! പുഞ്ചിരി ആ മുഖത്തിന്നു് അലങ്കാരമായിത്തീർന്നു. ഖലീഫ ഭക്തിപുരസ്സരം രണ്ടുകരങ്ങളുമുയർത്തി പ്രാർത്ഥിച്ചു.

'അല്ലാഹുവേ! നീതിനിർവ്വഹണത്തിനു് ഖലീഫ ഉമറിന്റെ തലക്കുമേൽ വാൾകാണിച്ചുതരുവാൻ മടിക്കാത്തവർകൂടി ഇവിടെ ഉണ്ടെന്നറിഞ്ഞതിൽ ഞാൻ നിന്നെ അളവറ്റു് സ്തോത്രംചെയ്യുന്നു!'

സല്കർമ്മം കൊണ്ട് നേടിയ രക്ഷ.

പ്രവാചകപ്രഭുവായ മുഹമ്മദ് നബി (സ) അന്ത്യായികളോട് താഴെപറയും പ്രകാരമൊരു കഥ പറയുകയുണ്ടായി.

മൂന്നുപേർ ചേർന്ന് യാത്രചെയ്യുകയായിരുന്നു. പൂർവ്വപ്രാന്തങ്ങളിലൂടെയാണ് യാത്ര. വഴിമദ്ധ്യേ ഒരു ഭയങ്കരമായ കാറും മഴയും ഇടിമുഴക്കവും അവരെ ഭയവിഹ്വലരാക്കി. അവർ അഭയസ്ഥാനത്തിനായി നാലുംപാടും നോക്കി. ഒരു പർവ്വതത്തിന്റെ ചരുവിൽ ഒരു ഗുഹ അവരുടെ ദൃഷ്ടിയിൽ പതിഞ്ഞു. അവർ ഒരുവിധത്തിൽ ആ ഗുഹയിൽ കയറിപ്പറ്റി. ശക്തിയായ കാറ്റ് തുടർന്നുകൊണ്ടിരുന്നു. അധികം താമസിക്കുന്നതിനുമുമ്പ് ഒരു വലിയ കല്ല് മലമുകളിൽനിന്നും ഉരുണ്ടുവന്നു ഗുഹാമുഖത്തെ അടച്ചുകളഞ്ഞു. നമ്മുടെ യാത്രക്കാർ ഏതോ ശത്രുക്കൾ മനഃപൂർവ്വം ഗുഹാമുഖം അടച്ചതുപോലെ ആ വലിയ കല്ലിനുപിന്നിൽ ബന്ധനത്തിലായി. പെട്ടെന്നുണ്ടായ ഈ അത്ഭുതം കണ്ട് യാത്രക്കാർ അമ്പരന്നുപോയി. അല്പംകഴിഞ്ഞ് അവർ മൂവരും ചേർന്ന് സർവ്വശക്തിയുമുപയോഗിച്ച് കല്ല് മറിച്ചുകളയുവാൻ ശ്രമിച്ചുനോക്കി. വളരെ വലുപ്പവും ഭാരവുമുള്ള പ്രസ്തുത കല്ല് മാറ്റാൻ തങ്ങളെക്കൊണ്ടല്ല ഒരു

മുപ്പതുപേർ കൂടിയാൽതന്നെ സാദ്ധ്യമല്ലെന്നു് അവക്കു് ബോദ്ധ്യമായി. വിഷമാവസ്ഥയുടെ മൂർദ്ധന്യത്തിലെത്തിച്ചേർന്ന അവർ തങ്ങളുടെ രക്ഷാമാർഗ്ഗത്തെക്കുറിച്ചു് ആലോചിച്ചുതുടങ്ങി. ഈ ഭയങ്കരവിപത്തിൽനിന്നു് രക്ഷനേടുക അവക്കു് പ്രയാസമായിത്തീർന്നു. ഇരുളാർന്ന ആ ഗുഹയിൽ അവർ പട്ടിണികിടന്നു് മരിക്കേണ്ടിവരും. അല്ലാഹുവിന്റെ കരുണയല്ലാതെ അവക്കു് മറ്റൊന്നും ആലംബമില്ലെന്നു് ബോദ്ധ്യമായി. അവരിൽ ഒരാൾ പറഞ്ഞു. "സഹോദരന്മാരെ! നാം വമ്പിച്ചൊരു ആപത്തിലാണു് അകപ്പെട്ടുകഴിഞ്ഞതു്. സ്വന്തം കഴിവുകൊണ്ടോ, അന്യരുടെ സഹായംകൊണ്ടോ നമുക്കു് ഇതിൽനിന്നു് രക്ഷനേടുക സാദ്ധ്യമല്ല. ഈ ഇരുട്ടറയിൽനിന്നു് രക്ഷനേടാൻ അല്ലാഹുവല്ലാതെ നമുക്കു് സഹായിയില്ല. എനിക്കൊരഭിപ്രായമുണ്ടു്. നാം മൂന്നുപേരും നമ്മുടെ ജീവിതത്തിൽ അതിപ്രധാനമായി ചെയ്തിട്ടുള്ള സൽക്കർമ്മംവഴി അല്ലാഹുവിനോടു് രക്ഷതേടുക! അല്ലാഹു കരുണാനിധിയാണു്! അവൻ നമ്മെ രക്ഷിക്കും തീർച്ച." ആ അഭിപ്രായത്തോടു് മറ്റു രണ്ടുപേരും യോജിച്ചു. അവർ അങ്ങിനെ പ്രാർത്ഥിക്കാനായി തങ്ങളുടെ ജീവിതത്തിൽ അതിപ്രധാനമായി ചെയ്തിട്ടുള്ള പുണ്യകർമ്മങ്ങളെപ്പറ്റി ചിന്തിച്ചുതുടങ്ങി.

ഒരാൾ ഇങ്ങിനെപ്രാർത്ഥിച്ചു "കരുണാനിധിയായ അല്ലാഹുവേ! എന്റെ മാതാപിതാക്കൾ വൃദ്ധരും അനാരോഗ്യരുമാണു്. കൃഷിയും ആട്ടിൻപറ്റവും ഒട്ടകങ്ങളേയും

വളത്തലുമായിരുന്നു തൊഴിൽ. പശുക്കളേയും വളത്തി യിരുന്നു. രാവിലേയും വൈകുന്നേരവും അവകളെ കറ ന്നു് ഞങ്ങൾകഴിച്ചിരുന്നു. പാൽ ആദ്യമായി എന്റെ മാതാപിതാക്കൾക്കു് കൊടുത്തു് ശേഷിക്കുന്നതു് മാത്രമാ ണു് ഞാനും ഭാര്യാസന്താനങ്ങളും കഴിച്ചിരുന്നതു്. ഒരു ദിവസം ഞാൻ പതിവുപോലെ പാൽപാത്രവുമായി മാ താപിതാക്കളെ സമീപിച്ചു അവർ സുഖമായി ഉറങ്ങുക യായിരുന്നു. അവരുടെ സുഖനിദ്രക്കു് ഭംഗം വരുത്തു ന്നതു് നല്ലതല്ലെന്നു് എനിക്കുതോന്നി. ഞാൻ പാലു മായി അവർ ഉണരുന്നതുവരെ കാത്തുനിന്നു. ഈ നേര മെല്ലാം എന്റെ ഭാര്യയും കുഞ്ഞുങ്ങളും പൈതാഹത്താ ൽ വിരളുകയായിരുന്നു. ഞാൻ അവരെപ്പറ്റി ചിന്തി ച്ചതേയില്ല. അസാധാരണമായി അന്നു് നേരംപുലർന്ന തിനുശേഷമാണു് എന്റെ മാതാപിതാക്കൾ ഉണർന്ന തു്. ഉണരുന്നതുവരെ പാലുമായി ഞാനും കാത്തുനിന്നു. അവർ ഉണർന്നശേഷം പാൽ അവർക്കു കൊടുക്കുകയും അ വർ കഴിച്ചു് ബാക്കിയുള്ളതു് ഞാനും ഭാര്യയും കുട്ടികളും കൂടിക്കുകയും ചെയ്തു. സർവ്വശക്താ! നീ ദയാലുമാണു്. നിന്റെ പ്രീതിക്കായിട്ടാണു് ഞാൻ മാതാപിതാക്കളെ ഇത്രകണ്ടു സ്നേഹിക്കുന്നതു്. ഇതൊരു പരിശുദ്ധമായ സ ല്ലക്ഷ്മമായി നീ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഈ ആപത്തി ൽനിന്നു് ഞങ്ങളെ രക്ഷിക്കേണമേ!'

ഇത്രയുമായപ്പോൾ ഗ്രഹാമുഖംഅടച്ചിരുന്ന ആ വ ലിയ കല്ലു് അല്പംകുനുചലിച്ചു. ഒരുവശത്തു് ഒരു ചെറി യ പഴുതുണ്ടായി. അവർക്കു് പുറത്തുകടക്കുവാൻകഴിഞ്ഞി

ല്ലെങ്കിലും പ്രകാശം ലഭിച്ചു. രണ്ടാമൻ താഴെ പറയും പ്രകാരം പ്രാർത്ഥിച്ചു.

'കരുണാനിധിയായ അല്ലാഹുവേ! ഞാൻ എന്റെ പിതൃസഹോദരന്റെ പുത്രിയെ അങ്ങേ അറ്റം കാമിച്ചിരുന്നു. അവളെ വശത്താക്കുവാൻ ഞാൻ എന്നാലാവുന്നതൊക്കെയും ചെയ്തു. എന്റെ ആഗ്രഹം സാധിച്ചുകിട്ടാൻ നൂറ് ദിർഹം കിട്ടേണമെന്നു് അവൾ ശഠിച്ചു. വളരെ പണിപ്പെട്ട് ഞാൻ പ്രസ്തുത തുക ഉണ്ടാക്കി അവൾക്കു് കാഴ്ചവെച്ചു. ഞാനും അവളുമായി ഇനി എന്തുമാകാമെന്നു് ഞാൻ ഉറച്ചു. എന്റെ ക്ഷമ നശിച്ചുതുടങ്ങി. ഞാൻ ആഗ്രഹനിവൃത്തിക്കായി അവളെ സമീപിച്ചു. അവളെ ചുംബിക്കാനായി മുതിർന്നു. അവൾ സ്നേഹപൂർവ്വം എന്നെ സ്വീകരിച്ചിരുത്തി. എന്റെ വികാരാവേശം കണ്ടു് ശാന്ത സ്വരത്തിൽ അവൾ പറഞ്ഞു 'അല്ലയോ സഹോദരാ! നിങ്ങൾ എന്തൊരു കൃത്യത്തിന്നാണു്? എന്നെ പ്രേരിപ്പിക്കുന്നതു ക്ഷണികമായുള്ള ജീവിതത്തിന്റെ ലൈംഗികാസക്തിക്കായി എത്രയോ വലിയ പാപമാണു് നിങ്ങൾ ചെയ്യാൻ പോകുന്നതു്? അല്ലാഹുവിന്റെ ശിക്ഷയെക്കുറിച്ചു് നിങ്ങൾ ഭയപ്പെടുന്നില്ലേ?' വികാരവിഭ്രാന്തനായിരുന്ന എന്റെ സപ്തനാഡികളും തളർന്നുപോയി. കൊടുത്ത സംഖ്യ അവൾക്കു് സന്തോഷപൂർവ്വം ഉപേക്ഷിച്ചുകൊണ്ടു് ഞാൻ ഇറങ്ങിപോന്നു. രക്ഷിതാവെ! നിന്റെ ശിക്ഷയെ ഭയന്നുമാത്രമാണു് ഞാൻ ആ രംഗത്തിൽനിന്നു് പിന്തി

രിഞ്ഞതു്. ഇതൊരു അംഗീകരിക്കപ്പെട്ട സത്കർമ്മമാണെങ്കിൽ ഈ ആപത്തിൽനിന്നു് ഞങ്ങളെ രക്ഷിക്കുക.”

അദ്ദേഹത്തിന്റെ പ്രാർത്ഥന കഴിഞ്ഞപ്പോൾ കല്ലു് ഗുഹാമുഖത്തുനിന്നു് കുറച്ചുകൂടി നീങ്ങി. അല്പവുംകൂടി നീങ്ങിയാൽ അവർക്കു് പുറത്തു പോരാമെന്നായി. അപ്പോൾ മൂന്നാമൻ പ്രാർത്ഥിച്ചു

“കരുണാനിധിയായ അല്ലാഹുവേ! ഞാൻ ഒരിക്കൽ അങ്ങാടിയിൽനിന്നും കുറച്ചു് സാമാനങ്ങളും വാങ്ങി ഒരു കൂലിക്കാരനെക്കൊണ്ടെടുപ്പിച്ചു് വീട്ടിൽ കൊണ്ടുവന്നു. അയാൾക്കു് കുറച്ചു് ഗോതമ്പാണു് കൂലി നിശ്ചയിച്ചിരുന്നതു്. സാമാനങ്ങളും വീട്ടിൽ കൊണ്ടുവന്നുകഴിഞ്ഞപ്പോൾ കൂലിക്കാരനു് നിശ്ചയിച്ച കൂലി അളന്നുകൊടുത്തു. കൂലിക്കാരൻ ആ ഗോതമ്പു് കൊണ്ടുപോകാതിരിക്കുകയാണു് ചെയ്തതു്. ഞാൻ ഗോതമ്പെടുത്തു് എന്റെവക ഭൂമിയിൽ വിതച്ചു. ആ വിതച്ചുവ നന്നാകുവാനായി ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. അതുകൊണ്ടു് ധാരാളം വിളവുണ്ടായി. ആ വിളവിൽനിന്നു് ഞാൻ കൃഷിക്കുള്ള ഉപകരണങ്ങളും ആടുമാടുകളെയും വാങ്ങി. കുറച്ചു് കൊല്ലങ്ങൾക്കുശേഷം ആ കൂലിക്കാരൻ വന്നു് അയാളുടെ പഴയ കൂലി ആവശ്യപ്പെട്ടു. ഞാൻ അയാളെ സന്തോഷപൂർവ്വം സ്വീകരിച്ചുകൊണ്ടു് പറഞ്ഞു: “സഹോദരാ! ഈ കാണുന്ന ആട്ടിൻകൂട്ടങ്ങളും, പശുക്കളും, ആ കാണുന്ന കൃഷിസ്ഥലത്തു് വിളഞ്ഞുനില്ക്കുന്ന കൃഷിയും, മറ്റു ഉപകരണങ്ങളും എല്ലാം നിങ്ങളുടെ കൂലിയാണു്. അവയെല്ലാം സ്വീകരിച്ചുകൊള്ളുക!”

ആ കൂലിക്കാരൻ പറഞ്ഞു: "അങ്ങനെന്തിനാണ് ഈ എളിയവനെ പരിഹസിക്കുന്നത്? ഇതൊന്നും വലിയ കൂലിയല്ലല്ലോ ഞാൻ ചോദിച്ചതു്. എനിക്കു് പണ്ടു് തന്ന കൂലിച്ചു് സേർ ഗോതമ്പുമാത്രമാണു് ഞാൻ ആവശ്യപ്പെട്ടതു്."

ഞാൻ പറഞ്ഞു: "സ്നേഹിതാ! ഞാൻ നിങ്ങളെ പരിഹസിച്ചതല്ല. താങ്കൾക്കന്നു് ഞാൻ അളന്നതന്ന ഗോതമ്പുകൊണ്ടു് കൃഷി ചെയ്തു് സമ്പാദിച്ചതാണു് ഞാൻ കാണിച്ചതന്നവയെല്ലാം. നിങ്ങൾതന്നെയാണു് അതിന്റെ യഥാർത്ഥ അവകാശി. നിങ്ങൾ സ്വീകരിച്ചുകൊൾളുക."

അല്ലാഹുവെ! ഞാൻ നിന്റെ തൃപ്തിയെ ലാക്കാക്കി മാത്രമാണു് അന്നങ്ങിനെ ചെയ്തതു്. അതു് അംഗീകരിച്ചിട്ടുള്ള ഒരു സൽക്കർമ്മമാണെങ്കിൽ ഈ ആപത്തിൽനിന്നു് ഞങ്ങളെ രക്ഷിച്ചാലും....."

അപ്പോഴേക്കും ആ കല്ലു് അല്പവുംകൂടി നീങ്ങി. അവർക്കു് പ്രയാസംകൂടാതെ പുറത്തുപോരാമെന്നായി. അവർ അല്ലാഹുവിനെ സ്തുതിച്ചുകൊണ്ടു് പുറത്തുകടന്നു. ആനന്ദാശ്രു പൊഴിച്ചുകൊണ്ടു് അവർ സഗൃഹങ്ങളിലേക്കു് പോയി.

ഒരു പഴത്തിന്റെ പേരിൽ.

അബൂസാലിഹ് (റ) ഒരു നദീതീരത്തുകൂടി നടക്കുകയായിരുന്നു. അദ്ദേഹം വ്രതം തുടങ്ങിയിട്ട് അന്നേക്കു മൂന്നു ദിവസമായിരിക്കുകയാണ്. നദിയുടെ കരഭാഗത്തുകൂടി ഒഴുകിവന്നിരുന്ന ഒരു മാതളപ്പഴം അദ്ദേഹത്തിന്റെ ശ്രദ്ധയിൽ പതിയുകയും, വിശപ്പിന്റെ കാഠിന്യത്താൽ അബൂസാലിഹ് (റ) അതെടുത്തുഭക്ഷിക്കുകയും ചെയ്തു. അന്യരുടേതായ സാധനങ്ങൾ അനുമതിക്കുടാതെ ആഹരിക്കുന്നതു് അനുവദനീയമല്ലെന്നു് ഭക്ഷിച്ചുകഴിഞ്ഞതിനുശേഷമാണ് അദ്ദേഹത്തിനോർമ്മവന്നതു്. പഴത്തിന്റെ ഉടമസ്ഥനെക്കണ്ടു് സമ്മതിപ്പിക്കേണമെന്നുകരുതി നദി ഒഴുകിവരുന്ന സ്ഥലത്തെ ലക്ഷ്യമാക്കിനടന്നുതുടങ്ങി. അബൂസാലിഹ് (റ) കുറെയേറെ നടന്നുകഴിഞ്ഞപ്പോൾ അതിവമനോഹരമായ ഒരു തോട്ടം നദീതീരത്തു് സ്ഥിതിചെയ്യുന്നതു് കാണാറായി. അതിന്റെ മദ്ധ്യത്തിലായി ഉയർന്ന ഒരു മാളികയും സ്ഥിതിചെയ്യുന്നു. തോട്ടത്തിലെ ഫലവൃക്ഷങ്ങളുടെ ശാഖകൾ നദീജലത്തിൽ തൊട്ടുകിടക്കുന്നതും അക്കൂട്ടത്തിൽ മാതളവൃക്ഷവും കണ്ടപ്പോൾ താൻ ഭക്ഷിച്ചുപോയ പഴം ആ തോട്ടത്തിൽനിന്നു വീണതാണെന്നു്

അബൂസാലിഹ് (റ) മനസ്സിലാക്കി. "തോട്ടത്തിന്റെ ഉടമസ്ഥനെപ്പറ്റി അന്വേഷിച്ചതിൽ ആ ഭവനത്തിൽ താമസിക്കുന്ന ഭക്തന്റെതാണ് അതെന്ന് മനസ്സിലായി. സെയ്യിദ് അബ്ദുല്ലാഹിസ്സാമിയ്യി (റ) എന്നാണ് ആ ഭക്തന്റെ പേർ.

അബൂസാലിഹ് (റ) ആ ഭവനത്തിലേക്ക് ചെന്നു. ഗൃഹനാഥനെകണ്ട് ഇങ്ങിനെ ഉണർത്തിച്ചു 'നദീജലത്തിലൂടെ ഒഴുകിവന്ന ഒരു മാതളപ്പഴം ഞാൻ ഭക്ഷിച്ചുപോയി. അങ്ങയുടെ തോട്ടത്തിൽനിന്നും വീണും ഒഴുകിവന്നതാണതെന്നു മനസ്സിലായി. എന്റെ ഈ പ്രവൃത്തിയെ അങ്ങ് മാപ്പ്ചെയ്തരണം.' ഇപ്രകാരം അപേക്ഷിക്കുന്ന മാന്യൻ ഒരു സന്മാർഗ്ഗിയായിരിക്കുമെന്ന് അബ്ദുല്ലാഹിസ്സാമിയ്യി (റ) മനസ്സിലാക്കി. പരീക്ഷണത്തിന്നായി അദ്ദേഹം ഇങ്ങിനെ പറഞ്ഞു 'അല്ലയോ അബൂസാലിഹ്! നിങ്ങൾ ചെയ്തതു് വളരെതെറ്റായ ഒരു സംഗതിയാണ്. അന്യരുടേതു് അനുവാദംകൂടാതെ ഭക്ഷിക്കുക മഹാപാപമല്ലെ? ഇതിന്നുപരിഹാരമെന്നോണം നിങ്ങൾ പന്ത്രണ്ട് വർഷം എന്റെ ഭൃത്യനായി കഴിഞ്ഞുകൊള്ളണം! അതിന്നുശേഷം മാപ്പിനെപ്പറ്റി ആലോചിക്കാം.'

ഒറ്റനോട്ടത്തിൽ ആരും അത്രവലുതായിക്കാണാത്ത ഈ കുറ്റത്തിന്നു ഇത്ര ദീർഘകാലത്തെ ഭൃത്യവേലപ്രായശ്ചിത്തമായി നിശ്ചയിച്ചതു് വളരെ അത്ഭുതകരമായിത്തോന്നിഎങ്കിലും അബൂസാലിഹ് (റ) അതുസ്വീക

രിച്ചു. ഭർത്തൃനായി ജീവിച്ചുവരവെ സൈനബിയ്യി (റ) പ
ലവിധത്തിലും അദ്ദേഹത്തെ പരീക്ഷിച്ചുകൊണ്ടിരുന്നു.

പന്ത്രണ്ട് വർഷം കഴിഞ്ഞപ്പോൾ അബൂസലിഹി (റ) നോട് അബ്ദുല്ലാഹിസൈനബിയ്യി (റ) ഇങ്ങിനെ പറഞ്ഞു.

'നിങ്ങൾ ഒരു സംഗതികൂടി അനുസരിച്ചാൽ നിങ്ങളുടെ തെറ്റ് ഞാൻ പരിപൂർണ്ണമായും പൊറുത്തുതരുന്നതാണ്. എനിക്കൊരുമകളുണ്ട് അവർ കണ്ണുകാണാത്തവരും, കേൾവി ഇല്ലാത്തവരും, സംസാരിക്കാൻ കഴിയാത്തവരുമാണ്. ഇക്കാരണങ്ങളാൽ അവൾക്കൊരു ഭർത്താവിനെ ലഭിക്കുവാനും വിഷമമാണ്. നിങ്ങൾ അവരെ വിവാഹം ചെയ്ത് രണ്ടുവർഷംകൂടി ഇവിടെ താമസിക്കണം. അതിനുശേഷം നിങ്ങൾ ഇഷ്ടമുള്ള സ്ഥലത്തേക്ക് പോയ്ക്കൊള്ളുക!'

ഈ ആവശ്യം വളരെ വിഷമമുള്ളതായി അബൂസാലിഹി (റ) നു തോന്നി. അവിവാഹിതനും ചെറുപ്പക്കാരനുമായ താൻ ആദ്യമായി വേളികഴിക്കുന്നതു് അന്ധയും ബധിരയും ഊമയുമായ ഒരു സ്ത്രീയെയായാൽ അതുവളരെ വിഷമകരവും അസഹനീയവുമല്ലെ? എന്നിട്ടും മതനിയമങ്ങൾ പരിപൂർണ്ണമായി പാലിക്കുന്ന ആ മഹാൻ വിവാഹത്തിനു സമ്മതിച്ചു. വിവാഹാനന്തരം അബൂസാലിഹ് (റ) തന്റെ വധുവായി അതീവ സുന്ദരിയും, സൌമ്യവതിയുമായ ഒരു വനിതാമണിയെയാണ് കണ്ടെത്തിയതു്. അതെന്തോതെറ്റ് സം

ഭവിച്ചതായിരിക്കുമെന്നു് കരുതി അബൂസാലിഹ് (റ) അബ്ദുല്ലാഹിസെമീയ്യി (റ) നെ സമീപിച്ചു് വിവരം പറഞ്ഞു. അദ്ദേഹം പറഞ്ഞു!

'സത്യസന്ധനും സന്മാർഗ്ഗിയുമായ അബൂസാലിഹ്! നിങ്ങളുടെ ഭാവി അല്ലാഹു ശോഭനമാക്കിത്തരട്ടെ! ഞാൻ നിങ്ങളെ ഇക്കാലമത്രയും പഠിക്കുകയായിരുന്നു. നിങ്ങൾക്കുണ്ടായ സ്ത്രീ—അതെന്റെ മകൾ ഫാത്തിമ—യെത്തന്നെയാണു് ഞാൻ നിങ്ങൾക്കു് നിക്കാഹ് ചെയ്തുതന്നതു്. ഞാൻ എണ്ണിപ്പറഞ്ഞ എല്ലാ ദോഷങ്ങളും അവൾക്കുണ്ടു്. അന്യപുരുഷന്മാരെ സംബന്ധിച്ചേടത്തോളം അവളുടെ കണ്ണുകൾ കാഴ്ചയില്ലാത്തതാണു്. മതവിരുദ്ധമായവയെ കേൾക്കുന്ന കാര്യത്തിൽ അവൾ ബധിരയാണു്. അനാവശ്യമായവ സംസാരിക്കുന്നതിൽ അവൾ ഊമയുമാണു്. അവൾക്കുള്ളതായ വരനായി ലഭിച്ചതു് നിങ്ങളെയാണു്'

താൻ ദോഷമായി വിചാരിച്ചിരുന്നവ ഇത്രയും മഹത്തായഗുണങ്ങളായി പരിണമിച്ചതിൽ അബൂസാലിഹ് (റ) അതിരറ്റു് അല്ലാഹുവിനെ സ്തുതിച്ചു.

ഈ ദമ്പതിമാരുടെ ഓമനപുത്രനാണു് മഹാനും സുപ്രസിദ്ധനുമായ ശൈഖ് അബ്ദുൽഖാദിർ ജീലാനീ (റ).

ഒരു സാധാരണ ഭക്തൻ.

ഹസ്രത്തു് ഫത്തു്ഹുൽമുസല്ലി (റ) ഹജ്ജിനായി യാത്രചെയ്യുകയാണു്. തനിച്ചായിരുന്നു സഞ്ചരിച്ചിരുന്നതു്. കുറെ അധികം നടന്നുകഴിഞ്ഞപ്പോൾ ഒരു ബാലൻ വഴിയിൽകൂടി സഞ്ചരിക്കുന്നതുകണ്ടു. തനിച്ചു് യാത്രചെയ്യാനുള്ള പ്രായം ആയിട്ടില്ലായിരുന്നു. വളരെ അധികം നടന്നു ക്ഷീണിച്ച ലക്ഷണമുണ്ടെങ്കിലും മുഖത്തു് പ്രസന്നതയും പുറപുറക്കും കാണപ്പെട്ടു. തൊപ്പിയൊ തലപ്പാവൊ ഇല്ല. കാലിൽ ചെരുപ്പുമില്ല. കൂട്ടിയെക്കണ്ടു് സന്തോഷഭരിതനായ മുസല്ലി (റ) കൂട്ടിയോടു് ചോദിച്ചു.

'പ്രിയ ബാലാ! എങ്ങോട്ടാണു് നീ പോകുന്നതു്?'

ബാലൻ:— 'എല്ലാ ജീവികളേയും എന്നെയും സംരക്ഷിച്ചുപോരുന്ന ഒരു മഹാനുണ്ടു്. ആ മഹാനു് ഈ ഭൂമിയിൽ ഒരു വീടുള്ളതായി ഞാൻ വളരെ നാളായി കേൾക്കുന്നു. ആ വസതി കാണാനാണു് ഞാൻ പോകുന്നതു്.'

മുസല്ലി (റ) 'അവിടെയ്ക്കു് ഇനിയും വളരെ വഴിഉണ്ടല്ലൊ? വിശപ്പിന്നായി നീ ഒന്നും കരുതിയതായി കാണുന്നില്ലല്ലൊ?'

ബാലൻ:— 'ഭക്ഷണത്തെപ്പറ്റിയൊ? പുറപ്പെട്ടപ്പോൾ എനിക്കതു് ഓർമ്മയില്ലായിരുന്നു. ഇതേവരെ

വിശപ്പതോന്നിയതുമില്ല. ഇപ്പോഴും എനിക്കു വിശക്കുന്നില്ല. ഇതുവരെയും എനിക്കു് വിശക്കുമ്പോൾ ഭക്ഷണം തന്നുകൊണ്ടിരുന്ന അല്ലാഹു ഇനി വിശക്കുമ്പോഴും തന്നുകൊള്ളും.'

മുസല്ലി (റ):— 'ഇതുപോലെ നടന്നാൽ എപ്പോഴാണു് നീ അവിടെ എത്തിച്ചേരുക?'

ബാലൻ:— 'എപ്പോൾ എത്തുമെന്നു് അല്ലാഹുവിന്നറിയാം. യാത്രചെയ്യേണ്ടതു് എന്റെ ചുമതലയാണു്. അവിടെ എത്തിക്കേണ്ട ചുമതല അല്ലാഹുവിന്റെയും.''

ഇങ്ങനെവൃദ്ധനായ ഈ അസാധാരണ ബാലന്റെ ഇത്തരം ഉത്തരങ്ങൾകേട്ടും, ആ ബാലന്റെ മുഖത്തു് കാണുന്ന ഭക്തിനിർഭരമായ സൌന്ദര്യംകണ്ടും മുസല്ലി (റ) ആലോചനാനിമഗ്നനായി നടന്നു. കുറച്ചുകഴിഞ്ഞു നോക്കിയപ്പോൾ ആ ബാലനെ കണ്ടതുമില്ല. ബാലനെ പിന്നീടു് കണ്ടതും തുടർന്നുണ്ടായ സംഭവങ്ങളും മുസല്ലി (റ) ഇങ്ങിനെ പ്രസ്താവിക്കുന്നു.

'ഹജ്ജു് കഴിഞ്ഞതിന്നുശേഷം മീനായിൽവെച്ചാണു് ആ കുട്ടിയെ ഞാൻ പിന്നീടു് കണ്ടതു്. അവിടെ ഹജ്ജു് കഴിഞ്ഞ ഹാജിമാരെല്ലാം യാഗം കഴിച്ചുകൊണ്ടിരിക്കുകയാണു്. നമ്മുടെ ബാലൻ നന്മുഖമായി അശ്രുകണങ്ങളും വാർത്തുവിവശനായിനില്ക്കുന്നുണ്ടു്. ബാലൻ വളരെ വിനീതനായി അടുത്തുനില്ക്കുന്നവർക്കെല്ലാം കേൾക്കത്തക്കവിധം ഭക്തിപരവശനായി ഇങ്ങിനെ പറഞ്ഞു.

"കരുണാനിധിയായ അല്ലാഹുവേ! എല്ലാ മാജ്മാരും യാഗം ചെയ്യുന്നു. ദാനങ്ങൾ നല്കുന്നു. അല്ലാഹുവിന്റെ പ്രീതി സമ്പാദിക്കുന്നു. ഞാനാകട്ടെ ദാരിദ്ര്യനിക്കുന്നു, അശുവാക്കുന്നു. എനിക്കു കഴിവില്ല; ശക്തിയില്ല, അതെല്ലാം അല്ലാഹുവിന്നറിയാം. അല്ലാഹുവിന്നപ്പിക്കാനായി എന്റെ പക്കൽ എന്റെ ജീവൻ മാത്രമാണുള്ളതു്. എന്റെ ജീവനെ ഞാൻ ഇതാ അല്ലാഹുവിന്നപ്പിക്കുന്നു" എന്നുപറഞ്ഞുകൊണ്ടു് തന്റെ ചെറുവിരലുകളിലൊന്നു് ആ ഓമനക്കഴുത്തിൽ വെച്ചു. ഉടനെ ആ ഓമനബാലന്റെ ആത്മാവു് ശരീരത്തിൽ നിന്നു് പറന്നുപോകുകയും ചെയ്തു.

ഇതെല്ലാം കണ്ടുനിന്ന രാജിമാർ അത്ഭുതസ്തംഭ്രുരായിപ്പോയി. അവർ ആ ബാലന്റെ മൃതശരീരം എടുത്തു് കളിപ്പിച്ചു് മയ്യിത്തു് നമസ്കാരവും മറവും നിവ്വഹിച്ചു. മയ്യിത്തു് നമസ്കാരം അവസാനിക്കാറായപ്പോൾ മയ്യിത്തു് സ്വതവേ ആകാശഭാഗത്തേക്കു് ഉയർന്നുയർന്നു് പോകുന്നതു് എല്ലാവരും കണ്ടു. എല്ലാവരും അത്ഭുതപ്പെട്ടു അല്ലാഹുവിനെ സ്തുതിച്ചു.

3850

സമാപ്തം.